Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯
പേജ് ൧

കൊല്ലം ൧൯൪൫ ജനുവരി ൨൯-ാം
൧൧൨൦ മകരം ൧൬-ാംനു തിങ്കളാഴ്ച

ലക്കം ൧൮
ഒററപ്രതി ൨ അണ.

# ബർമ്മായ്ക്കുവേണ്ടിയുള്ള വാദം

(മലയാളരാജ്യത്തിനു പ്രത്യേകം)

ബ്രിട്ടീഷ് ഡോമിനിയൻ പദവി എന്നറിയപ്പെടുന്ന ഭരണസമ്പ്രദായം രക്തത്തിലും, സംസ്കാരത്തിലും, മതത്തിലും ബ്രിട്ടീഷ് ദ്വീപവാസികളോട് തുല്യതയുള്ള ജനവർഗ്ഗങ്ങൾക്ക് പററിയതാണെങ്കിലും, അവരിൽനിന്നു ഭിന്നമായ ഗോത്രത്തിൽ പെട്ടവൾക്ക് അതു തീരെ അഭിമാനകരമല്ല. എന്തെന്നാൽ അതിൽ ആധിപത്യം അന്തർഭവിക്കുന്നു. സമന്മാർ എന്ന നിലയിൽ ബ്രിട്ടനിലെ ജനങ്ങളുമായി സൗഹാർദ്ദം സ്ഥാപിക്കാൻ ബർമ്മാക്കാർ ഒരുക്കമാണെങ്കിലും, അടിമകൾ എന്ന നിലയിൽ മേലാൽ അങ്ങിനെയൊരു ബന്ധം സാധിക്കുന്നതല്ല.

ചൈനാക്കാരോടെന്നപോലെ തന്നെ ബ്രിട്ടീഷുകാരുമായും ഞങ്ങൾക്കു എന്നെന്നും മൈത്രിയിൽ കഴിഞ്ഞുകൂടിയാൽ കൊള്ളാമെന്നുണ്ട്. അഥവാ സർ, ഡോർമൻ സ്മിത്ത് പറയുംപോലെയുള്ള ആ മൈത്രീശൃംഖലയിലെങ്കിലും ഉൾപ്പെട്ടിരുന്നാൽ കൊള്ളാമെന്ന് ഞങ്ങൾ വിചാരിക്കുന്നു. അതിൽ അപമാനകരമായ വ്യവസ്ഥകൾ ഉണ്ടായിരിക്കരുതെന്നേ ഉള്ളൂ.

രണ്ട് സ്വാതന്ത്ര്യജനതകൾ തമ്മിലെന്നപോലെ ഇരുകൂട്ടരുടെയും രാജധാനികളിൽ അംബാസഡന്മാർ വേണമെന്നു ഞങ്ങൾ വിചാരിക്കുന്നു. ഖലന്മാരെന്നും, അധികാരഭ്രാന്തന്മാരെന്നും കരുതപ്പെടുന്ന ജപ്പാൻകാർപോലും ബർമ്മായിൽ ഒരു റസിഡൻറിനെയല്ല ഏൎപ്പെടുത്തിയതു്. അവർ ഒരു സ്ഥാനപതിയെത്തന്നെ നിയമിക്കയും, അങ്ങനെ വെറും വ്യവഹാരത്തിലെങ്കിലും ഞങ്ങൾ അവരുടെ സമന്മാരാണെന്ന് തോന്നിക്കയും ചെയ്തു. അമേരിക്കയോടും റഷ്യയോടും ചേൎന്നു കൂടുതൽ നീതിപൂർവ്വകവും, സ്വാഭാവികവുമായ ഒരു വ്യവസ്ഥിതിയെ അടിസ്ഥാനപ്പെടുത്തിയുള്ള ലോകസമാധാനത്തിനുവേണ്ടി ശ്രമിക്കുന്ന കൂടുതൽ സംസ്കാരസമ്പന്നരായ ബ്രിട്ടീഷുകാരിൽനിന്നു ഞങ്ങൾ അതിലേറെ ധാരണയും, പരിഗണനയും ആശിക്കുന്നു.

ബർമ്മായിലെ സമൃദ്ധമായ പ്രകൃതിവിഭവങ്ങളുടെ മേലുള്ള തങ്ങളുടെ സ്വായത്താവകാശങ്ങൾ അനുഭവിക്കാൻ ബർമ്മാക്കാർ ആഗ്രഹിക്കുന്നു. ആ അവകാശങ്ങളില്ലാത്ത സ്വാതന്ത്ര്യം വെറും മുട്ടത്തോടുപോലെ അന്തസ്സാരശൂന്യമായിരിക്കും. മുട്ടയുടെ അന്തസ്സാരമാകട്ടെ അന്യർ മതിവരുവോളം ആസ്വദിച്ചെന്നുവരാം. ഇനിയിപ്പോൾ ബർമ്മായുടെ മുല കുടിക്കേണ്ടതു് പാവപ്പെട്ട ബർമ്മാക്കാരൻ തന്നെയാണ്. അന്യരുടെ കുത്തകകളാലും, അന്യരുടെ മൂലധനത്താലും പുറംതള്ളപ്പെടാതെ വ്യാപാരവാണിജ്യാദികളിൽ പ്രവർത്തിക്കാനുള്ള അവകാശത്തിനുവേണ്ടി ബർമ്മാക്കാർ വാദിക്കുന്നു. ജാപ്പനീസ് കറൻസി നിൎത്തൽ ചെയ്തതുമൂലം ബർമ്മീസ് മൂലധനംതന്നെ നശിക്കയും, തന്നിമിത്തം ബ്രിട്ടൻെറ ഏററവും വലിയ മിത്രങ്ങൾപോലും ബ്രിട്ടീഷ് നയത്തെ വെറുക്കാനിടയാകയും ചെയ്തു.

രാജ്യത്തിലെ ഭക്ഷ്യസമ്പാദകന്മാർ പ്രസ്തുത നടപടിമൂലം ഒററ പൈസപോലും ഇല്ലാത്തവരായിത്തീൎന്നു. അവരുടെ എല്ലു വെള്ളമാക്കി സമ്പാദിച്ച ജാപ്പനീസ് നാണയം നിഷ്പ്രയോജനമായി കലാശിച്ചു. ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ ഉദ്യോഗം വഹിച്ചിരുന്ന ചിലൎക്കു മാത്രം വലിയ തകരാറു സംഭവിച്ചില്ല. എന്തെന്നാൽ അവരുടെ കുടിശ്ശിഖ ശമ്പളത്തിൽഒരംശം ബ്രിട്ടീഷ് ഗവൎമ്മെൻറു കൊടുത്തു. എല്ലാ സാധനങ്ങൾക്കും വൻപിച്ചതോതിൽ വില കൂടിയതിനാൽ കർഷകൎക്കു നൽകിയ ആശ്വാസം തീരെ മതിയാകുമായിരുന്നില്ല.

ഇതിൻെറയൊക്കെ ഫലം യുവാക്കന്മാരും, മററ് ആശകൾ കൈവിട്ടവരും മോഷണവും കൊള്ളയും ആദായകരമായ തൊഴിലായി സ്വീകരിച്ചു എന്നുള്ളതാണ്. മതവും, സന്മാർഗ്ഗവും തകൎന്നു. ഇതിനെപ്പററി ഇനിയൊരു ഖണ്ഡികയിൽ വിവരിക്കാമെന്ന് വിചാരിക്കുന്നു.

വിദേശികളുടെ കമ്പനികൾ ബർമ്മായുടെ പ്രകൃതിവിഭവങ്ങളേയോ, ജലം, കര, വിമാനം ഇവമാർഗ്ഗമായുള്ള ട്രാൻസ്പോർട്ട വൈദ്യുതീകരണം, ജലവിതരണം മുതലായവയേയോ പ്രവർത്തിപ്പിക്കണമെന്ന് വിചാരിക്കുന്നെങ്കിൽ അവയിൽ, ഒരു നല്ലഭാഗം ഓഹരി ബർമ്മാഗവൎമ്മെണ്ടിനും ജനങ്ങൾക്കും വിട്ടുകൊടുക്കേണ്ടതാണെന്നു ഞങ്ങൾക്കു വിചാരമുണ്ട്.

ജപ്പാനുമായി യുദ്ധംതുടങ്ങുന്നതിനു വളരെ മുൻപുതന്നെ ചൈനീസ് ഗവൎമ്മെണ്ടു അവിടത്തെ വിദേശിക്കമ്പനികളുടെമേലെല്ലാം മേൽപ്രകാരം ഒരു നിയമം നടപ്പിലാക്കി. ഈ തത്വം ജപ്പാൻകാർതന്നെ സമ്മതിക്കയും ചെയ്തു. കൽക്കരി, പെട്രോളിയം, ഇരുമ്പ്, വനങ്ങൾ, നദികൾ, തടാകങ്ങൾ, കാർഷികഭൂമികൾ എന്നിവയെല്ലാം സ്റ്റേററിൻെറ വകയായി പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കുന്ന ഫിലിപ്പൈൻസിലെ ഭരണവ്യവസ്ഥയിൽതന്നെ അപ്രകാരം ഒരു വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ഫിലിപ്പൈൻസിൽ പ്രവർത്തിക്കാൻ ഒന്നുകിൽ ഫിലിപ്പൈൻ കമ്പനികൾക്കോ, അല്ലെങ്കിൽ ൬൦ ശതമാനം ഓഹരികൾ ഫിലിപ്പൈൻജനങ്ങൾക്കു നൽകുന്ന വിദേശിക്കമ്പനികൾക്കോ മാത്രമെ അവകാശമുള്ളൂ.

> ബർമ്മായിലെ സമൃദ്ധമായ പ്രകൃതിവിഭവങ്ങളുടെ മേലുള്ള തങ്ങളുടെ സ്വായത്താവകാശങ്ങൾ അനുഭവിക്കാൻ ബർമ്മാക്കാർ ആഗ്രഹിക്കുന്നു. ആ അവകാശങ്ങളില്ലാത്ത സ്വാതന്ത്ര്യം വെറും മുട്ടത്തോടുപോലെ അന്തസ്സാരശൂന്യമായിരിക്കും. മുട്ടയുടെ അന്തസ്സാരമാകട്ടെ അന്യർ മതിവരുവോളം ആസ്വദിച്ചെന്നുവരാം. ഇനിയിപ്പോൾ ബർമ്മായുടെ മുല കുടിക്കേണ്ടതു് പാവപ്പെട്ട ബർമ്മാക്കാരൻ തന്നെയാണ്. അന്യരുടെ കുത്തകകളാലും, അന്യരുടെ മൂലധനത്താലും പുറംതള്ളപ്പെടാതെ വ്യാപാരവാണിജ്യാദികളിൽ പ്രവർത്തിക്കാനുള്ള അവകാശത്തിനുവേണ്ടി ബർമ്മാക്കാർ വാദിക്കുന്നു. ജാപ്പനീസ് കറൻസി നിൎത്തൽചെയ്തതുമൂലം ബർമ്മീസ് മൂലധനംതന്നെ നശിക്കയും, തന്നിമിത്തം ബ്രിട്ടൻെറ ഏററവും വലിയ മിത്രങ്ങൾപോലും ബ്രിട്ടീഷ് നയത്തെ വെറുക്കാനിടയാകയും ചെയ്തു.

ഇങ്ങനെ ഓഹരികളിൽ ഒരു മതിയായ ശതമാനം ബർമ്മായിൽ ബർമ്മാക്കാൎക്കുതന്നെ നീക്കിവയ്ക്കണമെന്നു ൧൯൪൪ ജനുവരിയിൽ കൂടിയ അഖിലബർമ്മാ ഫാസിസ്റ്റുവിരുദ്ധസമ്മേളനത്തിൽ ആ പേരുള്ള പ്രസ്ഥാനക്കാർ ഒരു നിശ്ചയം പാസാക്കുകയും ചെയ്തിട്ടുണ്ട്.

ബർമ്മായുടെ റവന്യൂ ൧൩ കോടിരൂപയും, വർഷംതോറും കയററുമതിചെയ്യുന്ന ൨൭൦,൦൦൦,൦൦൦ ഗ്യാലൺ പെട്രോളിൻെറ വില ൧൨ കോടിരൂപയുമാണ്. അഥവാ, റവന്യൂവും, പെട്രോൾവിലയുംതമ്മിൽ പറയത്തക്ക വ്യത്യാസമൊന്നുമില്ല. എന്നാൽ പെട്രോളിയത്തിൽനിന്നു കിട്ടുന്ന ചുങ്കം വെറും ൪൦ ലക്ഷംരൂപാമാത്രമാണ്. ഇതു തീരെ നിസ്സാരമായ ഒരു തുകയാണെന്നു പറയേണ്ടതില്ലല്ലോ. വർഷംതോറും മൂന്നരക്കോടി രൂപായുടെ തടി കയററുമതിചെയ്യുന്നുമുണ്ട്.

തടി, പെട്രോളിയം എന്നിവപോലെതന്നെ വിദേശക്കമ്പനികൾ നിയന്ത്രിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന മററു സാധനങ്ങൾ ചുവന്ന രത്നങ്ങൾ, വെള്ളി, ഈയം, തകരം, ടങ്ങ്സ്റ്റൻ മുതലായവയാണ്. ഇവയുടെ വില കണക്കുകൂട്ടിയാൽ ബർമ്മീസുവായനക്കാർ സ്തബ്ധരായിപ്പോകും.

ബർമ്മാ റൂബിമൈൻസ് കമ്പനിഎന്ന ഒരു കമ്പനിതന്നെ ഒരുലക്ഷം കാരററ് രത്നംവീതം ഖനനംചെയ്യുന്നു. ൧൯൩൭ നവംബർ ൧൧-ാംനു സമാധാനദിനത്തിൽ കണ്ടെടുക്കപ്പെട്ടതിനാൽ "സമാധാനരത്നം" എന്നുപേരു കിട്ടിയ ൪൨ കാരററ് ഉള്ള ആ ചുവപ്പുകല്ലിനു പട്ടം തേയ്ക്കാതെ കാരററ് ഒന്നിനു ൨൨൦൦ ഡാളർവീതം വിലകണക്കാക്കപ്പെട്ടു. അതിനാൽ ആ രത്നത്തിൻെറ ആകെ വില നാലുലക്ഷംരൂപയാണെന്നു വരുന്നു.

ഒരു നൂററാണ്ടുകാലമായി ഇങ്ങനെ വർഷംതോറും അന്യർ കൈക്കലാക്കിയ ധനത്തിൻെറ കണക്കു നോക്കിയാൽ അതു ഏററവും പുതിയ ആയുധസജ്ജീകരണങ്ങളോടുകൂടിയ ഒന്നാംതരം കര, കടൽ വിമാനസേനയെ സജ്ജമാക്കാൻ മതിയായ ഒരു തുകയായിരിക്കുമായിരുന്നു. കൂടാതെ, ഇന്നത്തേപ്പോലെ ഒരൊററ സർവ്വകലാശാലയ്ക്കു പകരം, മാൻഡലേ, മൗൾമീൻ, ബേസ്സൈൻ, ടൌംഗ് എന്നിങ്ങനെ രാജ്യത്തിലെ പ്രധാനനഗരങ്ങളിലെല്ലാം ഓരോ സർവ്വകലാശാല സ്ഥാപിക്കാനും ആ തുക തികയുമായിരുന്നു. ബ്രിട്ടനാകട്ടെ ഇപ്പോൾ ൨൦ പ്രധാനസർവ്വകലാശാലകളും കോൺസ്റ്റിററുവൻറുകാളേജുകളുമുണ്ട്.

ബർമ്മായിൽ ഗവൎമ്മെണ്ടു വിദ്യാഭ്യാസത്തിനുവേണ്ടി ആകെ ഒരുകോടി അഥവാ നികുതിയുടെ ൭.൭ ശതമാനത്തിലധികം ചെലവഴിക്കുന്നില്ല. ഇതിൻെറ ഫലമായി ഒരു സ്കൂൾപോലുമില്ലാത്ത ഗ്രാമങ്ങൾ ആയിരക്കണക്കിനുണ്ടെന്നുതന്നെയല്ല, കൊള്ളാവുന്ന സ്ക്കൂളുകളൊന്നുമില്ലതാനും. ഇതിനുപുറമേ, ഉള്ള സ്കൂളുകളെ തമ്മിൽ ഘടിപ്പിക്കത്തക്കവിധം ഗ്രാമങ്ങളെ തമ്മിൽ ബന്ധിക്കുന്ന റോഡുകളുമില്ല. ഗ്രാമങ്ങളിൽ പോസ്റ്റ് ചെയ്യാത്തതുമൂലം പത്രങ്ങൾകൊണ്ടും പ്രയോജനമില്ലാതെയാണിരിക്കുന്നതു്. ബർമ്മാഗവൎമ്മെണ്ടിൻെറ ചീഫ് സിക്രട്ടറിയായിരുന്ന മി: ബർട്ടൻവീച്ച് 'ബർമ്മായുടെ ഭാവി' എന്ന ഗ്രന്ഥത്തിൽ ഇതിനെപ്പററി ഇങ്ങനെ പറയുന്നു:—'വേണ്ടത്ര ഗതാഗതമാർഗ്ഗങ്ങളില്ലാത്ത ദോഷം ഒന്ന്, രണ്ടാമതായി ബർമ്മായിലെ ചെറുഗ്രാമങ്ങൾ പരസ്പരം വളരെ അകന്ന് ഛിന്നഭിന്നമായി കിടക്കുന്നു.'

ഗതാഗതമാർഗ്ഗങ്ങൾ ഇല്ലാത്തരാഷ്ട്രം മൃതമാകയാൽ അവയെ വിഗണിച്ചുകൊണ്ട് ദേശീയപുരോഗതിയെപ്പററി പറയുന്നതു് വ്യൎത്ഥമാണ്. അനേകായിരംവർഷം കഴിഞ്ഞാലും ആമാതിരിരാജ്യത്തിനു് ഗുണമൊന്നുമുണ്ടാകയില്ല. എന്തെന്നാൽ ആമാതിരി രാജ്യം, രക്തധമനികളില്ലാത്ത മനുഷ്യനെപ്പോലെയാണ്. ബർമ്മായുടെ മൂന്നിലൊന്നുവലിപ്പംമാത്രമുള്ള ബ്രിട്ടനു് ൨൦,൩൮൬ മൈൽ റെയിൽവേഉള്ളപ്പോൾ ബർമ്മായ്ക്കു ൨൦൬൦ മൈൽ റെയിൽവേ മാത്രമേയുള്ളൂ.

എല്ലാകാലാവസ്ഥയിലും ഉപയോഗമുള്ള റോഡുകൾ ബർമ്മായ്ക്കു ൬൭൭൨ മൈൽ മാത്രവും ബ്രിട്ടനു് ൧൭൯൦൨ മൈലും ഉണ്ട്. ഇങ്ങനെ നഗരങ്ങളെ കൂട്ടിയിണക്കാൻ റോഡുകൾ ഇല്ലാതിരിക്കയാൽ ജനങ്ങൾ അന്ധവിശ്വാസത്തിലും അജ്ഞതയിലും ആണ്ടുപോയതിൽ അത്ഭുതമില്ല. ഇവയുടെ ഫലമായി ദാരിദ്ര്യം, സന്മാർഗ്ഗലോപം, കുററങ്ങളുടെ വർദ്ധനവ്, അഴിമതി, അനാരോഗ്യം, മരണക്കൂടുതൽ എന്നിവ അരങ്ങേറുന്നു. ധാരാളം പ്രകൃതിവിഭവങ്ങൾ ഉള്ള ബർമ്മായിൽ ആസ്പത്രികൾ, പ്രസവശുശ്രൂഷാകേന്ദ്രങ്ങൾ എന്നിവ വളരെ കുറവാണ്.

എന്നാൽ ബർമ്മാ അതിൻെറ സ്വാതന്ത്ര്യം നേടുകയും, ഭാഷ, സംസ്കാരം, ആചാരങ്ങൾ, മതം മുതലായവയെസംബന്ധിച്ച് പ്രധാനവർഗ്ഗങ്ങൾ തമ്മിലുള്ള തൃപ്തികരമായ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ ആ സ്വാതന്ത്ര്യം സംരക്ഷിക്കുകയും ചെയ്യുന്ന കാലം ആസന്നമായിരിക്കുന്നു. ലോകത്തിലെ ഒരു രാജ്യത്തെയും മറെറാരുവർഗ്ഗത്തിനു് ദീർഘകാലം ഭരിക്കാൻ സാധിക്കയില്ലെന്ന് തെളിയിക്കുന്ന പല ഉദാഹരണങ്ങളും ബർമ്മായുടെ കൺമുന്നിൽ ഉണ്ട്. ബർമ്മായിൽ ഉടനടി എന്തെങ്കിലും ചെയ്തില്ലെങ്കിൽ വിദൂരപൂർവ്വദേശത്തിൽ അത്യാഹിതങ്ങൾ സംഭവിച്ചേക്കാമെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി ഉൾപ്പെടെ പല ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാരുടെയും പ്രസ്താവനകളിൽനിന്ന് വെളിവായിട്ടുണ്ട്. ജപ്പാൻകാരുടെ കീഴിൽ അനിർവ്വചനീയമായ ക്ലേശങ്ങൾ സഹിച്ചിട്ടും അല്പം സ്വാതന്ത്ര്യം പരീക്ഷിച്ചുനോക്കാൻ ബർമ്മായ്ക്കു കഴിഞ്ഞു. രാജാവ്, മന്ത്രിമാർ എന്നീ ഉദ്യോഗങ്ങൾ കളിയായിട്ടെങ്കിലും അവർ അന്നു വഹിക്കയുണ്ടായി.

:—നാഷണൽ പ്രസ്സ്, സിൻഡിക്കേററ്

## മോൺ പോ ചോ

# ചൈനയിലെ ഇന്ത്യൻ സ്ഥാനപതി

## ശ്രീ. കെ. വി. എസ്. മേനോൻ

൧൦൭൪-ാമതു കന്നിയിൽ (൧൮൯൮ സെപ്തംബർ) കോട്ടയത്തു ജനിച്ചു. കോട്ടയം സി. എം. എസ്സ്. കാളേജിൽ വിദ്യാഭ്യാസമാരംഭിച്ചു. ൧൯൧൩-ൽ സ്ക്കൂൾ ഫൈനൽപരീക്ഷയിൽ സംസ്ഥാനത്തു നിന്നു ഒന്നാമനായി വിജയിയായി. ൧൯൧൫-ൽ മദ്രാസ് ക്രിസ്ത്യൻകാളേജിൽ ഇൻററമീഡിയററിനു ഒന്നാംക്ലാസ്സിൽ വിജയിയായി. ൧൯൧൭-ൽ മദ്രാസ് ക്രിസ്ത്യൻകാളേജിൽ ബി. ഏ-യ്ക്കു ഇംഗ്ലീഷിൽ ഒന്നാംക്ലാസ്സും ചരിത്രത്തിനു പ്രസിഡൻസിയിൽ പ്രഥമസ്ഥാനവും കരസ്ഥമാക്കി. മദ്രാസ് യൂണിവേഴ്സിററിയിൽനിന്നു ചരിത്രത്തിനുള്ള ഒരു മെഡൽ ലഭിച്ചു. ൧൯൧൯-ൽ ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടു. ആക്സ്ഫോർഡ് ക്രൈസ്റ്റ് ചർച്ച് കാളേജിൽ ചേന്നു. ൧൯൨൧-ൽ എം. ഏ. ലിററേച്ചർആണേഴ്സിനു വിജയിയായി. ചരിത്രത്തിൽ ഒന്നാംക്ലാസ്സ് ടൈപാസ്സനേടി. ഡിക്സർ റിസച്ച് സ്ക്കാളർഷിപ്പുലഭിച്ചു. ൧൯൨൧-ൽ ഐ. സി. എസ്സ്. മത്സരപ്പരീക്ഷയിൽ ചേന്നു. അക്കൊല്ലം ചേന്നിരുന്നവരിൽ ഒന്നാമനായി വിജയിയായി. ഇക്കാലത്തു തന്നെ ഇന്നർടെമ്പിളിൽ ബാർഅററ്ലാ കോഴ്സ് പൂത്തിയാക്കി. ൧൯൨൨-ൽ അസി: കളക്ടരായി തൃശ്ശിനാപ്പള്ളിയിലേക്കു നിയമിച്ചു. ൧൯൨൪-ൽ വടക്കേ ആക്കാട്ടിൽ തിരുപ്പത്തൂർ എന്ന സ്ഥലത്തു സബ്കളക്ടരായി നിയമിതനായി. ൧൯൨൫-ൽ പൊളിററിക്കൽസവ്വീസിലേക്കെടുത്തു ഹൈദ്രാബാദിൽ റസിഡൻറിൻെറ സെക്രട്ടറിയായും സെക്കൻഡ്രാബാദ് കമ്മീഷണരായുംനിയമിച്ചു. ൧൯൨൯-ൽ പെഷവാറിലെ കമ്മീഷണരും ഡിസ്ട്രിക്ട്ജഡ്ജിയുമായി നിയമിച്ചു. ൧൯൩൦-ൽ ന്യൂഡെൽഹിയിൽ അണ്ടർസെക്രട്ടറിയായി നിയമിച്ചു. (വിദ്യാഭ്യാസം. ആരോഗ്യം, ഭൂമി) ൧൯൩൪-ൽ സാൻസിബാറിൽ ഇന്ത്യാക്കാരുടെ സ്ഥിതിഗതികളെപ്പററി അന്വേഷിക്കുവാൻ നിയോഗിച്ചു. ൧൯൩൫-ൽ സിലോണിൽ ഗവണ്മെൻറ്ജനറലിൻെറ ഏജൻറായി നിയമിച്ചു. ൧൯൩൯-ൽ ഒരുകൊല്ലത്തെഅവധിയിൽ ഒരു അഖിലലോകപര്യടനം നടത്തി. ൧൯൪൦-ൽ ഡൽഹിയിൽ ഇന്ത്യാഗവണ്മെൻറിൻെറ ആക്ടിംഗ് ജോയിൻറു സെക്രട്ടറിയായി നിയമിച്ചു. ൧൯൪൧-ൽ ബലൂചിസ്ഥാനിലെ പൊളിററിക്കൽഏജൻററായി നിയമിതനായി.

൧൯൪൧-ൽ ഭരത്പൂർ ദിവാനായി നിയമിക്കപ്പെട്ടു. ൧൯൪൩-ൽ ഇന്ത്യാഗവണ്മെൻറിൻെറ ഏജൻറ്ജനറലായി ചൈനയിലേക്കയച്ചു. ൧൯൪൫-ൽ കാഷ്മീരിൽനിന്നു കരമാൎഗ്ഗം ചൈനയിലേക്കു പുറപ്പെട്ട യാത്രാസംഘത്തെ നയിക്കുകയും മൂന്നുമാസംകൊണ്ടു ആ സഞ്ചാരം പൂത്തിയാക്കുകയും ചെയ്തു. മൂന്നുമാസക്കാലം ദീർഘിച്ചുനിന്ന ഈ ചൈനായാത്രയെപ്പററി മി: മേനോൻ തയ്യാറാക്കിയിട്ടുള്ള ഒരു ഗ്രന്ഥം ഇപ്പോൾ ഇന്ത്യാഗവണ്മെൻറിൻെറ പ്രസിദ്ധീകരണത്തിലിരിക്കുന്നു. ചൈനയിൽനിന്നു തിരിച്ചെത്തിയശേഷം സാൻഫ്രാൻസിസ്കോ കാൺഫറൻസ് ഡെലിഗേഷൻെറ അഡ്വൈസറായി നിയമിക്കപ്പെട്ടു. ൧൯൪൬-ൽ സി. ഐ. ഇ. എന്ന ബഹുമതി ലഭിച്ചു. ൧൯൪൬-ൽ ന്യൂയാക്കിൽവച്ചു നടന്ന (യൂ. എൻ. ഒ.) ഐക്യരാഷ്ട്രസംഘടനയുടെ സമ്മേളനത്തിലേക്കു ഇന്ത്യൻപ്രതിനിധിസംഘത്തിലെ ഒരംഗമായി സേവനമനുഷ്ഠിച്ചു. മിസ്സിസ് വിജയലക്ഷ്മിപണ്ഡിററിൻെറ നേതൃത്വത്തിലുള്ള ഈ പ്രതിനിധിസംഘത്തോടൊരുമിച്ചു മി: മേനോൻ അക്ടോബർ രണ്ടാംവാരത്തിൽ ന്യൂഡൽഹിയിൽനിന്നു യൂ. എസ്സിലേക്കു തിരിക്കുകയും ഇന്ത്യയുടെ വിജയത്തിനുശേഷം ഈയിടെ ഇന്ത്യയിൽ തിരിച്ചെത്തുകയുമുണ്ടായി. അതിനുശേഷം ഇപ്പോൾ അദ്ദേഹം ചൈനയിലെ ഒന്നാമത്തെ സ്വതന്ത്ര്യഇന്ത്യൻസ്ഥാനപതിയായി നിയമിക്കപ്പെട്ടിരിക്കുന്നു. ഒരുഇന്ത്യാക്കാരനു വിശിഷ്യ ഒരു കേരളീയനു ലഭിക്കാവുന്ന ഒരു പൂർവ്വബഹുമതിയാണിതു്. കേരളീയരാകമാനം ഇതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നു. മി: മേനോൻെറ പിതാവു് കോട്ടയത്തു വക്കീലായിരുന്ന പരേതനായ മി: കുമാരമേനോനാണു്. മി: മേനോൻെറ ജ്യേഷ്ഠസഹോദരൻ റിട്ട: ഹൈക്കോടതിജഡ്ജി മി: കെ. പി. ഗോപാലമേനോനും കനിഷ്ഠസഹോദരൻ ഇപ്പോൾ മധുരയിൽ പ്രാക്ടീസുചെയ്യുന്ന മി: കെ. പി. സി. മേനോൻ ബാർഅററ്ലായുമാണു്. വിഖ്യാതനായ സർ സി. ശങ്കരൻനായരുടെ കനിഷ്ഠപുത്രിയാണു് ശ്രീ. കെ. പി. എസ്സ്. മേനോൻെറ പത്നി. ശ്രീ. മേനോനു് നാലു പുത്രിമാരും രണ്ടു പുത്രന്മാരുമുണ്ടു്. ശ്രീ. മേനോനേയും പത്നിയേയും നാലു പുത്രിമാരേയും രണ്ടു പുത്രന്മാരെയും ചിത്രത്തിൽ കാണാം.



—o—

ചെറുകഥ

# അവശിഷ്ടങ്ങൾ

## കോന്നിയൂർ ആർ നരേന്ദ്രനാഥ് ബി. എസ്. സി.

ഞങ്ങൾ ആ കുന്നിൻചരുവിലെത്തി. കുന്നിനെ ചുററി ഒരു വഴിത്താരയുണ്ടു് അതിൻെറ മുകളിലെത്താൻ. കാട്ടുചെടികൾ പടന്നു് പന്തലിച്ചു് ഇരുണ്ടിരുണ്ടിയ കുററിക്കാടിൻെറ ഇടയിൽക്കൂടിയാണു് ആ വഴിത്താര. കുന്നിൻചരുവിലെ പാടം കൊയ്ത്തുകഴിഞ്ഞു് കിടക്കുന്നു. അങ്ങുമിങ്ങും കുറെ പശുക്കളും പോത്തുകളും മേയുന്നുണ്ടു്.

ആത്മാത്ഥമായി പരിശ്രമിച്ചു് കാലക്കേടിൻെറ കൂടുതൽകൊണ്ടു് പരാജയമടഞ്ഞു് ആരുമാരും അറിയാതെ അന്ധകാരത്തിൽ അന്തർദ്ധാനം ചെയ്തിട്ടുള്ള ചിലരെപ്പററി അന്നു ഞങ്ങൾ സംസാരിക്കാനിടയായി. ആത്മാത്ഥതയ്ക്കു സ്ഥാനമില്ലാത്ത ലോകത്തിൽ പുറംമോടികൊണ്ടും സംസാരംകൊണ്ടും മാത്രം കാര്യം നേടാൻ കരുത്തുള്ളവർകൂടി വരുന്നതിൽ കുററം പറയാനില്ല. പ്രവത്തിക്കു പ്രതിഫലം ചോദിക്കുന്നവൻ പുറംതള്ളപ്പെടുന്നു; പ്രവത്തിചെയ്യാതെ പ്രതിഫലം പററുന്നവൻ പ്രതാപിയാകുന്നു; ഇതാണു് ഇന്നത്തെ നില. രാഷ്ട്രീയകാര്യങ്ങളിൽ മാത്രമല്ല ഏതിലും ഇതു് പരമാത്ഥമാണു്. ഞാനും ചന്ദ്രനും തമ്മിൽ ഇങ്ങനെ പലതും സംസാരിച്ചു. ആ നാട്ടിൽ നടന്ന ഒരു സംഭവം അപ്പോൾ ചന്ദ്രൻ പറഞ്ഞു. നേതൃത്വത്തിലേക്കു് നീന്തിപ്പോകാൻ ശ്രമിക്കുന്ന രാജ്യതന്ത്രജ്ഞന്മാരായോ ചതുക്കുപിടിച്ച സമുദായ സൗധം താങ്ങിപ്പിടിച്ചു നിറുത്തുവാൻ വെമ്പുന്ന സമുദായഭക്തന്മാരായോ കഥ അല്ലാഞ്ഞതിനാൽ ഇന്നും എൻെറ മനസ്സിൽ മായാതെ അതു നിലനില്ക്കുന്നു. അന്നു് ചന്ദ്രൻ പറഞ്ഞ ഓരോ വാക്കും എൻെറ സ്മരണമണ്ഡലത്തിൽനിന്നു് മാഞ്ഞുപോയിട്ടില്ല.

സാഹിത്യത്തിനു വേണ്ടി ജീവിതം സമപ്പിച്ച ഒരാളുടെ ചരിത്രമാണു്. വീട്ടുകാരുടെ ഇഷ്ടത്തിനൊത്തു തുള്ളുവാൻ കച്ചകെട്ടാതെ അദ്ദേഹം സാഹിത്യസേവനത്തിനു വേണ്ടി അണിഞ്ഞൊരുങ്ങി. വിജ്ഞാനസമ്പാദനാത്ഥം വിദേശങ്ങളിൽ സഞ്ചാരം നടത്തി. ഇന്ത്യയിലെ എല്ലാ വിജ്ഞാനകേന്ദ്രങ്ങളും അദ്ദേഹം സന്ദർശിച്ചിട്ടുണ്ടു്. സഞ്ചാരം കഴിഞ്ഞു് ചന്ദ്രൻെറ നാട്ടിലാണു് അദ്ദേഹം താമസം ഉറപ്പിച്ചതു്. അദ്ദേഹം അത്യന്തം ആശിച്ചു് ആത്മാത്ഥമായി ഒരു ഗ്രന്ഥം നിമ്മിക്കുന്നതിനു് ശ്രമിച്ചു തുടങ്ങി. സ്വന്തം പേരും നാളുമൊന്നും അദ്ദേഹം ആരോടും പറഞ്ഞിട്ടില്ല. ചന്ദ്രൻെറ നിർബ്ബന്ധംപോലും അതു് അറിയുന്നതിനു് സഹായകമായില്ല. അദ്ദേഹത്തിൻെറ സഞ്ചാരവിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയാൽ മാത്രം അദ്ദേഹത്തിനു് സ്ഥിരമായ പ്രശസ്തി സംജാതമാകുമായിരുന്നു. പക്ഷേ അദ്ദേഹം അതിനു തുനിഞ്ഞില്ല. ജീവിതവൃത്തത്തിൻെറ പരിധിയെ സ്പർശിച്ച ചില സാധാരണ സംഭവങ്ങളായി മാത്രമേ അദ്ദേഹം അതു കരുതിയിരുന്നുള്ളു.

ചന്ദ്രൻ ഒരു സാഹിത്യരസികനാണു്. നല്ല കലാവാസനയുള്ള ആളാണു്. അദ്ദേഹവും ആയി മമതാബന്ധം സംസ്ഥാപിക്കുവാൻ അവനു് അധിക താമസം വേണ്ടിയിരുന്നില്ല. കളങ്കമററ ഒരു സ്നേഹബന്ധം അവരെ അന്യോന്യബദ്ധരാക്കി. അദ്ദേഹത്തെപ്പററി ചന്ദ്രൻ പറഞ്ഞിട്ടുള്ള അറിവേ എനിക്കുള്ളു.

ചടച്ച ശരീരം. പ്രകാശമുള്ള കണ്ണുകൾ. നീണ്ട നാസിക. വിശാലമായ നെററി. വെള്ളിനൂൽപോലെ വെളുത്ത താടിമീശ. ഇതാണു് അദ്ദേഹത്തിൻെറ ഏതാണ്ടൊരുരൂപം.

പ്രകൃതിരമണീയമായ ഒരു ഗ്രാമപ്രദേശമാണതു്. പച്ചക്കുന്നുകൾകൊണ്ടു് കോട്ട കെട്ടിയിട്ടുള്ള ഒരു താഴ്വരപ്രദേശം. സാധുക്കളായ കർഷകരാണു് അവിടെ അധികം അധിവസിക്കുന്നതു്. പരിഷ്ക്കാരത്തിൻെറ പകിട്ടുപിടിച്ച പാതകൾക്കു പകരം കാട്ടുപൂക്കൾ പുഞ്ചിരിച്ചു് ഇരുവശവും തിങ്ങിനില്ക്കുന്ന ഒററയടിപ്പാതകളെ അവിടെ ഉള്ളൂ. നോട്ടവും സൂക്ഷിപ്പുമില്ലാതെ നശിച്ചുപോയ ഒരു അമ്പലത്തിൻെറ അവശിഷ്ടവും ഒരു കുളവും ആ താഴ്വരപ്രദേശത്തിൻെറ കിഴക്കെ കുന്നിൻപരപ്പിലുണ്ടു്. അവിടെ ആയിരുന്നു അദ്ദേഹത്തിൻെറ താമസസ്ഥലം. അദ്ദേഹത്തിനെ സംബന്ധിച്ചുള്ള കഥകൾ അറിഞ്ഞശേഷം ആ സ്ഥലങ്ങളൊക്കെ ഒന്നു കാണണമെന്നു് എനിക്കു് ആഗ്രഹം തോന്നി. അതിനുവേണ്ടി ഞങ്ങൾ ഇറങ്ങിത്തിരിച്ചതാണു്.

ഒററയടിപ്പാതയിൽക്കൂടി ഞങ്ങൾ കുന്നിൻമുകളിലേക്കു നടന്നു. കുററിക്കാട്ടിൽ എവിടെയോ കുറച്ചുകാലയായി ഇടവിടാതെ ഒലിച്ചു വീഴുന്ന വെള്ളത്തിൻെറ ശബ്ദം ഞാൻ കേട്ടു. അരുവി കാണാൻ കഴിവില്ല. കാട്ടുചെടികളുടെ ഇലപ്പടപ്പുകൾ അതിനെ മറയിട്ടു മറച്ചിരിക്കുന്നു. വന്മരങ്ങളുടെ ശാഖോപശാഖകളും അതിൽ പടന്നുകയറി പൂത്തു നിറം പിടിപ്പിച്ചു നില്ക്കുന്ന വള്ളിച്ചെടികളും മാത്രം എവിടെ നോക്കിയാലും കാണാം.

"ആ കുളത്തിൽനിന്നു വരുന്ന വെള്ളത്തിൻെറ ശബ്ദമാണു് കേൾക്കുന്നതു്"—ചന്ദ്രൻ പറഞ്ഞു.

"അതു് ഇങ്ങു് അടുത്തോ?"—ഞാൻ ചോദിച്ചു.

"ഉം'—ചന്ദ്രൻ മൂളി. ഞാൻ വീണ്ടും ചിന്തകളിലേക്കു് വഴുതിവീണു. ജീവിതം മുഴുവൻ ഒരു കലാസൃഷ്ടിക്കു കാഴ്ചവച്ചു് അതിൽ പരാജയമടഞ്ഞ ആ മഹാനായ മനുഷ്യനെപ്പററി ഞാൻ പലതും ആലോചിച്ചുകൊണ്ടു് നടന്നു. വഴിത്താരയിൽക്കൂടി കുന്നിൻമുകളിലേക്കു് ഞങ്ങൾ നടക്കുകയാണു്. ഞങ്ങളുടെ ആവശ്യമില്ലാത്ത ഇടപെടലിനെ പഴിച്ചുകൊണ്ടു് ചില കാട്ടുപക്ഷികൾ കൂവി ചിറകടിച്ചു പറന്നുപോയി.

"ഈ ഏകാന്തതയിൽ അദ്ദേഹം എങ്ങിനെ കഴിഞ്ഞുകൂടി."

'അദ്ദേഹം എന്നോടു പലപ്പോഴും പറഞ്ഞിട്ടുണ്ടു്. ഇവിടെ ഏകാന്തതയില്ലെന്നു്. പ്രകൃതിയുമായി മൂകഭാഷയിൽ അദ്ദേഹം ആശയവിനിമയം ചെയ്യുമായിരുന്നു. ഇവിടുത്തെ മന്ദമാരുതൻ അദ്ദേഹത്തിൻെറ സന്ദേശവാഹകനായിരുന്നു.' ചന്ദ്രൻ ഒരു വഴി ചൂണ്ടിക്കാണിച്ചുകൊണ്ടു് പറഞ്ഞു. "ഇതുവഴി ഇറങ്ങണം." അരയാലിലകളുടെ കിലുകിലുക്കം മന്ദമാരുതൻെറ ആഗമനത്തിൻെറ മുന്നറിയിപ്പു നല്കി. തണുത്ത കാററു തട്ടിയപ്പോൾ എൻെറ ദേഹത്തു രോമാഞ്ചമുണ്ടായി.

"കാട്ടുപക്ഷികൾ അദ്ദേഹത്തിൻെറ കൈകളിൽനിന്നു് തീററി കൊത്തിക്കൊണ്ടു പോകുന്നതു ഞാൻ കണ്ടിട്ടുണ്ടു്. അവയ്ക്കു് അദ്ദേഹത്തിനെ ഭയമില്ല. സംശയമില്ല. നമ്മെക്കണ്ടപ്പോൾ കൂവിവിളിച്ചു പറന്നു പൊങ്ങുന്നതു കണ്ടില്ലെ."—ചന്ദ്രൻ പറഞ്ഞു നിറുത്തി. ഞങ്ങൾ ആ കുളത്തിലേക്കു പോകാനുള്ള വഴിയിലേക്കു തിരിഞ്ഞു.

വലിയ കരിങ്കൽപ്പാളികൾകൊണ്ടു് കെട്ടിയിട്ടുള്ള പടികൾ. അവയുടെ വിടവുകളിൽ വളഞ്ഞുപുളഞ്ഞ വേരുകൾ ഉറപ്പിച്ചു ചെടികൾ വളന്നു നില്ക്കുന്നുണ്ടു്. ഒരിക്കൽ ഈ പടികൾ ഭംഗിയായി സൂക്ഷിച്ചിരുന്നവയായിരുന്നിരിക്കാം. നോട്ടവും സൂക്ഷിപ്പുമില്ലാതെ കിടന്നു് വ

(ശേഷം പന്ത്രണ്ടാം പേജിൽ)

## GENERAL KNOWLEDGE QUIZ

### Answers

(Questions on page 10)

1. (a) ; 2. (a) ; 3 ( ), 4. (c) ; 5. (a); 6. (b) ; 7. (a). 8. (b) ; 9. (a); 10. (b) ; 11. ( ); 12. ( ) ; 13. (a); 14 ( )

# "പത്മരാഗം പ്രഥമരാഷ്ട്രീയകാവ്യം"

## ഒരു നിരൂപണം

(റിട്ട: പ്രൊഫസ്സർ കെ. ശങ്കരപ്പിള്ള ബി. ഏ)

### I

മുപ്പതുകൊല്ലം മുമ്പു നമ്മുടെ ഭാഷാസാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ സമ്പാദിച്ചുതുടങ്ങിയ ഖണ്ഡകാവ്യജാതിയിൽപെട്ട അന്നത്തെ ഒരു നവീനകൃതിയാണ്, ശ്രീമാൻ അയിരൂർ മാധവൻപിള്ളഅവർകളുടെ 'പത്മരാഗം' പ്രസ്തുതകൃതിയിൽ വർണ്ണ്യമായ പ്രേമകഥാവികസനത്തോടുകൂടി അക്കാലങ്ങളിലെ ഭാരതീയജനങ്ങളുടെ രാഷ്ട്രീയോദ്ധാരണ സംരംഭങ്ങളെ, സമപ്രധാനമായും സമഞ്ജസമായും സംഘടിപ്പിച്ചു് പ്രതിപാദിച്ചിരിക്കയാൽ, ഇതിന് 'പ്രഥമരാഷ്ട്രീയകാവ്യം' എന്നൊരു പരനാമം ജനനാൽതന്നെ സിദ്ധിച്ചു. സർവ്വാസമ്പൂജ്യനായ സർദാർ കെ. എം. പണിക്കരുടെ അമൂല്യമുഖവുരയാൽ അലംകൃതമായിട്ടുതന്നെയാണ്, 'പത്മരാഗം' രംഗപ്രവേശം ചെയ്കയുണ്ടായതെന്നുള്ള സംഗതി, അതിൻെറ ജന്മയോഗസിദ്ധമായ ഒരു സൗഭാഗ്യവിശേഷംകൂടിയാകുന്നു. എന്തെന്നാൽ, പൗരസ്ത്യപാശ്ചാത്യരാജ്യങ്ങളിലെ രാഷ്ട്രീയമീമാംസകളിലും സാഹിത്യമർമ്മങ്ങളിലും സാരമായ ഗവേഷണവൈദുഷ്യം സമ്പാദിച്ചും, കാവ്യഗുണോജ്ജ്വലങ്ങളും തദ്വിഭാഗങ്ങളുമായ അനവധികൃതികൾ മലയാളഭാഷയിൽ ഗദ്യമായും പദ്യമായും സ്വയം രചിച്ചും, അർവാചീന കവിഹൃദയാരാധകസ്ഥാനം നേടിക്കഴിഞ്ഞിരിക്കുന്ന സർദാർ പണിക്കരുടെ അഭിനന്ദനത്തെകവിഞ്ഞു്, ഇന്ന് ഏതു ഭാഷാകാവ്യത്തിനും-വിശേഷിച്ചും ഒരു പ്രഥമരാഷ്ട്രീയകാവ്യത്തിന്, മറ്റൊരു സുസമ്മതമായ സാക്ഷ്യപത്രം ലഭിക്കേണ്ടതായിരിക്കുന്നില്ലതന്നെ!

പ്രസ്തുതകാവ്യത്തിൻെറ രാഷ്ട്രീയസ്വഭാവത്തെപ്പറ്റി ആദ്യമായി ഒന്നു പറഞ്ഞുകൊള്ളട്ടെ. ഈ കാര്യം, ഒരു പ്രഭാതവർണ്ണനയോടുകൂടിയാണല്ലോ തുടങ്ങുന്നതു്. ഒരു ഖണ്ഡകാവ്യത്തിനു യോജിച്ച മട്ടിൽ എത്രയും ഒതുങ്ങിയ ഈ വർണ്ണനകൊണ്ടു് പ്രകൃതിയുടെ അപ്പോഴത്തെ രമണീയകങ്ങളെ യഥാസൂക്ഷ്മം ചിത്രീകരിച്ചിരിക്കുന്നതോടുകൂടി നമ്മുടെ കവി ആധുനിക രാഷ്ട്രീയസ്ഥിതികളേയും സരസമായി പ്രതിധ്വനിപ്പിച്ചുകാണുന്നു.

'പൗരസ്ത്യലോകമടക്കിവാണ വെള്ളക്കാർക്കു് ഇവിടം വിടേണ്ടിവരുമോ എന്നിയിടയ്ക്കുണ്ടായിട്ടുള്ള ഭയം; ഭരണാധികാരികളുടെ 'വ്യാപാരവൈലക്ഷണ്യം' കണ്ടിട്ടു് ജനങ്ങളിൽ ജനിച്ചിരിക്കുന്ന ക്ഷോഭം, മിനുസമുള്ള വിദേശവസ്ത്രങ്ങളേക്കാൾ പരുപരുത്ത ഖദർവസ്ത്രങ്ങളോടു് 'അറിവുള്ള' ആളുകൾക്കു തോന്നിത്തുടങ്ങിയ ആദരവു്; ഉദയംചെയ്യുവാൻപോകുന്ന 'സ്വരാജ്യലക്ഷ്മി'യുടെ സർവ്വതോമുഖരിതമായ 'ഗീതാമധുരനിസ്വനം,' സ്വാതന്ത്ര്യമില്ലാത്ത പരാശ്രയജീവിതത്താൽ നാട്ടുകാർക്കു നേരിട്ടിരിക്കുന്ന ദുരിതാനുഭവം, മുഖസ്തുതികൊണ്ടിനിമേൽ മുമ്പത്തേപ്പോലെ തൻകാര്യംകാണാൻ ഒക്കാതെവന്നേക്കുമോ എന്നു ഭയപ്പെട്ടുന്ന പ്രമാണികളുടെ 'കാട്ടുകയററ'ശ്രമം; ഭാരതീയമായ പഴയ 'ചാതുർവർണ്ണ്യ'വ്യവസ്ഥയ്ക്കിപ്പോൾ വന്നുകൊണ്ടിരിക്കുന്ന ഭാവഭേദം; എന്നിങ്ങനെ, പല രാഷ്ട്രീയസംഗതികളെ അനായാസമായ ധ്വന്യധ്വനീതയാൽ പ്രകാശിപ്പിച്ചുകൊണ്ടാണു് കവി ഇതിലെ പ്രഭാതം രമണീയമായി വർണ്ണിച്ചിരിക്കുന്നതു്. അതിനാൽ, ഇവിടംകൊണ്ടു് വായനക്കാരുടെ ഉള്ളിൽ ആദ്യംതന്നെ ഉദിക്കുന്ന രാഷ്ട്രീയമായ, ഈ കാവ്യത്തിലെ പ്രതിപാദ്യകഥാവസ്തുവിൻെറ അപ്രകാരമുള്ള പ്രതീതിയെ ജനിപ്പിക്കുന്നതിനും, പുലർത്തുന്നതിനും വളരെ ഉപകരിക്കുന്നുണ്ടു്. ഇനി ഇതിലെ കഥാഗ്രഥനത്തെപ്പററി പ്രസ്തുതകാവ്യത്തിലെ ഇതിവൃത്തം, കവി, മൂന്നു രംഗങ്ങളിൽകൂടിയാണു് വികസിപ്പിച്ചു നമ്മെ കാണിക്കുന്നതു്. ഓരോരംഗത്തിനും ഓരോ വിഭാഗം, എന്ന കണക്കിനു് ഈ കാവ്യത്തിനു്, ആകെക്കൂടി മൂന്നുവിഭാഗം, ഇങ്ങനെ സിദ്ധിച്ചിട്ടുള്ളതുമാകുന്നു.

ഒന്നാംവിഭാഗത്തിലെ രംഗം, രാമലാലഗൃഹത്തിൽ ഉപേന്ദ്രൻ താമസിച്ചിരുന്ന അന്തർഭാഗവും, സമയം, പ്രഭാതവുമാകുന്നു. ഈ രംഗത്തുവച്ചു് ഉപേന്ദ്രൻെറ രാഷ്ട്രീയനിശ്ചയങ്ങളെപ്പററി പത്മ നേരിട്ടറിയുകയും സംഭാഷണാനന്തരം ഉപേന്ദ്രനെ അക്കാര്യത്തിൽ അഭിനന്ദിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ രാജാധികാരികൾ പെട്ടെന്നു പ്രവേശിച്ചു് ഉപേന്ദ്രനെ അറസ്റ്റുചെയ്തുകൊണ്ടുപോകുന്നു. സാങ്കേതികഭാഷയിൽ പറയുകയെങ്കിൽ, ഈ കാവ്യത്തിലെ സ്ഥായിയായ ശൃംഗാരരസം സംഭോഗത്തിൽനിന്നും വിയോഗവിപ്രലംഭത്തിലേയ്ക്കു് കടക്കാൻപോകുന്ന രംഗംതന്നെയാണിതു്.

രണ്ടാംവിഭാഗത്തിലെ രംഗം, രാമലാലഗൃഹത്തിലെ അന്തഃപ്പുരവും, സമയം, ഒരർദ്ധരാത്രിയും ആകുന്നു. പക്ഷേ ഒന്നാംവിഭാഗവും രണ്ടാംവിഭാഗവും തമ്മിൽ രണ്ടുവർഷത്തിൽ കുറയാതെയുള്ള കാലാന്തരമുണ്ടു്. ഇക്കാലമത്രയും ഉപേന്ദ്രനെപ്പററി ഒരു തുമ്പുംകിട്ടാതെ 'സ്വപ്നവും, സ്വപ്നത്തിൽ സ്വപ്നവു'മായി കഴിച്ചുകൂട്ടിവന്ന വിരഹിണിയായ പത്മയുടെ ഒരു യഥാസ്ഥിതികചിത്രമാണു് നമുക്കു് ഈ രണ്ടാംവിഭാഗത്തിൽ കിട്ടുന്നതു്. ഉപേന്ദ്രൻ ഇളംപുരംജയിലിൽ വസിച്ചുവരികയാണെന്നുള്ള വർത്തമാനം, പത്മ, പത്രം വായിച്ചറിയുകയെന്ന ഒരു പ്രവൃത്തി മാത്രമേ, ഈ വിഭാഗത്തിൽ; സാക്ഷാൽ പ്രവൃത്തിയെന്നു പറയത്തക്കതായി, പത്മ, നിർവ്വഹിക്കുന്നുള്ളൂ. ബാക്കിയുള്ള ഇതിലെ പ്രസ്താവങ്ങളെല്ലാം, ഈ പ്രവൃത്തിയ്ക്കു മുമ്പും പിമ്പും അവൾക്കുണ്ടായ സ്വപ്നദർശനങ്ങളേയും ചിന്താപരമ്പരകളേയുമാണു് വിസ്തരിക്കുന്നതു്. ഈ ചിന്തകൾക്കിടയിലായി, ആ ദമ്പതിമാരുടെ ആദ്യസഹവാസംമുതൽക്കു് അതുവരെയുള്ള പ്രേമചരിത്രം മുഴുവൻ, പത്മയുടെ ആത്മഗതത്തിൽകൂടി കവി, നമ്മെ അറിയിക്കുന്നു അതിനാൽ മറപ്രകാരം ഈ രംഗം പ്രത്യക്ഷമായ്, നായികയുടെ വിയോഗവിപ്രലംഭദശയിലാണു് പ്രയോഗിക്കപ്പെടുന്നതെങ്കിലും അവളുടെ പൂർവ്വസ്മരണോദിതമായ ഇവിടത്തെ ഏകാന്തപ്രസംഗത്തിൽ, ശൃംഗാരത്തിൻെറ, അയോഗം സംഭോഗം—വിയോഗം എന്നീ അവസ്ഥാന്തരങ്ങൾ, പരോക്ഷമായി പ്രകാശിക്കുന്നുണ്ടു്.

ഒടുവിലത്തെ (മൂന്നാം)രംഗം, ഇളംപുരത്തിനടുത്തു് ഹിന്ദുമുസ്ലിംലഹള നടക്കുന്ന ഒരു ഗംഗാതീരഗ്രാമം; സമയം,

'ഇനനന്തിയിൽ മഞ്ഞളിച്ചു, തൻ
കരമാഗംഗയിലിട്ടുമുക്കവേ' യുള്ള സം

യാഹ്നം. രണ്ടാംരംഗവും മൂന്നാംരംഗവും തമ്മിലുള്ള കാലാന്തരം വളരെ കുറച്ചുമാത്രമേ ഉണ്ടായിരിക്കയുള്ളൂ. ഇളംപുരത്തെ രണ്ടുവർഷത്തോളം നീണ്ടുനിന്ന ജയിൽവാസം കഴിഞ്ഞിറങ്ങിയ ഉടനെ, ഉപേന്ദ്രൻ ലഹളസ്ഥലത്തേയ്ക്കു നേരിട്ടു പോയതായും, ഈ വാർത്ത, പത്രദ്വാരാ പത്മ അറിഞ്ഞമാത്രയിൽ വീട്ടുവിട്ടു്, ഉപേന്ദ്രനെ അന്വേഷിച്ചിറങ്ങിയതായും, ഈ വിഭാഗത്തിൽ പ്രസ്താവിച്ചിരിക്കയാൽ, ഇവിടത്തെ കാലാന്തരം, രണ്ടുമൂന്നുദിവസത്തിൽ കൂടുവാൻ തരമില്ലെന്നൂഹിക്കണം. ഈ രംഗത്തു നടന്നുകൂടുന്ന സംഭവങ്ങളെയാണു് മൂന്നാംവിഭാഗത്തിൽ വിവരിച്ചിട്ടുള്ളതു്. പത്മ, ഉപേന്ദ്രനെ അന്വേഷിച്ചു് ലഹളസ്ഥലത്തെത്തിപ്പലേടത്തും തിരഞ്ഞു നടക്കുന്നു, വഴിയരുകിൽ മുറിവേററു് ചോരയിൽ മുഴുകി ബോധരഹിതനായി കിടക്കുന്ന ഉപേന്ദ്രനെക്കണ്ടാളറിഞ്ഞു് പത്മ. പ്രഥമശുശ്രൂഷകളാൽ അദ്ദേഹത്തിൻെറ മോഹാലസ്യം തീർക്കുന്നു. രണ്ടുപേരും തമ്മിൽ സംഭാഷണംതുടങ്ങുന്നു. ആസന്നമൃത്യുവെന്നു ബോദ്ധ്യംവന്നിരിക്കുന്ന ഉപേന്ദ്രൻ അവിടെവച്ചു് പത്മയുടെ പാണിഗ്രഹക്രിയ നടത്തുന്നു. അപ്പോഴേക്കും അവിടെ എത്തിച്ചേരുന്ന സ്വാന്തയായിസംഘക്കാരോടു് മേലാൽ വേണ്ട രാഷ്ട്രീയനടപടികളെ ഉപേന്ദ്രൻ ഉപദേശിക്കുന്നു. പത്മയെ ഈ സംഘക്കാർക്കു് അദ്ദേഹം പരിചയപ്പെടുത്തിക്കൊടുക്കുന്നു. ഈ സന്ദർഭത്തിൽ ഉപേന്ദ്രൻ പെട്ടെന്നു മരിക്കാനിടയാകുന്നു. ഉത്തരക്രിയയായ ഉപേന്ദ്രജഡസംസ്കാരത്തിൽ ജനസംഘം ഏർപ്പെടുന്നു. ഈ തിട്ടുക്കത്തിൽ തക്കംനോക്കി, പത്മ പെട്ടെന്നു് ഒളിച്ചുമാറി ഗംഗയിൽ ചാടി മറയുന്നു. ഇത്രയും പ്രവർത്തനങ്ങളാകുന്നു ഇവിടത്തെ പ്രതിപാദ്യകഥാഭാഗങ്ങൾ. കഥാപരിണാമം ഇപ്രകാരം ശോകാത്മികമാണെങ്കിലും സാങ്കേതികമായ് നോക്കുമ്പോൾ വിപ്രലംഭാവസ്ഥ കഴിഞ്ഞു, ശൃംഗാരത്തിനു സിദ്ധിക്കേണ്ടിയിരിക്കുന്ന രസസ്ഫൂർത്തി, പ്രസ്തുത കാവ്യാന്ത്യത്തിലെ വൈവാഹമേളാഷവർണ്ണനയാൽ കവി തികച്ചും സാധിച്ചിരിക്കുന്നതായ കാണാം.

ഇതിലെ നായകൻ, ആകൃതിയിൽ കോമളനും, സ്വധർമ്മാനുഷ്ഠാനത്തിൽ ധീരനും, രാഷ്ട്രീയജീവിതത്തിൽ വിജയശ്രീലാളിതനുമാകുന്നു. യൗവനസഹജമായ സ്വച്ഛന്ദവൃത്തികളിൽനിന്നു വിരമിച്ചിരിക്കുന്ന ഉപേന്ദ്രൻ-പരിതപ്രസാരിതമായി കണ്ട പ്രലോഭനങ്ങൾക്കൊന്നും വഴിപ്പെടാതെ, വിവേകപൂർവ്വം ക്ഷമിച്ചിരുന്നു് "സമയമായപ്പോൾ, സ്വപ്രണയിനിയായി ഇതിലെ നായികയെ—പത്മയെത്തന്നെ മനസ്സാവരിക്കുന്നു.

ഭാരതഖണ്ഡത്തിലെ ദുരിതാനുഭവങ്ങൾക്കു കാരണം ഇവിടുത്തെ പാരതന്ത്ര്യമാണെന്നു തനിയ്ക്കു ബോദ്ധ്യം വന്നതോടുകൂടി, അതിൽനിന്നും മാതൃഭൂമിയെ മോചിപ്പിക്കുവാൻ ഏകമാർഗ്ഗമായ സ്വരാജ്യസമ്പാദനത്തെ, ഉപേന്ദ്രൻ, ക്രമത്താൽ സ്വജീവിതാദർശമായി സ്വീകരിച്ചു. ഒടുവിൽ, ഈ ആദർശസിദ്ധിയ്ക്കുവേണ്ടി സർവ്വസ്വവുമെന്നുവേണ്ട, സ്വപ്രണയിനിയേയും സ്വജീവനെത്തന്നെയും അദ്ദേഹം ബലിയായർപ്പിക്കയുംചെയ്തു. ഉപേന്ദ്രൻ തൻെറ സകല ശക്തികളും പ്രയോഗിച്ചു വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽകൂടി സ്വരാജ്യസമ്പാദകസമരത്തിൽ ഏർപ്പെട്ടു ധീരധീരം പോരാടിക്കൊണ്ടു നില്ക്കുവേ, 'ആരണാങ്കണത്തിൽ സ്വപ്രാണാർപ്പണംചെയ്യാനിടയായതിലപ്പുറം, ഒരു ഉൽകൃഷ്ടവിജയശ്രീലാളനം, അചിന്ത്യമെന്നേ പറയേണ്ടു.

ഉത്തമനായ രാജ്യഭക്തനെന്നപോലെ, സത്തമനായ പ്രേമഭക്തനുംകൂടിയാണു് ഉപേന്ദ്രൻ. ഈ സംഗതി പ്രസ്തുത കാവ്യത്തിലെ പത്മരാഗകഥാംശത്താൽ നിർവ്വിശങ്കം വ്യക്തമാകുന്നു. ബന്ധനസ്ഥനാകാൻ പോകുന്ന തൻെറ കൈവിരലിൽ പ്രിയതമ, സസ്നേഹം അണിയിച്ച പത്മരാഗാംഗുലീയത്തെ, ഉപേന്ദ്രൻ അപ്പോൾമുതല്ക്കു തുടങ്ങിയ ക്ലേശസമ്പൂർണ്ണങ്ങളായ പരിവർത്തനങ്ങൾ പലതു കഴിഞ്ഞിട്ടും പുനഃസമാഗമാഗമാശ, ലേശംപോലുംശേഷിക്കാതായിത്തീർന്ന ആ വിരഹകാലഘട്ടങ്ങളിലെല്ലാം—ആ മോതിരത്തെ, ഉപേന്ദ്രൻ-തന്നിൽനിന്നും വേർപെടുത്താതെ, പത്മാസ്മരണോദ്ദീപകലക്ഷ്യമായ് സ്വസ്നേഹാദരങ്ങൾക്കു സർവ്വഥാ സൽപാത്രമായ ഒരുസജ്ജീവഭൂഷണമായ്-തൻെറ ആ കൈവിരലിൽത്തന്നെ മരണപര്യന്തം ചാർത്തിയിരുന്നു! പ്രസ്തുത രാഷ്ട്രീയകാവ്യത്തിനു ആസ്വദമായ അന്തരംഗകഥയ്ക്കു്, ചൈതന്യംകൊടുപ്പാൻ, ഇതിൽ കൂടുതൽ പ്രേമസാക്ഷ്യം മറ്റെന്താണു് വേണ്ടതു്?

ഇതിലെ നായിക-പത്മ-സ്വതേ ഭാവനാസമ്പന്നയാണു്. പത്മയെ, നമ്മുടെ മുമ്പിൽ കവി ആദ്യമായി പ്രാദുർഭവിപ്പിക്കുന്നതുതന്നെയും, ഭാവനാവ്യവസായങ്ങളായ പ്രജാഗരാദിവിരഹലക്ഷണങ്ങളെല്ലാം തികഞ്ഞ ഒരു രൂപവതിയായിട്ടാണു്. "അത്യാഹിതസൂചക"മായ ഏന്തോ ഒരു "ദുസ്സ്വപ്നം"കണ്ടുണർന്നു്, ശേഷിച്ച രാത്രിമുഴുവനും—"നിന്നിദ്ര"യായി "ഭാവിചിന്താസന്തപ്ത"യായ്—കഷ്ടിച്ചു നേരംവെളുപ്പിച്ചിട്ടു്, പത്മ, അതിരാവിലെ, തൻെറ കാമുകനെക്കണ്ടു് കുശലം അന്വേഷിപ്പാനായി അദ്ദേഹം കിടന്നുറങ്ങുന്ന മുറിയുടെ വാതുക്കൽ ബദ്ധപ്പെട്ടു ഓടിഎത്തിയിരിക്കയാണു്. ഈ വ്യാകുലഭാവത്തിൽ, പത്മയുടെ ഈ വ്യാകുലസ്ഥിതിയ്ക്കു കാരണം-ഒന്നാമതു്, അവളുടെ ഭാവനാസമ്പത്തി, രണ്ടാമതു്, സ്വകമിതാവിൻെറ സ്വഭാവസ്ഥിരതയെപ്പററി ബാല്യംമുതല്ക്കേ അവൾക്കുണ്ടായിരുന്ന ധാ-


# മാധവസർസപാരില

(നറുനീണ്ടിസത്തു്)

വളരെ നവീനരീതിയിൽ നറുനീണ്ടി (നന്നാറി)യും മററു രക്തസംവർദ്ധകങ്ങളായ ഔഷധങ്ങളും ചേർത്തു ശേഖരിച്ചതായ ഞങ്ങളുടെ "സരസപാരില" രക്തം ഉഷ്ണിച്ചുണ്ടാവുന്ന എല്ലാവിധ ഉപദ്രവങ്ങൾക്കും മൂത്രം എരിച്ചിൽ, മൂത്രതടസ്സം; സ്ത്രീപുരുഷന്മാർക്കുണ്ടാകാവുന്ന ഉഷ്ണസംബന്ധമായ സുഖക്കേടുകൾ ഇവകൾക്കും ഉടനടി ഫലംചെയ്യുന്നു. പ്രായഭേദംകൂടാതെ രക്തശുദ്ധിക്കും; രക്തവർദ്ധനയ്ക്കും ഉഷ്ണകാലങ്ങളിൽ ദേഹത്തിലെ ചൂടിനെ കുറച്ചു്; കുളർമയും സുഖവും സിദ്ധിക്കുന്നതിനു എപ്പോഴും ഉപയോഗപ്രദം.

എല്ലാ പ്രധാന ഷാപ്പുകളിലും കിട്ടും; വില ബോട്ടൽ 3 ക. മാത്രം. Catalogue free

സ്റ്റാക്കിസ്റ്റ്സ്; കോഴിക്കോട്ടു്; പി. കുട്ടൻബ്രദേഴ്സ്.

P. S. സിലോൺ, സിങ്കപ്പൂർ, റങ്കൂൺ, ബാംബെ എന്നീ സ്ഥലങ്ങളിൽ സോൾഏജൻറന്മാരെയും സ്റ്റാക്കിസ്റ്റന്മാരെയും ആവശ്യമുണ്ടു്. ഉടനെ അപേക്ഷിക്കുക.

മാധവഫാർമസി (എറണാകുളം) ലിമിററഡ്, എറണാകുളം

രണം. ഇതുരണ്ടുംകൂടിച്ചേർന്നാണു് അവളുടെ മനസ്സിനു ശല്യമുണ്ടാക്കിത്തുടങ്ങിയതു്.

രാമലാലഗൃഹത്തിലെ സദാചാരപരിശീലനത്താലും, വിദ്യാഭ്യാസസമ്പാദനത്താലും വേണ്ട മനഃസംസ്കാരം സിദ്ധിച്ചിരുന്ന ഈ കലിനകുമാരിയുടെ ഭാവനാപ്രവണതയെ, ആബാല്യപ്രണയസഖാവായ ഉപേന്ദ്രന്റെ സംസർഗ്ഗം, രാഷ്ട്രീയപ്രബുദ്ധതയിലേയ്ക്കു നിഷ്പ്രയാസം വളർത്തിവിട്ടുവെന്നുള്ളതു്, എത്രയും സ്വാഭാവികംമാത്രമാകുന്നു.

തന്റെ ഗൃഹത്തിൽനിന്നു ബന്ധനസ്ഥനായ് പൊയ്പോയ ഉപേന്ദ്രന്റെ വേർപാടു്, പത്മയുടെ ഭാവനാശക്തിയെ സമഗ്രമായ് തട്ടിയുണർത്തി. അതു അവളുടെ വിരഹാനുഭവത്തെ ചിന്താകലുഷിതവും സ്വപ്നസംഭാവിതവുമാക്കിത്തീർത്തു. രണ്ടു വർഷത്തോളം ഇപ്രകാരം വിരഹക്ലാന്തയായ് വീട്ടിലിരുന്നുകഴിച്ചുകൂട്ടേണ്ടിവന്ന അവളുടെ ഏകാന്തകാന്താസ്മരണയിൽ, പലതരത്തിലുള്ള സ്വപ്നദർശനങ്ങളും ചിന്താതരംഗിതങ്ങളായ ജീവിതവിമർശനങ്ങളും അവൾക്കുണ്ടായി, ഈ സന്ദർഭത്തിലെ അവളുടെ ആത്മാലാപങ്ങൾ, അവളുടെ പ്രേമദാർഢ്യത്തേയും രാഷ്ട്രീയപ്രതിപത്തിയേയും അവിടവിടെ പ്രസ്പഷ്ടമാക്കുന്നുണ്ടു്.

എന്നാൽ, പത്മയുടെ ഭാവനാപ്രകൃതിയെപ്പററി, ഒരു സംഗതികൂടി ഇവിടെ പ്രസ്താവ്യമാണു്. തന്റെ ഭാവനാസമൃദ്ധിയെ, സ്വജീവിതലക്ഷ്യങ്ങൾക്കു വിധേയമായിത്തന്നെ, അവൾ പുലർത്തിവന്നു. ചെറുപ്പംമുതല്ക്കേ, ഈ നിയന്ത്രണമില്ലായിരുന്നുവെങ്കിൽ, അവൾ എത്ര മുമ്പേ വീട്ടുവിട്ടിറങ്ങി, ഒരു സ്വച്ഛന്ദചാരിണിയുടേയോ അഭിസാരികയുടേയോ മട്ടിൽ കണ്ടേടമലഞ്ഞുതിരിഞ്ഞുപോയേനേ! അനിയന്ത്രിതമായ ഭാവനാവ്യാപാരം, യുവാക്കളെ വിഡ്ഢിത്തത്തിലേയ്ക്കോ ഉന്മത്തതയിലേയ്ക്കോ പ്രായേണ നയിക്കാറുണ്ടു്. അങ്ങനെയുള്ള ഭാവനാവികൃതികളൊന്നുമല്ല, നാം പത്മയിൽ കാണുന്നതു്. അവളുടെ ഭാവനാസമ്പത്താകട്ടെ, തന്റെ ജീവിതാദർശകമായ സതീധർമ്മത്തിനുതകുന്ന മാർഗ്ഗങ്ങളെ അപ്പോഴപ്പോൾ അവൾക്കു തെളിച്ചു കാട്ടിക്കൊടുക്കുന്നതിലും, പ്രവർത്തിക്ഷമമായ പ്രേരണ നൽകുന്നതിലും, ഒരു വലിയ പങ്കു് വഹിക്കുന്നുണ്ടു്. ഈ വഴിയ്ക്കാണു്, സ്വജീവിതത്തിലെ വ്രതദാർഢ്യാദിസൽഗുണങ്ങളും, ഒടുവിൽ ഉറച്ചുകിട്ടുന്ന ത്യാഗബുദ്ധിയും അവളുടെ സ്വഭാവത്തോടു് ഇണങ്ങിച്ചേർന്നു്, അവളെ ഒരു പ്രൗഢനായികയാക്കിത്തീർക്കുന്നതു്.

പ്രണേതാവായ ഉപേന്ദ്രൻ ആസന്നമൃത്യുവായി കിടക്കുന്ന ദശയിൽപോലും തന്റെ പാണിഗ്രഹണം പ്രകൃതിസാക്ഷികമായ്.

"മഹിതോത്സവമീവിധംമഹാ
വിജനത്തിങ്കൽ"

വെച്ചുനടത്തി കഴിയുന്നതോടുകൂടി, പത്മയ്ക്കും ജീവിതാർത്ഥസിദ്ധി സമ്പൂർണ്ണമായ് ലഭിക്കുന്നു. എന്നാൽ അടുത്ത മുഹൂർത്തത്തിൽ തന്റെ നാമോച്ചാരണം സഗൽഗദം പ്രിയതമന്റെ കണ്ഠത്തിൽനിന്നു പുറപ്പെട്ടുകൊണ്ടിരിക്കവേതന്നെയുണ്ടായ അദ്ദേഹത്തിന്റെ ദേഹവിയോഗം പത്മയെപെട്ടെന്നു പാടെ നിഷ്പ്രജ്ഞയാക്കിത്തീർത്തു. അപ്പോൾമുതൽക്കു് അവളുടെ വിവേകവും അസ്തമിക്കുന്നു. അനിയന്ത്രിതമായ് പ്രവഹിച്ചുതുടങ്ങി, അവളുടെ ഭഗ്നചേതസ്സിലെ ഭാവനാവ്യൂഹം! ഉപേന്ദ്രസന്നിധിയിലല്ലാതെ അവൾക്കു് ജീവിക്കാൻ സാദ്ധ്യമല്ലെന്നൊരു തോന്നൽ അവളിൽ വല്ലാതെ കടന്നുകൂടി. ഈ സന്ദർഭത്തിലവൾക്കുണ്ടായ മോഹാലസ്യത്തിൽനിന്നുണർന്നയുടൻ അവൾ വിലപിക്കയാണു:—

"മുളവെൺകളിൽ ദീപനാളമേ!
സരളസ്നേഹരസംവെടിഞ്ഞുനീ
ഇതുവേളയിലീവിളക്കിനെ-
പ്പുകയാക്കിപ്പുനരെങ്ങുപോയിതോ?"

ഹൃദയം തകർന്നിങ്ങനെ വിലപിച്ചുകൊണ്ടു് മേൽപ്പോട്ടു നോക്കിയപ്പോൾ സ്വപ്രാണനാഥനായ ഉപേന്ദ്രൻ തന്നെ മാടിവിളിക്കുന്നതായ് പത്മ, സംഭാവനം ചെയ്യുന്നു. തത്സമയം അവളുടെ ഭാവനോദ്വേഗം, അവളെക്കൊണ്ടു ഭർത്തൃഹിതം അനുസരിപ്പിക്കുന്നവിധം എങ്ങനെയെന്നു നോക്കുക:—

"ഇത വന്നുകഴിഞ്ഞുവെന്നരാ-
ച്ചവൾ പറഞ്ഞാളൊരു മിന്നലെന്ന
പോൽ"—

ഈ വാച്ചിൽ എങ്ങോട്ടു്? ഭർത്താവിന്റെ ജഡം ചിതയിലെരിഞ്ഞുകൊണ്ടിരിക്കുന്ന തീരപ്രാന്തത്തിലെ ഗംഗാനദിയിൽചാടി ജീവത്യാഗംചെയ്യാൻ അവൾ അപ്പോഴും ഭാവനാസമ്പന്നതന്നെ. പക്ഷേ അശിക്ഷിതം—എന്നുമാത്രം. ഏകലക്ഷ്യോന്മാദം (mono mania) എന്നീ മനോവൃത്തിയ്ക്കു പേരുപറയണം. മരണത്തിലും സ്വജീവിതേശ്വരനെ അനുകരിക്കണമെന്നുള്ളതാണു് പത്മയുടെ അപ്പോഴത്തെ ജീവിതൈകലക്ഷ്യം. ഈ ലക്ഷ്യസിദ്ധിക്കുവേണ്ടി അവളുടെ ഭാവനാപ്രളയം, ശക്തിമത്തായ് ഏകോപിച്ചു് പ്രദാനംചെയ്ത പ്രേരണപ്രഭാവം അപ്പോൾ അപ്രതിരോധ്യംതന്നെയായിരുന്നു. ഈ മനോവൃത്തിയിൽ, അവൾക്കു്, പ്രസ്തുതലക്ഷ്യം സംബന്ധിച്ചൊരു ചിത്തഭ്രമമെന്നല്ലാതെ മററു കാര്യങ്ങളിൽ സാമാന്യ ബോധമുണ്ടായിരിക്കുകയെന്നതു്, ഒട്ടും അസംഗതമല്ല. അതുകൊണ്ടുതന്നെയാണു്, ഗംഗാവഗാഹത്താൽ തനിക്കു് പ്രാണനാഥാനുകരണം സാധിച്ചുകൊള്ളാമെന്നു് തീർച്ചയാക്കിക്കൊണ്ടു് പത്മ, ആ തീരത്തിലോടിയെത്തിച്ചേർന്നപ്പോൾ, അവൾ ആദ്യമായ് ഗംഗയെ ആത്മേശ്വരിയെന്നു സങ്കല്പിച്ചു് ആത്മാർത്ഥമായ് അഭിവന്ദിക്കുന്നതു്. ഈ ആത്മേശ്വരിയുടെ മുമ്പിൽ അവൾ ചെയ്യുന്ന കുററസമ്മതം എത്രവളരെ ശരിയായിരിക്കുന്നു!

'അവിവേകോദിതമായസാഹസം
അയി ദേവി! പൊറുത്തിടേണമേ!'

എന്നുള്ള ക്ഷമായാചനയോടുകൂടി അവൾ ഗംഗയിലേക്കു്, കഷ്ടം! നിപതിക്കുന്ന തക്കത്തിൽ,

'സതിപത്മജയിച്ചിടട്ടെ തൽ
പ്രിയനോടൊത്തിനിമേലിലെങ്കിലും'

എന്നു അവിടെക്കൂടിയിരുന്ന ജനസംഘത്തെക്കൊണ്ടു് സൽകീർത്തനംചെയ്യപിരിയത്തക്കവണ്ണം ഭാവനാസമ്പന്നയായ ഈ സതീരത്നം, ഗംഗാപ്രവേശത്താൽ അപ്പോഴേക്കും അന്തരിച്ചുകഴിഞ്ഞിരിക്കുന്നു!!

ചുരുക്കിപ്പറഞ്ഞാൽ ഭാവനാസമ്പന്നമായ സ്വധർമ്മാനുഷ്ഠാനത്താൽ, ഭാരതീയാദർശസായൂജ്യം പ്രാപിച്ച ഇതിലെ പത്മ, കൈരളീകാവ്യമണ്ഡലത്തിൽ, എണ്ണപ്പെടേണ്ട ഒരുത്തമ നായികയായ്ത്തന്നെ പരിലസിക്കുന്നു.

—o—

# 'പ്രാചീനാര്യാവർത്തത്തിലെ വൈദ്യകല'

കൈതപ്പുഴംവീട്ടിൽ ശങ്കരപ്പിള്ള ചവറ.

ഹിന്ദുക്കൾ എത്രയും പ്രാചീനകാലംമുതൽക്കുതന്നെ ആയുർവ്വേദത്തിൽ ശ്രദ്ധ പതിച്ചിരുന്നു. ഋഗ്വേദത്തിൽ സമരത്തിൽ വിജയം കാംക്ഷിക്കുന്ന ഘട്ടങ്ങളിൽ വിക്രമവിജയങ്ങളുടെ ദേവതയായ ഇന്ദ്രനെ ഋഷിമാർ പ്രാർത്ഥിക്കുന്നു. വല്ല സുഖക്കേടിൽ നിന്നും രക്ഷപ്രാപിക്കുമ്പോൾ യുഗ്മദേവതകളായ അശ്വിനികളെ അവർ വാഴ്ത്തുന്നു. അവരുടെ ബുദ്ധിമുട്ടിനു് ഉപകരിച്ചതായ ദേവതകളെ പൂജിക്കാനായി അവർ ആഹൂതിതയ്യാറാക്കി അവരെ ആഹ്വാനംചെയ്യുന്ന കൂട്ടത്തിൽ അശ്വിനികൾ അതിൽ പാകുകൊള്ളുന്നതിനു് അനുവദിക്കുന്നതായി കാണുന്നില്ല. മതസംബന്ധമായും സാമുദായികമായും നോക്കുന്നപക്ഷം വൈദ്യവൃത്തി തുലോം താണപടിയിൽ അനുഗണിച്ചുവന്നിരുന്നുവെന്നുള്ള വസ്തുത ഇതു തെളിയിക്കുന്നുണ്ടു്. വിവിധജീവിതവ്യാപാരങ്ങളിലും, സംഭ്രമജനങ്ങളായ സൈനികപരാക്രമങ്ങളിലും വ്യാപരിച്ചിരുന്നവരും പരിഷ്കാരാഭിവൃദ്ധിയിൽ അതിന്റെ അനിർവ്വാര്യ സഹഗാമികളായി വരാവുന്ന നാനാംഗഭംഗങ്ങൾക്കും നശ്വരങ്ങളായ നാനാപ്രേരണകൾക്കും വശംവദരും, സുഖഭോഗവും ആഹാരസമൃദ്ധിയും കൊണ്ടു് ശരീരത്തിന്റെ പ്രകൃത്യാനുസാരമായ നില തെററി കായികക്ലേശം അനുഭവിച്ചിരുന്നവരുമായ ഒരു ജനവിഭാഗത്തിൽ ശസ്ത്രക്രിയാവിദഗ്ദ്ധന്മാരുടേയും സാധാരണ ഭിഷഗ്വരന്മാരുടേയും സഹായ്യം ഒരിക്കലും ഒഴിച്ചുകൂടാൻ പാടില്ലാതായിവന്നതിനാൽ അവരെ ഏറിയനാൾ ത്യാജ്യകോടിയിൽ തള്ളിയിടാൻ നിവൃത്തിയില്ലാതായിത്തീരുകയും സ്വഭാവശുദ്ധിയിലും പഠിപ്പിലും ശാസ്ത്രീയപരിശോധനയിലും അവർക്കുള്ള നിഷ്ഠയുടെ ഫലമായി യജ്ഞോപകരണമായ നിവേദ്യത്തെ പാകുകൊള്ളുന്നതിൽ അവരെ ക്രമേണ സ്വീകരിച്ചുതുടങ്ങുകയും ചെയ്തു. ശസ്ത്രക്രിയാവൈദ്യന്മാരെ ഒരു കാലത്തു വെറും വൃത്തിഹീനരായും സഭ്യരുടെ ഇടയിൽ സഹവാസത്തിനു കൊള്ളരുതാത്തവരായും ഗണിച്ചുവന്നിരുന്നുവെന്നും, എന്നാൽ യജ്ഞത്തിൽ അശ്വിനികൾക്കു ലഭിച്ച വിജയം അവരെ എല്ലാവരാലും ബഹുമാനിക്കുന്നതിനു സംഗതിയാക്കിയെന്നും ധന്വന്തരി പറയുന്നു. സപത്നികൾ തമ്മിൽ അസൂയാലുക്കളായി അവരുടെ ഏകഭർത്താവിന്റെ അനുരാഗത്തേയും ശ്രദ്ധയേയും ഏകാവകാശമായിക്കവരുന്നതിനു് ശ്രമിക്കുന്ന കൂട്ടത്തിൽ, സസ്യജന്യമായ ഔഷധരൂപത്തിൽ സൗന്ദര്യവർദ്ധിനികളായ പരിമളതൈലത്തേയും വർണ്ണക്കൂട്ടിനേയും ശ്ലാഘിച്ചു കല്പിക്കുന്ന ഭിഷഗ്വരന്റെ സഹായ്യം അവർക്കാവശ്യമായിത്തീർന്നു. വൈദ്യശാസ്ത്രം ഏശുക്രിസ്തുജനിക്കുന്നതിനു കുറഞ്ഞപക്ഷം ൪൦൦൦—വർഷങ്ങൾക്കുമുമ്പുതന്നെ നല്ല അഭിവൃദ്ധിയിലെത്തിയിരുന്നുവെന്നു് മി: കുന്തിപറയുന്നു. യുദ്ധത്തിൽ വലഞ്ഞയോദ്ധാക്കൾക്കു് സാന്ത്വനങ്ങളായ വേദനശമനൌഷധങ്ങളെ നിർണ്ണയിക്കേണ്ടിയിരുന്നു; ഒടിഞ്ഞകാലുകൾക്കുപകരം കൃത്രിമമായ ഇരുമ്പുകാലുകൾ വയ്ക്കേണ്ടിയിരുന്നു, ഉടവുതട്ടിയ കണ്ണുകൾ ചുഴഞ്ഞു മാറേറണ്ടതായും പല വ്യാധികളും ചികിത്സിക്കേണ്ടതായും പ്രസവകാലത്തു സ്ത്രീകളെ സഹായിക്കേണ്ടതായും ഇരുന്നു. ജനങ്ങൾ വൈദ്യവൃത്തിയിൽ അതിയായ ശ്രദ്ധപതിച്ചിരുന്നുവെന്നും ശസ്ത്രക്രിയാവിദഗ്ദ്ധന്മാരും ഭിഷഗ്വരന്മാരും ജനസഞ്ചയമദ്ധ്യേ ഒരു നല്ല സ്ഥാനം അർഹിച്ചിരുന്നുവെന്നും ഇതു് നിസ്തർക്കം തെളിയിക്കുന്നുണ്ടു്.

അഥർവ്വവേദം പ്രാചീനാര്യന്മാരുടെ വൈദ്യഭണ്ഡാഗാരമാണു്. വളരെക്കാലങ്ങൾക്കുശേഷം വ്യവസ്ഥാപിതമായ വൈദ്യപ്രബന്ധങ്ങൾ എഴുതിയുണ്ടാക്കുന്നതിനുമുമ്പുതന്നെ എത്രയോ ഔന്നത്യമായ വളർച്ചയിൽ വൈദ്യകല എത്തിയിരുന്നുവെന്നു് വ്യക്തമായി അതു വെളിവാക്കുന്നുണ്ടു്. പൗരാണിക ഹിന്ദുക്കളുടെ മാനസികമായും ശാസ്ത്രീയമായും ഉള്ള അറിവിനെ തുലനംചെയ്യുന്നതിനു് അതു് സരസവും ഏററവും പ്രധാനവുമായ ഒരു ഗ്രന്ഥം തന്നെയാകുന്നു. പ്രൊഫസ്സർ ബ്ളൂംഫീൽഡിനെപ്പോലുള്ള പാശ്ചാത്യപണ്ഡിതന്മാർ 'വിശുദ്ധമന്ത്രങ്ങളെന്നും' 'ക്ഷുദ്രമന്ത്ര'ങ്ങളെന്നും ഉള്ള പല അഭിധാനങ്ങളും അതിനു കല്പിക്കുന്നുണ്ടു്. 'അതു് ഒരുകൂട്ടം മന്ത്രങ്ങളാണു്. അതിലെ ഏററവും പ്രത്യക്ഷമായ പാഠം ക്ഷുദ്രമാകുന്നു. എന്തുകൊണ്ടെന്നാൽ വിരോധികളുടെ നേക്കാണു് അതു് ഏറിയകൂറും പ്രയോഗിക്കാറുപതിവു്. പൈശാചികശക്തികളെസംബന്ധിച്ചു് എത്രയും പ്രാചീനാഭിപ്രായങ്ങൾ എപ്പോഴും സംരക്ഷിക്കാൻ ഉത്സുകരായ സാമാന്യജനങ്ങളുടെ ഇടയിൽ നടപ്പുള്ള ഒരുകൂട്ടം ക്ഷുദ്രമന്ത്രങ്ങളാണു്. അവയ്ക്കു് ചരിത്രാതീതകാലത്തെ ഒരു ചുവയുണ്ടു്.' എന്നും മററുമാണു് പ്രൊഫസ്സർ മാക്ക്ഡൊണാൾഡ് പറയുന്നതു്. 'രോഗങ്ങൾ ഭേദപ്പെടുത്തുന്നതിനുള്ള അതിലെ ചില മന്ത്രങ്ങൾ ഉദ്ദേശത്തിലും അഭിലാഷത്തിലും ഒട്ടൊക്കെ ചടങ്ങിലും ചില ജർമ്മൻമന്ത്രങ്ങളോടും, ലൊററിക്കുമന്ത്രങ്ങളോടും, റഷ്യൻമന്ത്രങ്ങളോടും യോജിക്കുന്നുണ്ടു്.' എന്നു് അഡാൽബെട്ടു് ക്രൂൺ എന്നൊരാൾ പറയുന്നു. അതിനെ അടിസ്ഥാനപ്പെടുത്തി അതിലെ ചില മന്ത്രങ്ങൾ ചില്ലറവ്യത്യാസങ്ങളോടുകൂടി പക്ഷേ 'ഇൻഡോ യൂറോപ്യൻ'കാലംമുതലുള്ളതാണെന്നു് പ്രൊഫസ്സർ മാക്ക്ഡൊണാൾഡ് തന്റെ ബുദ്ധിപൂർവ്വമായ അനുമാനംകൊണ്ടു് കാലനിർണ്ണയം ചെയ്യുന്നു. പ്രസവം സുഖപ്രദമാക്കുന്നതിനു് ഉതകുന്നതായ ശസ്ത്രക്രിയാസാമഗ്രികൾ ഉപയോഗിക്കുന്നതിലുള്ള അറിവു് പ്രാചീനഭാരതീയർക്കുണ്ടായിരുന്നു എന്നുള്ളതിനു പല ഉദാഹരണങ്ങളും അഥർവ്വവേദത്തിൽനിന്നും എടുത്തുദ്ധരിക്കാനുണ്ടു്. പലമാതിരി ജ്വരങ്ങളും, ഹൃദയരോഗങ്ങളും, ശിരോരോഗങ്ങളും, മൂത്രാശയരോഗങ്ങളും, കുഷ്ഠം, വാതം, ക്ഷയം മുതലായ മററനേകരോഗങ്ങളും, അവയുടെ നിവാരണമാർഗ്ഗങ്ങളും അഥർവ്വവേദത്തിൽ രേഖപ്പെടുത്തിക്കാണുന്നതു്, വാസ്തവത്തിൽ പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ച 'അപ്പോസ്തലന്മാർ' അതിനെ വർണ്ണിക്കുന്നതുപോലെയല്ലെന്നു വ്യക്തമാക്കുന്നു.

അഥർവ്വവേദം ഒന്നാമത്തെ വൈദ്യഗ്രന്ഥമാണെന്നുള്ളതിൽ സംശയലേശമില്ല. ഔഷധവും ശസ്ത്രക്രിയയും വൈദികഗ്രന്ഥാവലിയിൽ പ്രതിപാദിച്ചിട്ടുണ്ടെന്നു കാണിക്കുന്നതിനു് ഭാരതീയവിദ്വന്മകുടമായ രാമേന്ദ്രസുന്ദരതിരുവടി 'സാഹിത്യപരിഷത്പത്രിക'യിൽ ഒരു ലേഖനം എഴുതിക്കാണുന്നുണ്ടു്. ശരീരശാസ്ത്രവും ശസ്ത്രക്രിയയും ഒരു വേദത്തിൽനിന്നുതന്നെ അതായതു് അഥർവ്വവേദത്തിൽനിന്നും തന്നെ അഭിവൃദ്ധിയിൽ വന്നിട്ടുള്ളതാണു്. ദീനങ്ങളുടെ വ്യവസ്ഥിതമായ ചികിത്സയും, അവയുടെ രോഗനിദാനവും ഔഷധവിധിയും നാം ചരകത്തിൽ കാണുന്നു; എന്നാൽ ശസ്ത്രക്രിയയിൽ ഒരു ഉയർന്നപദം പ്രാപിച്ചതായിട്ടാണു് സുശ്രുതംകൊണ്ടു് നമുക്കു വെളിവാകുന്നതു്. സുശ്രുതൻ പലമാതിരി ശസ്ത്രക്രിയാസാമഗ്രികൾ ഉപയോഗിച്ചിരുന്നതായി ഡാക്ടർ ഗിരീന്ദ്രനാഥമുക്കർജി 'ഹിന്ദുക്കളുടെ ശസ്ത്രക്രിയോപകരണങ്ങൾ' എന്ന വിഷയത്തെപ്പററി കൽക്കട്ടാസർവ്വകലാശാലയിൽ താൻ ഹാജരാക്കിയ പ്രബന്ധത്തിൽവിശദമായി പ്രതിപാദിച്ചുകാണുന്നു. വശ്യങ്ങളും മന്ത്രവാദങ്ങളും വാസ്തവത്തിൽ അഥർവ്വവേദത്തിലുണ്ടു്. എന്നാൽ, ചികിത്സയ്ക്കു ഉപയോഗപ്രദങ്ങളായ പല ചെടികളും മൂലികകളും ന്യായമായ വിവേചനത്തോടുകൂടി അവയ്ക്കിടയിൽ വിതറിക്കാണുന്നുമുണ്ടു്. ചരകം, സുശ്രുതം മുതലായതിനെപ്പോലെയുള്ള ശാസ്ത്രീയഗ്രന്ഥങ്ങൾ വൈദികകാലത്തു് എഴുതപ്പെട്ടിട്ടുള്ളവയല്ലെന്നു് സമ്മതിക്കാം. അഥർവ്വവേദത്തിനും ചരകം, സുശ്രുതം ഇവകൾക്കും മദ്ധ്യേ ഏറിയകാലം നിശ്ചയമായും കടന്നു

(ശേഷം ഒൻപതാംപേജിൽ)


# ലേലപ്പരസ്യം

മേൽക്കൂട്ട ഭദ്രമായിട്ടുള്ള ഏകദേശം നാല്പതോളം ഓടിട്ട കെട്ടിടങ്ങളും ഓലമേഞ്ഞ കെട്ടിടങ്ങളും, ചുടുകട്ട, മുള്ളുകമ്പിച്ചുരുൾ, ആംഗിൾസ് ജാതി ഇരുമ്പു് മുതലായവയുടെ ലേലവില്പന ആലപ്പുഴയ്ക്കു ൩ മൈൽവടക്കുള്ള കലവൂർ ആർ. ഏ. എഫ്. ക്യാമ്പിൽവച്ചു് ജനുവരി ൩൧-ാംതീയതി കാലത്തു് ൯-൩൦-നു് നടത്തപ്പെടുന്നതാണു്. കോയമ്പത്തൂരിലെ ഡി. ഏ. ഡി. എൽ. എച്ച്. & ഡി സെർവ്വീസിന്റെ നിർദ്ദേശമനുസരിച്ചു് ഗവമ്മെന്റു് ആക്ഷനിയന്മാരായ ചാരി & കോ, ഇന്ത്യാഗവമ്മെന്റിലെ ഹയറിംഗ്സ & ഡിസ്പ്പോസൽ ഡയറക്ടർ ജനറൽ അഫ് ലാൻഡ്സിനുവേണ്ടിയാണു് ഈ ലേലം നടത്തുന്നതു്.




## ടാക്കീസ്

### കൊല്ലം ലക്ഷ്മീടാക്കീസിൽ

മഹത്തായ 4-ാംവാരം
റ്റി. ആർ. രാജകുമാരി, വസന്തകോകിലം, ടി. എസ്. ബാലയ്യാ, ഹൊന്നപ്പാഭാഗവതർ, കാളി എൻ. രത്തിനം

**വാല്മീകി**

ഞായറാഴ്ച വൈകിട്ട് ൧-൩ം മണിക്ക് മാററിനി ഷോ ഉണ്ടായിരിക്കും

പുതിയ ന്യൂസ്റീൽ—

ഇന്ത്യൻ ഇടക്കാലഗവമ്മെൻറ് വൈസ്പ്രസിഡൻറ് പണ്ഡിത ജവഹരിലാൽ നെഹ്റു, അഖിലേന്ത്യാ മുസ്ലിംലീഗ്പ്രസിഡൻറ് മി. എം. എ. ജിന്നാ, തുടങ്ങിയ നേതാക്കന്മാരെ നിങ്ങൾക്ക നേരിട്ടു ന്യൂസ്റീലിൽകാണുന്നതിനുസാധിക്കും. സന്ദർഭം പാഴാക്കാതിരിക്കുക.

### കൊല്ലം S. M. P. പാലസ്സിൽ

രഞ്ജൻ ബി. ഏ.
കെ. എൽ. വി. വസന്ത, റ്റി. ആർ. രാജകുമാരി, കൃഷ്ണൻ മധുരം മുതലായവർ അഭിനയിച്ച

**ശാലിവാഹനൻ**

### ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ

മഹത്തായ നാലാംവാരം
എം. കെ. ത്യാഗരാജഭാഗവതർ, റ്റി. ആർ. രാജകുമാരി, എൻ. സി. വസന്തകോകിലം, കൃഷ്ണൻ, മധുരം, അഭിനയിച്ച

**ഹരിദാസ്**

### ചവറ ബേബിടാക്കീസിൽ

റ്റി. ആർ. രാജകുമാരി, കൊത്തമംഗലം ചീനു, വിദ്വാൻ ശ്രീനിവാസൻ, രാജഗോപാലയ്യർ അഭിനയിച്ച

**കചദേവയാനി**

തമിഴ് ചിത്രം.

### അമ്പലപ്പുഴ ഗോപിടാക്കീസിൽ

എം. കെ. ത്യാഗരാജഭാഗവതർ, റ്റി. ആർ. രാജകുമാരി, ശാമ, കൃഷ്ണൻ, മധുരം മുതലായവരഭിനയിച്ച

**ശിവകവി**

എന്ന പുണ്യപുരാണതമിഴ് ചിത്രം

### എതൃകക്ഷിക്കു നോട്ടീസ്

—o—

കോട്ടയം മുൻസിഫ് കോർട്ടിൽ
ഫഫഫ-ാമാണ്ടു എസ്സ്-സീ ർ൨൨.

വാദി—നാട്ടകം പള്ളം കരയിൽ മേലേടത്തുനിന്നും ഉമ്മാശേരിൽ താമസം ചാക്കൊ കുര്യൻ.

പ്രതി—അയ്മനം പകുതിയിൽ വല്യാട്ടുകരയിൽ തുണ്ടപ്പറമ്പിൽ കുരുവിള ചെറിയാൻ.

പ്രതിയെ തെര്യപ്പെടുത്തുന്നതു്.

വിധിനടത്തണമെന്നും വാറണ്ടയയ്ക്കണമെന്നും ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ഫഫവവ-ാമാണ്ടു സിവിൽ ഫവ ാംനമ്പർ ഹർജിസംഗതി

## പരസ്യം

—o—

ചങ്ങനാശേരി മുൻസിഫ് കോർട്ടിൽ
ഫവഫ—ൽ സിവിൾ നമ്പ്ര: ൩൪വ.

വാദി—വാഴപ്പള്ളി കിഴക്കുംഭാഗം പകുതി ടി മുറിയിൽ ചന്തയിൽ മടത്തിപ്പറമ്പു പീടികയിൽ അബൂബക്കർ അഹമ്മദ്.

പ്രതി—മലബാർ ചിറക്കൽതാലൂക്ക കണ്ണൂരംശംദേശത്ത് ഇടക്കിപ്പകത്തുവീട്ടിൽനിന്നും കുടിഹായിളകത്തുവീട്ടിൽ താമസിക്കും ഹാജി സൂപ്പിക്കഞ്ഞു്.

ടി പ്രതിയെ തിര്യപ്പെടുത്തുന്നതു്.

മേൽ നമ്പർ അന്യായസംഗതിക്ക് പ്രതിക്ക് പലതവണ സമൻസയച്ചതിൽ കൈപ്പററാതെ മടങ്ങി വന്നിട്ടുള്ളതും കേസ് വീണ്ടും വിചാരണക്കായി ഫൻ—ന്നു—ഫവവ-ലേക്ക് അവധിവച്ചിരിക്കുന്നതിനാൽ പ്രതിക്കു തക്കമുള്ളപക്ഷം അന്നേദിവസം പകൽ ഫഫ-മണിക്ക് ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചു കൊള്ളേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം
വന്ന ൫-ഫവവ.   ഹെഡ്ക്ലാർക്ക് (ഒപ്പ്)

—o—

## പരസ്യം

—o—

കോട്ടയം ജില്ലാക്കോടതിമുമ്പാകെ
II .
ഫഫവഫ-ൽ അപ്പീൽനമ്പർ ൩൪൩.

അപ്പീൽവാദി—വാഴപ്പള്ളി കിഴക്കും ഭാഗംപകുതിയിൽ ടി മുറിയിൽ നെടിയകാലാപറമ്പിൽ വക്കി ജോസഫ്.

അപ്പീൽപ്രതികൾ—(ഫ) വാഴപ്പള്ളി കിഴക്കുംഭാഗംപകുതിയിൽ ടി മുറിയിൽ താഴ്ചത്തറയിൽ നിന്നും, ചങ്ങനാശ്ശേരിപകുതിയിൽ പുഴവാതുമുറിയിൽ പാററുങ്ങു താഴ്ചയിൽ താമസം ത്രേസ്യാമ്മ അവുസേപ്പു എന്നുകൂടി പേരുള്ള മത്തായി അവുസേപ്പ്. (വ) വാഴപ്പള്ളി കിഴക്കുംഭാഗംപകുതിയിൽ ടി മുറിയിൽ താഴ്ചത്തറയിൽനിന്നും വാഴപ്പള്ളി പടിഞ്ഞാററുംഭാഗംപകുതിയിൽ കണ്ണമ്പേരൂർപാലത്തിനു വടക്കുവശം തുരുത്തിമുറിയിൽ ആലഞ്ചേരിവക പുരയിടത്തിൽ താമസം മത്തായി ചാക്കോ. (൩) വാഴപ്പള്ളി കിഴക്കുംഭാഗംപകുതിയിൽ ടി മുറിയിൽ നെടിയകാലാപറമ്പിലായ പാത്തിക്കൽ താമസം തോമ്മാ അന്തോനി. (ർ) മാടപ്പള്ളിപകുതിയിൽ കുറുമ്പനാടംമുറിയിൽ കുറുമ്പനാടംപള്ളിയിൽ താമസം മുക്കാട്ടുകുന്നേൽ കൊച്ചുതോമ്മാ ഗീവറുഗീസ് കത്തനാർ. (൫) വെള്ളിയനാട്ടുപകുതിയിൽ കുമരങ്കരിമുറിയിൽ കുമരങ്കരിപള്ളിയിൽ ഇരുപ്പ് കുറുകക്കളത്തിൽ താമസം വട്ടക്കളത്തു തുണ്ടിയിൽ കുഞ്ഞുതൊമ്മൻ ആഗസ്തി. (ന്നു) വാഴപ്പള്ളി കിഴക്കുംഭാഗംപകുതിയിൽ ടി മുറിയിൽ തോട്ടാശേരിൽ അവുസേപ്പ് കുറിയാക്കോ.

ടി അപ്പീൽപ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതികൾക്കു കോർട്ടിൽനിന്നും പലപ്രാവശ്യവും നോട്ടീസ്സയച്ചതിൽ മടങ്ങി വന്നിട്ടുള്ളതും, മേൽനമ്പർ അപ്പീൽ വഫ-ന്നു-ഫവവ ന് വിചാരണവച്ചിരിക്കുന്നതുമാകയാൽ ടി അപ്പീലിന് വല്ല ആക്ഷേപവുംഉണ്ടെങ്കിൽ അന്നേദിവസം പകൽ ഫഫ-മണിക്കു പ്രതികളൊ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതികളെ കൂടാതെ അപ്പീൽ തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്.)
ർ—ന്നു—ഫവവ.

—o—

ഫഫവവ ാമാണ്ടു മകരമാസം ഫവ്വ-ാംനു-വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ഫഫ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
ഫഫവവ-ാമാണ്ടു ധനുമാസം വ൫-ാംനു

—o—

സോഷ്യലിസവും
**ജയപ്രകാശും**

രചയിതാ:— തിരുവാപ്പു ബാലകൃഷ്ണൻനായർ

സോഷ്യലിസത്തെപ്പററി ശരിയായ ഒരറിവുകിട്ടുന്നതിന് ഈ ഗ്രന്ഥം ഉപകരിക്കും. ജയപ്രകാശൻെറ ജീവചരിത്രവും ഇതിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു.   വില 12 അണ.

ആവശ്യപ്പെടുക:—
ഭജേഭാരതം പബ്ളിഷേഴ്സ്,
കോട്ടയം.

**WANTED.**

**Fertilisers & Chemicals Travancore Ltd., Alwaye,**

are now recruiting operating personnel for the Producer Gas, Hydrogen & Nitrogen Generators, Amonia Synthesis, Sulphuric Acid and Ammonium Sulphate Plants. Qualified technicians with chemical, mechanical, electrical, combustion engineering experience in industrial concerns may apply immediately to the Personnel Department giving necessary details of previous experience and salary drawn.

Salary according to qualifications. Travancoreans preferred.

**നൂറു തുള്ളൽകഥകൾ**

സാഹിത്യപഞ്ചാനനൻ, ശ്രീമാൻ പി. കെ നാരായണപിള്ള അവർകളാൽ എഴുതപ്പെട്ട 'കുഞ്ചൻനമ്പ്യാർ' എന്ന സുപ്രസിദ്ധമായ നിരൂപണത്തോടുകൂടിയതു്.

വില രൂപാ ർ.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ഡാക്ടർ T. R. N. ദാസിൻെറ **ലീലാഗൊണോറിയാ പിൽസ്**

ഉഷ്ണപ്പുണ്ണ്, ഒടിക്കരു, (അരയാപ്പുകട്ടി) അസ്ഥിസ്രാവം, ശുക്ലസ്രാവം, വെള്ളനീർവാഴ്ച, മേഹം, മൂത്രത്തിൽകൂടി പഴുപ്പും ചോരയും ചലവും കലർന്നുപോകുക മൂത്രച്ചുടിച്ചിൽ, എരിച്ചിൽ, വേദന, വീക്കം, മൂത്രതടസ്സം, പറങ്കിപ്പുണ്ണ്, ഗൊണോറിയ സിഫിലിസ് (Syphilis) മുതലായി ഗുഹ്യസംബന്ധമായ എല്ലാവിധരോഗങ്ങളും നിശ്ശേഷം സുഖപ്പെടുത്തി രോഗപീഡയാൽ നിരാശരായി വലയുന്ന സ്ത്രീപുരുഷന്മാരെ നിഷ്പ്രയാസം അരോഗദൃഢഗാത്രരാക്കിത്തീർക്കുന്ന ഒരു ദിവ്യൌഷധം 15 ദിവസം സേവിക്കുന്നതിനുള്ള 30 പിൽസ് അടങ്ങിയ ബാട്ടിൽ 1-നു വില രൂപ 2. വി. പി. ചാർജ്ജ് പുറമേ.

**സു ഖി ദ**



(1931-ൽ 335-ാംനമ്പ്രായി കൽക്കട്ടായിൽ രജിസ്റ്റർ ചെയ്തതു്)
ശ്രീചിത്തിര എക്സിബിഷനിൽനിന്നും തങ്കമെഡൽ ലഭിച്ച
"ഒരു അത്ഭുതകരമായ ധാതുപുഷ്ടി നെർവയൻ ടോണിക്കു്"

**മെലിഞ്ഞവർക്ക് ഒരനുഗ്രഹം.**

ഓജസ്സും യൌവനവും എന്നും നിലനിൎത്തുന്ന ഒരു ദിവ്യകല്പം

ധാതുനഷ്ടം, സ്ഖലനം, ഞരമ്പുതളർച്ച, ബലഹീനത ഇവയെ മാററി ക്ഷയിച്ചുപോയ ജീവശക്തി വീണ്ടെടുത്തു് തളർന്നുപോയ ധാതുക്കളെ ബലപ്പെടുത്തി, തലച്ചോറിനെ തണുപ്പിച്ചു് ഓർമ്മശക്തിയെ വർദ്ധിപ്പിക്കുന്നതുകൂടാതെ എല്ലാവർക്കും സുഖാനന്ദം നൽകുന്നതും, സന്താനലാഭത്തെ പ്രദാനംചെയ്യുന്നതുമാണ്. പ്രസവിച്ചവർക്കും ഗർഭിണികൾക്കും അത്യുത്തമം.

24 ഔ: കുപ്പി 1-ക്ക് വില രൂ 4. ണ 8.   വി. പി. ചാർജ്ജ് പുറമേ.

ആയുർവേദശിരോമണി ഡാക്ടർ റ്റി. ആർ. എൻ. ദാസ്
എച്ച്. എം. ബി. എൽ. എം. എസ്സ്. (യു) & എം. ഐ. എച്ച്. സി.
ഇൻഡ്യൻ മെഡിക്കൽസ്റ്റോർസ, ചിന്നക്കട കൊല്ലം.

N. B. രോഗവിവരം വ്യക്തമായി എഴുതി അയച്ചാൽ തക്കതായ മരുന്നുകൾ അയച്ചുകൊടുത്തു രോഗം പൂർണ്ണമായി സുഖപ്പെടുത്തുമെന്നേറ്റുപറയുന്നു.

# "തടിയും അതിന്റെ നൂതന ഉപയോഗങ്ങളും"

കെ. പരമേശ്വരൻപിള്ള ബി. എസ്സ്. സി

പുരാതനകാലംമുതൽ പ്രധാനമായി ഗൃഹനിർമ്മാണത്തിനായും, ഗൃഹോപകരണങ്ങൾ ഉണ്ടാക്കുന്നതിനായും, വിറകിന്റെ ആവശ്യത്തിലേക്കായുമാണ് തടി ഉപയോഗിച്ചുവരുന്നതു്. വിറകിനു പകരം പരിഷ്കൃതരാജ്യങ്ങളിൽ ഇലക്ട്രിസിറ്റിയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. പണ്ടുള്ളതിൽനിന്നും എത്രയോ ഉപകാരപ്രദങ്ങളും, ഭംഗിയേറിയതുമായ സാധനങ്ങളാണ് ഇന്നു തടികൊണ്ടു ഉണ്ടാക്കുന്നതു്. കൂടാതെ, പുരാതനകാലംമുതൽ തടി ഉപയോഗിച്ചുവരുന്നതു് കരമാർഗ്ഗമായും ജലമാർഗ്ഗമായും ഉള്ള വാഹനങ്ങൾ നിർമ്മിക്കുന്നതിനായിട്ടാണ്. എന്നാൽ പുരാതനവാഹനങ്ങളേക്കാൾ എത്രയോ വ്യത്യസ്ഥങ്ങളാണ് തടികൊണ്ടുള്ള ഇന്നത്തെ വാഹനങ്ങൾ റയിൽപാളങ്ങൾക്കും, പാലങ്ങൾക്കും, ഇലക്ട്രിക്കപോസ്റ്റുകൾക്കും ഇപ്പോൾ ഉപയോഗിക്കുന്ന തടികൾ 'ആസ്കൃപ്രയോഗം നടത്തപ്പെട്ടവയാകയാൽ വേഗം നശിച്ചുപോകാത്തവയാണ്.

കാലക്രമത്തിൽ പുതിയ രീതികളാൽ തടിയിൽനിന്നും എടുക്കാവുന്നതും, തടികൊണ്ടു ഉണ്ടാക്കാവുന്നതും ആയ സാധനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി മിക്ക ഗവേഷണശാലകളിലും ശ്രമംതുടങ്ങി അതിന്റെ ഫലമായി വ്യവസായശാലകളിൽനിന്നും ഉപയോഗശൂന്യമായി തള്ളപ്പെട്ട തടിയിൽനിന്നും ഉപയോഗയോഗ്യങ്ങളായ എത്രയെത്ര സാധനങ്ങളാണ് ഇപ്പോൾ എടുക്കുന്നതു്. ചൂടാക്കുന്നതിനും വെളിച്ചത്തിന്റെ ആവശ്യത്തിലേക്കായി ഉപയോഗിക്കാവുന്നതും ആയ ഗ്യാസുകളും, Methyl alcohol, Ethyl alcohol, Aceticacid, Aeetone, Ammonia, തുടങ്ങിയ പല കെമിക്കൽസും, ലോഹവ്യവസായത്തിനു വേണ്ടിവരുന്ന കരിയും, ഏററവും ഉപകാരപ്പെട്ടതാവുന്നതായ Coaltar ഉം തടിയിൽനിന്നു ലഭിക്കുന്നു. Coaltar ൽ ഇരുന്നൂറിനുമേൽ ഉപയോഗയോഗ്യങ്ങളായ സാധനങ്ങൾ ഉള്ളതായി കണ്ടുപിടിച്ചിട്ടുണ്ട്. Benzene Napthalene, Anthracene, Phenol തുടങ്ങിയവയാണ് പ്രധാനമായിട്ടുള്ളവ. ഇവയിൽനിന്നും ഔഷധങ്ങൾ, സുഗന്ധദ്രവ്യങ്ങൾ സ്ഫോടനവസ്തുക്കൾ, ചായങ്ങൾ, ഫോട്ടോഗ്രാഫിക്ക്ഡിവലപ്പേർസ്, മുതലായ ഏററവും അത്യാവശ്യമുള്ളസാധനങ്ങൾ ഉണ്ടാക്കാവുന്നതാണ്. Coaltar പണ്ട് ഉപയോഗശൂന്യമായി കരുതപ്പെട്ടതാണ്. എന്നാൽ ഇപ്പോൾ അതുപോലെ ഉപയോഗപ്പെടുത്താവുന്ന ഒരു സാധനം വേറെ ഇല്ല. Wood distillation തന്നെ ഒരു പ്രത്യേക വ്യവസായമായി കരുതാവുന്നതാണ്. Coaltar-ൽനിന്നും കിട്ടുന്ന നിരവധി സാധനങ്ങളേയും, അവയുടെ ഉപയോഗങ്ങളെ പററിയും വിശദമായി വിവരിക്കുന്നതിനു ഈ ചെറുലേഖനത്തിൽ സാദ്ധ്യമല്ല.

അറപ്പുപൊടിയിൽനിന്നും Oxalicacid Alcoho മുതലായ സാധനങ്ങളും ഉണ്ടാക്കാൻകഴിയും. അറപ്പുപൊടിയിൽനിന്നും ആഹാരസാധനങ്ങൾകൂടി നിർമ്മിക്കുവാൻ സാധിക്കും എന്നു നാം കേട്ടിരിക്കുന്നു. നൂതനഗവേഷണങ്ങളുടെ ഫലമായി എന്താണ് സാധിക്കാൻ പാടില്ലാത്തതു്! സസ്യവർഗ്ഗങ്ങളിലും, തടിയിലും ഉള്ള ഒരു പ്രധാനഭാഗം Cellulose ആണ്. Cellulose-ൽനിന്നും Sugars ഉം Aleohol ഉം എടുക്കാൻസാധിക്കുന്നതാണ്. കൂടാതെ cellulose-ൽനിന്നു celluloid, collodion, gun cotton തുടങ്ങിയ നിരവധി സാധനങ്ങളും നിർമ്മിക്കപ്പെടുന്നു. Rayon അല്ലെങ്കിൽ 'കൃത്രിമസിൽക്കു' ഉണ്ടാക്കുന്നതും cellulose-ൽനിന്നാണ്. കൃതിമസിൽക്കിനു സാധാരണ സിൽക്കിന്റെ മിക്ക ഗുണങ്ങളും ഉണ്ട്. കൃതിമസിൽക്കു് നല്ല തിളക്കമുള്ളതും, പല നിറങ്ങളോടുകൂടിയതാക്കിത്തീർക്കാൻ കഴിയുന്നതും ആണ്. ഈ വ്യവസായം വളരെ അഭിവൃദ്ധിയിൽ വരാവുന്നതാണ്.

Ammonium Sulphate (അമ്മോണിയം സൾഫേററ്) എന്ന വളം ഉണ്ടാക്കുന്നതിനു Ammonia ആവശ്യമാണ്. തടിയിൽനിന്നുകിട്ടുന്ന Water-gas-ൽനിന്നാണ് Ammonia ഉണ്ടാക്കുന്നതിനു വേണ്ട Hydrogen എടുക്കുന്നതു്. ഇപ്രകാരം തടിയിൽനിന്നും Ammonium Sulphate-നു വേണ്ട Hydrogen ഉം കൂടാതെ Carbondioxide ഉം കൂടി കിട്ടുന്നു. ഉപയോഗശൂന്യങ്ങളായ തടിക്കഷണങ്ങൾ ഇതിലേക്കായി ഉപയോഗിക്കാവുന്നതാണ്.

യുദ്ധപരിതഃസ്ഥിതികളാലും, മററു ലോഹങ്ങളുടെ ദൌർല്ലഭ്യത്താലും നാം വിചാരിച്ചിരിക്കാത്ത പല ഉപയോഗങ്ങളും ഇന്നു തടികൊണ്ടു സാധിക്കാവുന്നതാണ്. ൧൯൪൦-ൽ ബ്രിട്ടനിലെ ലോഹവ്യവസായങ്ങൾ പൂർണ്ണവളർച്ചയിലിരിക്കുമ്പോൾ അവിടെയുള്ള തടിവ്യവസായം വളരെ അപൂർണ്ണാവസ്ഥയിലായിരുന്നു. എന്നാൽ യുദ്ധാരംഭത്തോടുകൂടി അസംസ്കൃതസാധനമായ തടി ധാരാളം ഉപയോഗിക്കുവാൻ തുടങ്ങി. മോട്ടോർ ടാർപിഡോ ബോട്ടുകളും അതിവേഗത്തോടും, അത്ഭുതകരവും ആയ മസ്കിറേറാ ബാംബറുകളും ധാരാളമായി നിർമ്മിക്കുവാൻ തുടങ്ങി. തുടന്നു് പ്ലൈവുഡു് നിർമ്മാണവും പുരോഗതിയെ പ്രാപിച്ചു. ഘനം കുറഞ്ഞ പലകകൾ അതിയായ സമ്മർദ്ദം കൊണ്ടു് ഒന്നിച്ചുചേർത്തുണ്ടാക്കപ്പെടുന്ന പ്ലൈവുഡു് വെള്ളത്താലോ, തീയാലോ വേർപെടുത്തപ്പെടുന്നതല്ല. പ്ലൈവുഡു് അലൂമിനിയത്തെപ്പോലെ ഭാരംകുറഞ്ഞതും ഉരുക്കുപോലെ ബലം ഉള്ളതും ആകുന്നു. ഇതിന്റെ നിർമ്മാണം നിസ്സാരമെങ്കിലും പ്രത്യേക പരിശീലനം ഏററവും അത്യാവശ്യമാണ്.

ഇപ്പോഴുള്ള തടികൾ തീർന്നുപോയേക്കാവുന്ന ഭാവിയെപററി നമ്മളിൽ ചിലർ ചിന്തിച്ചേക്കാം. എന്നാൽ എത്രയും വൃക്ഷങ്ങൾ ഉപയോഗിക്കുന്നുവോ, അത്രയും പുതുതായി നട്ടുപിടിപ്പിക്കാമല്ലോ. അവ പൂർണ്ണവളർച്ചയെ പ്രാപിക്കാൻ കുറേ കൂടുതൽ വർഷങ്ങൾ വേണ്ടിവരും എന്നേയുള്ളൂ. പക്ഷേ സമൃദ്ധിയായും, ഇതുവരെ ഉപയോഗിച്ചിട്ടില്ലാത്തവയും ആയ എത്രയോ വൃക്ഷക്കൂട്ടങ്ങളാണ് മിക്കവനങ്ങളിലും ഉള്ളതു്. കൂടാതെ ശാസ്ത്രീയമായ പുതിയ രീതികളാൽ തടിവളരെ കുറവുള്ള സ്ഥലങ്ങളിൽപോലും വലിയ വ്യവസായങ്ങൾ നടത്താൻ സാധിക്കുന്നതാണ്.

ലണ്ടനു സമീപമുള്ള Wimbledon Horticultural Institute-ൽ നടത്തിവരുന്ന അതിപ്രധാനങ്ങളായ ഗവേഷണങ്ങളുടെ ഫലമായി കണ്ടുപിടിച്ചിട്ടുള്ള Colchicine എന്ന സാധനത്താൽ വൃക്ഷങ്ങളുടെ വളർച്ച കൂട്ടുവാൻ കഴിയുന്നതാണ്. വൃക്ഷങ്ങൾക്കുള്ള ഈ മരുന്നു ഉപയോഗിച്ചാൽ അവ വേഗം വളരുക തന്നെയല്ല എന്നാൽ സാധാരണയുള്ളതിൽനിന്നും വലിപ്പവും പുഷ്ടിയുള്ളവയുമായിത്തീരുന്നതാണ്. കൂടാതെ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുള്ള sesqui-methylourea എന്ന സാധനംകൊണ്ടു softwood വൃക്ഷങ്ങളെ Hardwood ആയി മാററാൻ സാധിക്കുന്നതാണ്. ഇതിൻപ്രകാരം പ്രകൃത്യാ വേഗം വളരുന്ന softwood വൃക്ഷങ്ങൾ Hardwood ആയി രൂപാന്തരപ്പെടുത്താം. Hardwood ആയി മാററപ്പെട്ട Softwood ചൂടിന്റെയോ സമ്മർദ്ദത്തിന്റെയോ വ്യത്യാസംകൊണ്ടു ചുരുങ്ങുകയോ വീർക്കുകയോ ചെയ്യുന്നതല്ല. ഈ മരുന്നിനോടുകൂടി നല്ല നിറം വരുത്തുന്ന വർണ്ണസാധനങ്ങൾ ചേർത്താൽ തടിമുഴുവനും പല നിറങ്ങളോടുകൂടിയതാക്കിത്തീർക്കാൻ കഴിയുന്നതുമാണ്.

വൃക്ഷങ്ങൾ വേഗം വളരാനുള്ള Colchicine പ്രയോഗംകൊണ്ടും, Softwood-നെ Hardwood ആയും പല നിറങ്ങളോടു കൂടിയവയാക്കിത്തീർക്കാവുന്നതുമായ പ്രയോഗംകൊണ്ടും തടിയിൽനിന്നും എടുക്കാവുന്നതായ നിരവധി സാധനങ്ങൾ ഉപയോഗപ്പെടുത്തിയും പുതിയ ഗവേഷണങ്ങൾകൊണ്ടും തടിവ്യവസായത്തെ വിപുലപ്പെടുത്തുന്നതായാൽ അതു ഒരു വലിയ ആദായമാർഗ്ഗമായിത്തീരുന്നതാണ്.

—o—

# ഇൻഡോ-ആസ്ട്രേലിയൻ വ്യാപാരബന്ധം

(കെ. എ. കേശവൻനായർ, ആററിങ്ങൽ)

നമ്മുടെ ഇൻഡ്യയുമായി ഒരു വ്യാപാരബന്ധം പുലർത്തുവാൻ ആസ്ട്രേലിയൻ ഗവണ്മെൻറ് അഭിലഷിക്കുന്നു. വ്യാപാരബന്ധത്തിന്റെ സാദ്ധ്യതകളെ സാക്ഷാൽക്കരിക്കാൻ ഒരു വ്യാപാര ഡെലിഗേഷൻ ഭാരതത്തിന്റെ പല ഭാഗങ്ങളിലും സഞ്ചരിച്ചിട്ട്, ഈയ്യിടെ മടങ്ങിപ്പോകുകയുണ്ടായി. മദ്രാസ് സന്ദർശിച്ച മിഷൻ നേതാവ്, ആസ്ട്രേലിയായുമായുള്ള ഇന്ത്യയുടെ വ്യാപാരബന്ധംമൂലം, വ്യാപകമായ രീതിയിലുള്ള ഒരു വ്യവസായസ്ഥിതി ഇൻഡ്യയ്ക്കുണ്ടാകുമെന്നും, അതുകൊണ്ട് ഇൻഡ്യാഗവണ്മെൻറുമായി ന്യായമായ രീതിയിൽ ഒരു ഉടമ്പടി ഒപ്പുവയ്ക്കുവാനാഗ്രഹിക്കുന്നു എന്നും ധ്വനിപ്പിക്കുകയുണ്ടായി. ബീഹാർ ഡെവലപ്പ്മെൻറു മന്ത്രി, സർ സെയ്യദ് മഹമ്മദ് ആസ്ട്രേലിയൻ വ്യാപാരഡെലിഗേഷനെ സ്വാഗതം ചെയ്തുകൊണ്ടു പറഞ്ഞതു്, ആംഗല സാമ്രാജ്യത്തിനകത്തും പുറത്തും ഉള്ള എല്ലാ രാജ്യങ്ങളുമായി സ്നേഹബന്ധം സ്ഥാപിക്കുന്നതിനു ഞങ്ങൾക്കു അതിയായ ആഗ്രഹമുണ്ട്, എന്നായിരുന്നു. ഏതായാലും ഈ പരിതഃസ്ഥിതിയിൽ ഇൻഡ്യയ്ക്കു മറുനാട്ടുമായി ഏതു തരത്തിലുള്ള ബന്ധവും വച്ചു പുലർത്തേണ്ടതു് ഭാവിയെ പരിചിന്തിക്കുമ്പോൾ ഒരത്യാവശ്യ മാത്രമാണ്.

ഇക്കഴിഞ്ഞ ഗോളയുദ്ധത്തിനു മുമ്പ് ഇൻഡ്യ, വ്യാപാരസംബന്ധമായി ജപ്പാനിലെയും ജർമ്മനിയിലേയും വിപണികളെ പ്രധാനമായി ആശ്രയിച്ചു കഴിഞ്ഞുവന്നു. എന്നാൽ യുദ്ധംമൂലം ആ രണ്ടു രാജ്യങ്ങൾ ഇങ്ങിനി ഉയരാതവണ്ണം അധഃപതിച്ചു കഴിഞ്ഞു. ഇത്തരുണത്തിൽ അവരുമായി ഒരു വ്യവസായബന്ധം പുലർത്താനും സാദ്ധ്യമല്ല. ഇൻഡ്യയ്ക്കു വ്യാവസായികമായ കഴിവുകൾ തുലോം പരിമിതമാണ്. ദാരിദ്ര്യത്തിന്റെ ഗർത്തത്തിൽനിന്നു് ഇൻഡ്യയെ പൊക്കിപ്പിടിക്കുന്നതിനു് വ്യവസായത്തിലൂടല്ലാതെ സാദ്ധ്യവുമല്ല. ഭാരത മാനവജീവിതം കൃഷിയെക്കാൾ വ്യവസായത്തിൽ വേണം പടുത്തുകെട്ടേണ്ടതു്.

അഖിലേന്ത്യാ വ്യാവസായിക സംഘത്തിന്റെ ആദ്ധ്യക്ഷം സ്വീകരിച്ചുകൊണ്ട് സർ, എം. വിശ്വേശ്വരയ്യാ സൂചിപ്പിച്ചതുപോലെ, വ്യവസായീകരിക്കുക; അല്ലെങ്കിൽ നശിക്കുക ഇതായിരിക്കണം ഇൻഡ്യയിൽ അങ്ങോളമിങ്ങോളമെങ്ങും തന്നെ മുഴങ്ങേണ്ടതായ മുദ്രാവാക്യം. ജനസംഖ്യ അതിർ വരമ്പുകടന്നു് അനുദിനം അത്യന്തം അഭിവൃദ്ധി പ്രാപിച്ചു വരികയാണ്. ജനസംഖ്യയുടെ വളർച്ചയനുസരിച്ച് ഉല്പാദനവും നടത്തിയെങ്കിൽ മാത്രമേ, സാമാന്യ ജനങ്ങളുടെ ജീവിതത്തോതുയർത്താൻ പര്യാപ്തമാകുകയുള്ളൂ. ആധുനിക യന്ത്രോപകരണങ്ങളുടെ സഹായംകൊണ്ട് ഉല്പാദനം ഉയർത്തുതോ—എന്നു ചോദിച്ചാൽ ആവക യന്ത്രസാമഗ്രികൾകൊണ്ട് ജനതതി ഒട്ടും സജ്ജരല്ല. ആധുനികോപകരണങ്ങൾ പലതും ഇനി ഉണ്ടാകേണ്ടിയിരിക്കുന്നു. അഥവാ, ഉണ്ടായാൽതന്നെ സാങ്കേതിക സാമർത്ഥ്യം സംസിദ്ധമാകാത്ത സ്ഥിതിക്കു് അതിന്റെ വിനിയോഗംപോലും നമുക്കു വശമില്ലാതിരിക്കുകയാണ്. ഈ വക സംഗതികളെപററി പരിചിന്തിക്കുമ്പോൾ മറുനാട്ടുമായി വ്യാപാരബന്ധം സ്ഥാപിക്കുന്നകാര്യം ഒഴിച്ചുവിടാൻ നിവൃത്തിയില്ലാത്തതത്രേ.

വ്യാവസായിക വ്യാപാരത്തിലേയ്ക്കു നാട്ടാരെ നയിക്കുന്നതിനു് ഗവണ്മെൻറിന്റെ സ്വയം സഹകരണങ്ങൾ ആവശ്യമാണ്. ഏതൊന്നിന്റെ ശക്തിക്കും അവശ്യം ആവശ്യമാണ് സംഘടനം. സുശക്തവും, സുസംഘടിതവുമായ സാമുദായിക സാമൂഹ്യ സംഘടനകൾവഴി വ്യാപാരസാദ്ധ്യതകൾ ഇൻഡ്യയ്ക്കു സ്വയം ഉണ്ടാകേണ്ടിയിരിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ വ്യവസായങ്ങളെ സംഘടിപ്പിക്കണമെങ്കിൽ ഇപ്പോൾ അയൽനാട്ടുകാരുടെ ഹസ്തം അത്യന്താപേക്ഷിതമാണ്. വ്യവസായങ്ങൾക്കു വികസിതാവസ്ഥ വന്നു ചേർന്നിട്ടുള്ള ഒരു രാജ്യമാണ് ആസ്ട്രേലിയാ. ആ നിലയിൽ നോക്കുമ്പോൾ ആസ്ട്രേലിയായുമായുള്ള ഇൻഡ്യൻ വ്യാപാരബന്ധം ഇൻഡ്യയിലെ വ്യാപാരസ്ഥിതിയെ പൊതുവെ അഭിവൃദ്ധിപ്പെടുത്താതിരിക്കുകയില്ല. മററു വിദേശദേശങ്ങളിൽ, വിപണികൾ യുദ്ധത്തിന്റെ പ്രത്യാഘാതംമൂലം നിരന്നിട്ടുപോലുമില്ല. സമരസമയത്തുപോലും ആസ്ട്രേലിയാ, വ്യാപാരവിഷയമായി മുന്തിനിന്നു. അവിടെനിന്നും നവീനയന്ത്രോപകരണങ്ങളും വിദഗ്ദ്ധഹസ്തവും നമുക്കു സിദ്ധിക്കുന്നതാണ്. ആസ്ട്രേലിയൻദേശത്തു് ഇൻഡ്യൻ സാമാനങ്ങൾക്കു് നല്ല വിപണി കിട്ടുകയുംചെയ്യും. കൂടാതെ, അവിടെത്താമസിക്കുന്ന 4000-ത്തോളം വരുന്ന ഇൻഡ്യൻ ജനതയുടെ ജീവിതം സംരക്ഷിക്കാനും സാധിക്കുന്നുണ്ട്. നാനാപ്രകാരത്തിലും ഇൻഡോ ആസ്ട്രേലിയൻ വ്യാപാരബന്ധം ഉഭയരാജ്യങ്ങൾക്കും ഉപകാരമെന്നു വിചാരിക്കുന്നതിൽ ഒട്ടും അപാകമില്ലതന്നെ. വ്യാപാരബന്ധം വിജയിക്കട്ടെ!

—o—

# പഞ്ചാബിലെ അറസ്ററുകൾ

—o—

## നേതാക്കന്മാരുടെ അഭിപ്രായങ്ങൾ

ന്യൂഡൽഹി, ജനു: ൨൪—പഞ്ചാബിലെ അാസ്ററുകളെപ്പററി വിശദവിവരങ്ങൾ ലഭിക്കുന്നതുവരെ അവയെപ്പററി ഒന്നും പറയാൻ നിവൃത്തിയില്ലെന്നു മി. ജിന്നാ പ്രസ്താവിച്ചിരിക്കുന്നു.

മുസ്ലിംലീഗ്സംഘടനയെ കൊല്ലാനുള്ള പഞ്ചാബ് ഗവണ്മെൻറിന്റെ മറെറാരു ശ്രമമാണ് ലാഹോറിലെ അറസ്ററുകളെന്നും, പക്ഷേ ലീഗിനെ കൊല്ലാൻ സാധിക്കയില്ലെന്നും സർദാർ അബ്ദുറബ് നിഷ്താർ പറയുന്നു.

എന്നാൽ അറസ്ററുകളെപ്പററി കേട്ടപ്പോൾ തനിക്കു് സന്തോഷം തോന്നുന്നു എന്നും, അവ പഞ്ചാബിലെ മുസ്ലിംലീഗിന്റെ ശക്തിയെ വർദ്ധിപ്പിക്കുമെന്നും നേതാക്കന്മാരുടെ ത്യാഗങ്ങൾ പകിസ്ഥാൻ ലക്ഷ്യപ്രാപ്തിയ്ക്കുള്ള അവസാനസമരത്തിനു് പഞ്ചാബിനെ തയ്യാറാക്കുമെന്നും അഖിലേന്ത്യാ മുസ്ലിംലീഗ് വർക്കിങ്ങ് കമ്മിററിമെമ്പർ ഖാലിക്വാസ്സാമാൻ പ്രസ്താവിക്കുന്നു.

## ലാഹൂർ കാർപ്പറേഷനിലെ അടിയന്തിരപ്രമേയം

ലാഹൂർ ജനുവരി 24—ലീഗു നേതാക്കന്മാരുടെ അറസ്റ്റ് സംബന്ധിച്ചുള്ള ലീഗു കക്ഷിയുടെ അടിയന്തിരപ്രമേയം ലാഹൂർ കാർപ്പറേഷന്റെ ഇന്നു വൈകുന്നേരത്തെ പൊതുയോഗത്തിൽ പാസ്സാക്കിയിരിക്കുന്നു. സിററിസൺകക്ഷി നിഷ്പക്ഷമായി നിന്നു.

—o—

ഗ്രന്ഥവിചാരം

# സാഹിത്യസല്ലാപം

**ഗ്രന്ഥകർത്താ, കുട്ടികൃഷ്ണമാരാര്**

പി. കെ. ബ്രദേഴ്സ് കോഴിക്കോട് വില ൩--൮.

(തുടർച്ച ൩.)

2—4—22

ശ്രീ

26-3-22-ലെ എഴുത്തു കിട്ടി.

എന്റെ ശാകുന്തളതർജ്ജമയെപ്പററിയുള്ള വാദവിഷയത്തിൽ ഞാൻ വല്ലതും പറയുന്നതു് ഒട്ടും ഉചിതമല്ലെങ്കിലും ഈ എഴുത്തിനു മറുപടിഅയയ്ക്കാതിരിക്കുന്നതും തീരെ ഉചിതമല്ലാത്തതിനാൽ താഴെ പറയുന്ന സംഗതികൾ ചുവരിക്കുന്നതാണ്.

1. ഒന്നാമതായി കുഞ്ഞുക്കുട്ടൻതമ്പുരാൻ ശാകുന്തളം തർജ്ജമചെയ്തിട്ടുതന്നെയില്ല. അതു തർജ്ജമചെയ്യാൻ അവിടുത്തോടു ചിലർ ആവശ്യപ്പെട്ടപ്പോൾ അങ്ങനെചെയ്താൽ വലിയകോയിത്തമ്പുരാനു രസമാവില്ലെന്നുപറഞ്ഞു ഒഴിയുകയാണുണ്ടായിട്ടുള്ളതു്. ഈ സംഗതി ഞാൻ കൊടുങ്ങല്ലൂർ പഠിച്ചുകൊണ്ടിരുന്നകാലത്താണുണ്ടായതു്. ശാകുന്തളത്തിലെ രണ്ടോ മൂന്നോ ശ്ലോകംമാത്രം അവിടുന്നു ഏതോപ്രസംഗത്തിൽ ഉപയോഗിപ്പാൻ വേണ്ടി തർജ്ജമചെയ്തിട്ടുണ്ടെന്നും അതും എന്താണെന്നു തോന്നുന്നില്ലെന്നും വൈദ്യൻ എം. നാരായണൻനമ്പീശൻ എന്ന ഒരു പണ്ഡിതൻ ഈ വാദകാലത്തു എന്നോടു പറകയുണ്ടായിട്ടുണ്ടു്. അതുകൊണ്ടു് കുഞ്ഞുക്കുട്ടൻതമ്പുരാൻതിരുമനസ്സിലെ സ്വന്തം കയ്യെഴുത്തിലുള്ള അദ്ദേഹത്തിന്റെ ശാകുന്തളതർജ്ജമ പി. വി. കൃഷ്ണവാരിയരുടെ പക്കൽ പെട്ടുപോയെന്നുപറയുന്നതിലും വാസ്തവലേശംപോലുമില്ല. ഈ വാദകോലാഹലകാലത്തു പി. വി. കൃഷ്ണവാരിയർ സൂക്ഷ്മമായി ഇവിടെ വരികയും ഞാൻ 1087-1088 കാലത്തു ശാകുന്തളശ്ലോകങ്ങൾമാത്രം ക്രമത്തിൽ ഓരോന്നായി തർജ്ജമചെയ്തു അക്കാലത്തെ അലക്കാൻകൊടുത്ത കണക്കുപുസ്തകത്തിൽ തിരിച്ചും മറിച്ചും, വെട്ടിയും തിരുത്തിയും എഴുതിവെച്ചിരുന്ന കരടുപകപ്പുനോക്കി അതു സഞ്ജയനെ കാണിക്കണമെന്നുപറഞ്ഞു വാങ്ങിക്കൊണ്ടുപോകയും കുറച്ചുകാലത്തിനുശേഷം തിരിച്ചയച്ചുതരികയും ഉണ്ടായിട്ടുണ്ടു്. ഇനി എന്റെ തർജ്ജമയിൽപെട്ട പല ഭാഗങ്ങളും പകർത്തി കടലാസ്സിനും മഷിക്കും പഴക്കം വരുത്തി കുഞ്ഞുക്കുട്ടൻതമ്പുരാൻതിരുമനസ്സിലെ തർജ്ജമയാണതെന്നുപറഞ്ഞു വല്ലവരും കൊണ്ടുവന്നാലും അതു് അവിടത്തെ കയ്യെഴുത്തിൽ എഴുതീട്ടുള്ളതാവാൻ ഒരുവിധത്തിലും നിവൃത്തികാണുന്നുമില്ല. അതിനെപ്പററി ഇത്രമാത്രം.

2. ഇനി ഞാൻ ശാകുന്തളം തർജ്ജമചെയ്യാനുണ്ടായ കാരണം പറയാം. 1086-ലാണു തിരുവനന്തപുരത്തു കോളേജിൽ ജോലിയായി ഞാനവിടെ താമസംതുടങ്ങിയതു്. വലിയകോയിത്തമ്പുരാൻതിരുമനസ്സിലെ ശാകുന്തളതർജ്ജമ, പ്രഫസ്സർ രാജരാജവർമ്മ കോയിത്തമ്പുരാനെക്കൊണ്ടു ചില മാററങ്ങൾചെയ്തു് പരിഷ്കരിക്കയും ആ വഴിക്കു ചില കക്ഷിവഴക്കുകൾ സംഭവിക്കയുംചെയ്തിരുന്ന കാലമായിരുന്നു അതു്. ആ പരിഷ്കരിച്ച പതിപ്പിനു ഒരു വ്യാഖ്യാനം എന്നെക്കൊണ്ടു എഴുതിക്കയുമുണ്ടായിട്ടുണ്ടു്. കക്ഷിവഴക്കിന്റെ ഫലമായി ഗോപാലമേനോൻസാറും ശങ്കരപ്പിള്ളസാറും പ്രഫസർ തമ്പുരാൻ സ്വന്തമായിത്തന്നെ ഒരു തർജ്ജമ ചെയ്യണമെന്നു ആവശ്യപ്പെട്ടു് അവിടുത്തെ ഒഴിക്കാതെ പിടികൂടി. വലിയകോയിത്തമ്പുരാന്റെ തർജ്ജമയുള്ളപ്പോൾ വേറെയൊരു തർജ്ജമചെയ്യുവാൻ എന്തെങ്കിലും ഒരു ചെറിയ ഒഴികഴിവെങ്കിലും വേണമെന്നു കരുതി ശാകുന്തളത്തിന്റെ അഭിരാമവ്യാഖ്യാനം കണ്ടിട്ടുണ്ടോ എന്നും അതെവിടെ കിട്ടുമെന്നും അവിടുന്നെന്നോടു ചോദിച്ചു. ഉപ്പുണ്ണിത്തായുമ്മ പണ്ഡിതരാജൻ കെ. രാമപ്പിഷാരടിപക്കൽ അതുണ്ടെന്നും എഴുതിയയച്ചു വരുത്തിക്കൊടുക്കാമെന്നും പറഞ്ഞു് അതുപ്രകാരം ഞാൻ വരുത്തിക്കൊടുത്തു. ഞങ്ങൾ രണ്ടാളുംകൂടി അതു വായിച്ചുനോക്കി. എന്നെക്കൊണ്ടു അതു ഒരു പുസ്തകത്തിൽ പകർത്തിച്ചു. എന്നിട്ടു അതു വലിയകോയിത്തമ്പുരാനു് എന്നെക്കൊണ്ടു അടിയറ വെയ്പിക്കയും ചെയ്തു. പിന്നെ ബി വി. ബുക്കഡിപ്പോക്കാരെക്കൊണ്ടു ആ വ്യാഖ്യാനം നാഗരാക്ഷരത്തിൽ അച്ചടിപ്പിക്കാൻ ഏൎപ്പാടും ചെയ്തു. ആ വ്യാഖ്യാനമനുസരിച്ചുള്ള മൂലപാഠമാണെന്ന നിലയിൽ പ്രഫസ്സർ തമ്പുരാൻ ശ്ലോകങ്ങളോരോന്നും തർജ്ജമചെയ്യാനും തുടങ്ങി. തർജ്ജമചെയ്യുന്ന ശ്ലോകങ്ങൾ കോളേജിൽവെച്ചു 'ഇന്റർവൽ' സമയത്തു് മേനോൻസാർ, ശങ്കരപ്പിള്ളസാർ, ഞാൻ എന്നീ ഞങ്ങളെ കേൾപ്പിക്കയും ഞങ്ങളുടെ അഭിപ്രായഭേദവും വാദപ്രതിവാദഫലവുമനുസരിച്ചു് ചില മാററങ്ങൾ ചെയ്യുവരികയും ഉണ്ടായിട്ടുണ്ടു്. ആ തർജ്ജമകൾ കേട്ടപ്പോഴാണു് ഞാനും ഒന്നു തർജ്ജമചെയ്തു നോക്കട്ടെ എന്നെനിക്കു തോന്നിയതും, ഓരോ ശ്ലോകമായി തർജ്ജമചെയ്തു മേല്പറഞ്ഞ നോട്ടുബുക്കിൽ എഴുതിത്തുടങ്ങിയതും, മൂന്നാം അങ്കത്തിലെ ശ്ലോകങ്ങൾ തർജ്ജമചെയ്തുകഴിഞ്ഞശേഷമേ മേനോൻസാർ മുതലായവരെപ്പോലും ചില തർജ്ജമശ്ലോകങ്ങളും ഞാൻ ചൊല്ലിക്കേൾപ്പിക്കാൻതുടങ്ങിയുള്ളു. വൈകുന്നേരം ആറുമണിക്കുശേഷം ഏകദേശം ഒൻപതരമണിവരെ മേനോൻസാർ, ശങ്കരപ്പിള്ളസാർ, സദാശിവൻപിള്ളസാർ, ഞാൻ എന്നീ ഞങ്ങൾ മേനോൻസാറിന്റെ വീട്ടിൽ യോഗം കൂടി സാഹിത്യചിന്തകൾചെയ്യുക പതിവായിരുന്നു. ആ അവസരത്തിലാണു് ഞാൻ എന്റെ തർജ്ജമശ്ലോകങ്ങൾ അവരെ ചൊല്ലിക്കേൾപ്പിച്ചിരുന്നതു്. ആര്യ, ഗീതി എന്നീ വൃത്തങ്ങൾ മേനോൻസാറിനു പിടിക്കുന്നില്ലെന്നു പറഞ്ഞിട്ടും ഞാൻ വകവെച്ചില്ല. അദ്ദേഹംതന്നെയെടുത്തു നോക്കി. ഫലമുണ്ടായില്ല. അങ്ങനെ ഏഴാമങ്കത്തിൽ രാജാവു ശകുന്തളയെക്കാണുന്ന പ്രകൃതത്തിലുള്ള വസനെ പരിധൂസരെ വസാനാ' എന്ന ശ്ലോകംവരെ ആയപ്പോൾ ഉടൻതന്നെ ഗദ്യഭാഗങ്ങളും കൂടി തർജ്ജമചെയ്തു പുസ്തകം അച്ചടിപ്പിക്കണമെന്നു ശങ്കരപ്പിള്ളസ്സാർ അഭിപ്രായപ്പെട്ടു. അപ്പോഴേക്കു പ്രഫസ്സർ തമ്പുരാന്റെ തർജ്ജമ ഏകദേശം മുഴുവനായി അച്ചടിപ്പിച്ചു പ്രസിദ്ധംചെയ്യാൻ വേണ്ട ഏൎപ്പാടുകൾ ചെയ്തുവന്നിരുന്നു. അവിടുത്തെ തർജ്ജമ പ്രസിദ്ധപ്പെടുത്തുന്നകാലത്തുതന്നെ മറെറാരു തർജ്ജമകൂടി പ്രസിദ്ധപ്പെടുത്തുന്നതു ശരിയല്ലെന്നും പ്രത്യേകിച്ചും അവിടത്തെ അസിസ്റ്റൻറായി ജോലിനോക്കുന്ന ഞാൻ അങ്ങനെ ചെയ്യുന്നതു വലിയ അപരാധമായിരിക്കുമെന്നും ഞാൻ പറകയും തർജ്ജമതന്നെ നിർത്തിവെക്കയും ചെയ്തു. പിന്നെ മഹാരാജാവുതിരുമനസ്സിനെ ശാകുന്തളം പഠിപ്പിക്കുന്ന അവസരത്തിലാണു് ആ പുസ്തകം എടുത്തതും മററു തർജ്ജമകളോടുകൂടി ആ തർജ്ജമകൂടി തിരുമനസ്സിലെ പാഠത്തിനു ഉപയോഗപ്പെടുത്തിയതും. അതിൽപിന്നെയും ആ പുസ്തകം പെട്ടിയിൽതന്നെയിരുന്നു. പെൻഷൻ പററി ഇവിടെ താമസമാക്കിയതിനു ശേഷം ഒരാളെ ശാകുന്തളം പഠിപ്പിക്കയുണ്ടായി. ആ അവസരത്തിലാണു് ശ്ലോകങ്ങൾ മുഴുവൻ തർജ്ജമ ചെയ്തതു്. അക്കാലത്തു മഹാകവി വള്ളത്തോൾ ശാകുന്തളം തർജ്ജമ ചെയ്യുന്നുണ്ടെന്നു ഒരു സുഹൃത്തു പറകയും മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അദ്ദേഹത്തിന്റെ തർജ്ജമയിലെ ഒന്നുരണ്ടു ശ്ലോകങ്ങളും മഹാകവിയുടേയും ശ്രീ. കുട്ടികൃഷ്ണമാരാർ എഴുതിക്കൊണ്ടിരുന്നതിന്റെയും ഒരു ചിത്രവും കാണുകയുണ്ടായി. ആ പുസ്തകം പുറത്തു വരുന്നതിനു മുമ്പുതന്നെ എന്റെ തർജ്ജമ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തണമെന്നു കാച്ചു അഭിനയമുണ്ടെങ്കിലും തീർച്ചയാക്കി. അപ്പോഴാണു് ഗദ്യഭാഗവുംകൂടി തർജ്ജമചെയ്തു പുസ്തകം പ്രസിദ്ധപ്പെടുത്തിയതു്. ഉടനെ മാതൃഭൂമിക്കും മററും നിരൂപണത്തിന്നയക്കയും ചെയ്തു. ആ നിരൂപണങ്ങളുടെ ഫലമായിട്ടാണു് മേൽപ്പറഞ്ഞ വാദമോ അപവാദമോ പുറപ്പെട്ടുതുടങ്ങിയതു്. ഇങ്ങനെയെല്ലാമാണു് ആ കഥയുടെ ചുരുക്കം.

൩. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടും കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടും വളരെക്കാലം ഒരുമിച്ചു കഴിഞ്ഞിട്ടുള്ളവരാണു്. കുഞ്ഞുക്കുട്ടൻ തമ്പുരാൻ ശാകുന്തളം തർജ്ജമ ചെയ്തിട്ടുണ്ടെങ്കിൽ അതു് അപ്പൻതമ്പുരാൻ അറിഞ്ഞില്ലെന്നു വരികയുമില്ല. എന്റെ പുസ്തകം അപ്പൻ തമ്പുരാൻ തിരുമനസ്സിലേക്കു സമൎപ്പിച്ചതു്, അവിടുന്നു വായിച്ചു നോക്കിയ അവസരത്തിലും അങ്ങനെയൊരു ശുദ്ധസംഗതിയുണ്ടെന്നു് അവിടുന്നു എന്നോടു പറഞ്ഞിട്ടില്ല. ഗദ്യത്തിൽ ചില ഭാഗങ്ങൾ വിശേഷിച്ചും വിദൂഷകപ്രവേശത്തിലെ ഭാഗങ്ങൾ ഒന്നുകൂടി നന്നാക്കിയാൽ നന്നു് എന്നു് അഭിപ്രായപ്പെട്ടുകമാത്രമാണു ചെയ്തിട്ടുള്ളതു്. പദ്യതർജ്ജമയിൽ എനിക്കു തൃപ്തിയാകാത്ത ചില ഭാഗങ്ങൾ നന്നാക്കുവാൻ തിരുമനസ്സുകൊണ്ടും ഞാനുംകൂടി പലപ്പോഴും ശ്രമിച്ചു നോക്കുകയും ഉണ്ടായിട്ടുണ്ടു്.

൪. എന്റെ വന്ദ്യഗുരുഭൂതനായ കുഞ്ഞുക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ഒരു കൃതി ഞാൻ കട്ടെടുത്തു സൂക്ഷിച്ചു് സ്വന്തമെന്ന നിലയിൽ പ്രസിദ്ധപ്പെടുത്തിയതാണെന്നുപറയുന്നവർ "ആത്മവൽ സതതം പശ്യേൽ" എന്ന പ്രമാണമനുസരിച്ചു് സ്വന്തം സ്വഭാവത്തെ വെളിപ്പെടുത്തുകയാണെന്ന സംഗതിയിരിക്കട്ടെ. അങ്ങനെ പറയുന്ന ആ വങ്കന്മാർക്ക് എന്തുതന്നെ പറയട്ടെ, അതുകൊണ്ടു വന്നുകൂടുന്ന ഫലം എന്താണെന്നുള്ളതാലോചിപ്പാൻ പോലും ബുദ്ധിയില്ലാതായിപ്പോയി. എന്റെ തർജ്ജമ 'സരസദ്രുതകവികിരീടമണിയായ' ആ ഗുരുപാദർതിരുമനസ്സിലെ കൃതിയോടു തുല്യമാകത്തക്കവിധം അത്ര നന്നായിട്ടുണ്ടെന്നാണല്ലോ അതുകൊണ്ടു സിദ്ധിക്കുന്നതു്. പരമാൎത്ഥം അറിയുന്ന എനിക്കും മററുള്ളവൎക്കും ധാരാളം കൃതാൎത്ഥതയ്ക്കും അഭിമാനത്തിനും അതു് വേണ്ടതിലധികം വക തരുന്നുണ്ടു്. ദിവംഗതനായ ഗുരുപാദർതിരുമേനി ഈ പ്രിയശിഷ്യനു സിദ്ധിച്ച ആ ഉൽക്കർഷം കണ്ടു സന്തോഷിച്ചു് വാത്സല്യപൂർവ്വം ഇവനെ അനുഗ്രഹിക്കുന്നുണ്ടായിരിക്കണമെന്നുള്ള സംതൃപ്തിയുമുണ്ടു്. "മന്നിമിത്തയായദിജനഃ പരിതോഷമേതിനനുപ്രയാസജനിതോയമനുഗ്രഹോമേ"

എന്നു്, വിധേയൻ
ആററൂർ കൃഷ്ണപ്പിഷാരടി

'മഹാരാജാവുതിരുമനസ്സിലെ ട്യൂട്ടറായിരുന്ന സാഹിത്യരത്നം ആററൂർ കൃഷ്ണപിഷാരടി അവർകളുടെ ശാകുന്തളപരമായ ഈ ആത്മകഥാകഥനം ആത്മാൎത്ഥതയുടെ അശിഥിലപ്രമാണമായിട്ടുതന്നെ നമുക്കനുഭവപ്പെടുന്നു. ആരാർ ശാകുന്തളത്തിന്റെ നേരേയുള്ള സാഹിത്യസല്ലാപത്തിൽ അന്തർല്ലീനമായിക്കിടക്കുന്ന കർത്തൃത്വനിഷേധത്തിന്റെ ദുശ്രവധ്വനി എങ്ങനെയുണ്ടായിയെന്നു വെളിപ്പെട്ടുകഴിഞ്ഞു. മാരാരവർകളുടെ ഹസ്തലിഖിതവും സമകാലീനവുമായ വള്ളത്തോൾ ശാകുന്തളത്തെ സംബന്ധിച്ചു വാചാംയമിയായി, തമ്പുരാന്മാരുടെ ശാകുന്തളത്തെ അനുസന്ധാനം ചെയ്യുകാണുന്ന ശ്രീ മാരാർ വള്ളത്തോൾ ശാകുന്തളം വിമർശാതീതമാണെന്നു ഭംഗ്യന്തരേണ വെളിപ്പെടുത്തുകയല്ലേന്നുണ്ടോ. സി. എം. പി.

—o—

# ലീഗനു പ്രത്യേക കാൺസംബ്ളിവേണം

## ഡാൺപത്രത്തിലെ ലേഖനപരമ്പര

ന്യൂഡൽഹി, ജന. ൨൩—മുസ്ലിംലീഗിന്റെ പത്രമായ ഡാണിൽ കാണുന്ന ഒരു ലേഖനപരമ്പരയ്ക്കു് വല്ല അൎത്ഥവുമുണ്ടെങ്കിൽ അതു് ഇതാണ്:—ജനുവരി ൩൦-ാം തീയതി എ. ഐ. സി. സി. പാസ്സാക്കിയ പ്രമേയം ഡിസംബർ ൬-ാംതീയതിയിലെ ബ്രിട്ടീഷ് പ്രസ്താവനയുടെ സ്വീകരണമായി ലീഗ് നേതാക്കന്മാർ ഗണിക്കുന്നില്ല.

പത്രാധിപർ മി. എ. ഹുസെയിൻ ലണ്ടനിൽനിന്നു തിരിച്ചെത്തിയതിനുശേഷം ഡാണിൽ നാലു മുഖപ്രസംഗങ്ങൾ പ്രത്യക്ഷപ്പെട്ടു. അതിനുമുൻപ് അദ്ദേഹം കറാച്ചിയിൽവച്ചു് മി. ജിന്നായെ കാണുകയും ചെയ്തു. ന്യൂഡൽഹിയിലെ മുസ്ലിംലീഗു നേതാക്കന്മാർ ഒന്നും പറയുന്നില്ല. സമ്മതമില്ലാത്ത ഭാഗങ്ങളെ മററുഭാഗങ്ങൾ തയാറാക്കിയ ഭരണവ്യവസ്ഥ സ്വീകരിക്കുവാൻ നിർബന്ധിക്കുന്നതല്ലെന്നുള്ള ബ്രിട്ടീഷ് പ്രസ്താവനയിൽ ബി. സി. എന്നീ ഗ്രൂപ്പുകളിലെ മുസ്ലിം പ്രതിനിധികൾ മാത്രം ഉൾപ്പെട്ട ഒരു പ്രത്യേക കാൺസംബ്ളി വിളിച്ചുകൂട്ടാനുള്ള ഒരു സൂചന അടങ്ങിയിരിക്കുന്നതായി അവർ കരുതുന്നു.

എന്നാൽ ഡിസംബർ ൬-ാംതീയതിയിലെ പ്രസ്താവന കോൺഗ്രസ് മിക്കവാറും സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നതായി വൈസ്രോയിയും ബ്രിട്ടീഷ്ഗവൺമെൻറും ലീഗിനെ അറിയിച്ചുകഴിഞ്ഞു. അതുകൊണ്ടാണു് കറാച്ചിയിലെ ലീഗ് നിശ്ചയത്തെപ്പററി അറിയാൻ രാഷ്ട്രീയകേന്ദ്രങ്ങൾ അതീവതാല്പര്യം പ്രകടിപ്പിക്കുന്നതു്. ഒരുപക്ഷെ ലീഗുനേതാക്കന്മാർതമ്മിലുള്ള അഭിപ്രായവ്യത്യാസത്താൽ കറാച്ചിയിൽ ഒന്നുംതന്നെ തീരുമാനിച്ചില്ലെന്നുവരാം.

മുസ്ലീംലീഗുകാർക്കു രസിച്ചില്ലെങ്കിലോ എന്നുകരുതി വൈസ്രോയി തിങ്കളാഴ്ച കാൺസംബ്ളിയിൽ ഹാജരായില്ല. അദ്ദേഹം കാൺസംബ്ളിയിൽ ഹാജരാകണമെന്നു ഉദ്ദേശിക്കുന്നതായി പ്രൈവറ്റ്സെക്രട്ടറി നേരത്തേ അറിയിച്ചിരുന്നതാണ്. മി. ഹെൻഡേഴ്സനൊന്നിച്ചു വൈസ്രായി അതിനുവേണ്ടി ഡോറാഡൂണിൽനിന്നു ന്യൂഡൽഹിയിൽ എത്തിയിരുന്നതുമാണ്.

—o—

## ബോസിന്റെ രാജി സ്വീകരിച്ചു

—o—

**പകരം ഡാ. പ്രഫുല്ലഘോഷ്**

ന്യൂഡൽഹി ജനുവരി ൨൭—കാൺഗ്രസ്സ് പ്രസിഡൻറ മി. ശരത്ബോസിന്റെ രാജി സ്വീകരിക്കയും പകരം വൎക്കിംഗ്കമ്മിററിയിലേക്കു ഡാക്ടർ പ്രഫുല്ലഘോഷിനെ നാമിനേററ ചെയ്കയും ചെയ്തിരിക്കുന്നു. (എ. പി.)

—o—

## ഫ്രാൻസുമായി സഖ്യം

—o—

**ആററ്ലിയുടെ പ്രസ്താവന**

ലണ്ടൻ ജനുവരി 23—ഫ്രാൻസുമായി ഒരു സഖ്യ ഉടമ്പടിയ്ക്കുവേണ്ടി പുതിയ ഫ്രഞ്ചുഗവൺമെൻറ സമ്മതിച്ചാലുടൻ കൂടിയാലോചനകൾ സമാരംഭിക്കുവാൻ ബ്രിട്ടീഷുഗവൺമെൻറ അതീവ തല്പരമാണെന്നു പ്രധാനമന്ത്രി മി. ക്ലെമൻറ ആററ്ലി ഇന്നു കാമൺസിൽ പ്രസ്താവിച്ചു.

—o—

## അദ്ധ്യാപകരുടെ പണിമുടക്ക്

—o—

ന്യൂഡൽഹി ജന: ൨൪—കഴിഞ്ഞ ൩ ദിവസമായി ഡൽഹിയിലെ ൫൦൦ അദ്ധ്യാപകന്മാർ പണിമുടക്കിയിരിക്കയാണു്. തങ്ങളുടെ വാദങ്ങൾ സ്വീകരിക്കുന്നില്ലെങ്കിൽ പണിമുടക്ക് തുടരുന്നതാണെന്നു് ഒരു യോഗത്തിൽ അവർ നിശ്ചയിച്ചിരിക്കുന്നു. (എ. പി.)

—o—

## പ്രതിസമൻസ്

ഹരിപ്പാട്ടുമുൻസിഫ് കോർട്ടിൽ
൧൧൨൧ സി ൫൧൮.

വാദി—കുന്നത്തുനാട്ടുതാലൂക്കിൽ മഴവന്നൂർപകുതിയിൽ വലമ്പൂരുകരയിൽ കോച്ചത്തുതാഴത്തേവീട്ടിൽ പത്മനാഭൻനായർ കുമാരൻനായർ.

പ്രതികൾ—൧. മാവേലിക്കരതാലൂക്ക ഭരണിക്കാവുപകുതിയിൽ പള്ളിക്കൽനടുവിലേമുറിയിൽ കാരിക്കത്താഴിൽനിന്നും കാർത്തികപ്പള്ളിപകുതിയിൽ മാതേവികാട്ടുമുറിയിൽകിഴക്കേപോക്കാട്ടുവീട്ടിൽതാമസം പാർവ്വതിഅമ്മ കുട്ടിഅമ്മ. ൨. ടിയിൽ കുട്ടിഅമ്മ പൊന്നമ്മ. ൩. ടിയിൽ മൈനർ രാജമ്മ എന്നു വിളിച്ചുവരുന്ന കുട്ടിയമ്മ ലീലാമ്മ. ൩-ാംപ്രതിയുടെ രക്ഷകി ൧-ാംപ്രതി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പരിൽ വാദി ബോധിപ്പിച്ചിരിക്കുന്ന അന്യായത്തിനു ഉത്തരം പറവാൻ പ്രതികൾ നേരിട്ടോ നിയമപ്രകാരം അധികാരപ്പെടുത്തിയ വക്കീൽമുഖാന്തിരമോ ൧൧൨൨ മകരം ൨൧-ാംനു പകൽ ൧൧ മണിക്കു് ഈ കോടതിയിൽ ഹാജരാകാത്തപക്ഷം പ്രതികളെക്കൂടാതെ മേൽനമ്പർ കേസ് തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨ ധനു ൨൪-ാംനു.

—൦—

ജില്ലാക്കോർട്ടിൽ അപ്പീൽ വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് അപ്പീൽ പ്രതിക്കുള്ള

## നോട്ടീസ്സ്

സിവിൽ നടപടി നിയമം
൪൦-ാം ഉത്തരവ് റൂൾ ൧൩.
മാവേലിക്കര—ജില്ലാക്കോർട്ടിൽ
൧൧൨൧-ാമാണ്ട അപ്പീൽ ൧൩൯.

അപ്പീൽവാദി: ൧. പെരിനാട്ടുപകുതിയിൽ ക്ലാപ്പന വടക്കുംമുറിയിൽ പരിശേരിൽനിന്നും കുരുക്കശേരിൽ കൃഷ്ണപ്പണിക്കർ ഗോവിന്ദപ്പണിക്കർ.

അപ്പീൽ പ്രതി.—൪. കരുനാഗപ്പള്ളി പകുതിയിൽ പടനായർകുളങ്ങര വടക്കുംമുറിയിൽ വാഴപ്പള്ളി മഠത്തിൽ വെങ്കിടേശപരയ്യർ അയ്യാത്തുരയ്യർ.

കൃഷ്ണപുരം—മുൻസിപ്പുകോർട്ടിൽ ൧൧൧൯-ാമാണ്ട് അസൽ ൨൨൦ ാം നമ്പരിൽ ൧൧൨൦-ാമാണ്ട ആടിമാസം ൨൬-ാംനു നിശ്ചയിച്ച വിധിയിന്മേൽ ബോധിപ്പിച്ച അപ്പീൽ.

മേൽപറഞ്ഞ അപ്പീൽപ്രതിയെ തെരിയപ്പെടുത്തുന്നതു്.

മേൽപറഞ്ഞ വ്യവഹാരത്തിനു മേൽപറഞ്ഞ മുൻസിഫ് കോർട്ടിൽനിന്നും നിശ്ചയിച്ച വിധിയിന്മേൽ അസ്സൽ വാദികൾ അപ്പീൽ ബോധിപ്പിക്കയും അതു ഈ കോർട്ടു അപ്പീൽ രജിസ്തരിൽ ചേർക്കയും ചെയ്തിരിക്കുന്നതും ഈ അപ്പീൽ വിചാരണക്കായി ൧൧൨൨-ാമാണ്ട് മകരമാസം ൧൯-ാംനു നിശ്ചയിച്ചിരിക്കുന്നതും ആകുന്നു എന്ന് അറിയിച്ചിരിക്കുന്നു. പ്രതി ഹാജരായി തർക്കിക്കാൻ നിശ്ചയിച്ചിരിക്കുന്നു എങ്കിൽ മേലാൽ നോട്ടീസോ കല്പനയോ മററാ വല്ല പ്രാസസ്സോ പ്രതിയുടെമേൽ നടത്തുന്നതിനുവേണ്ടി പ്രതിയുടെ മേൽവിലാസം മേൽകാണിച്ചിരിക്കുന്ന വിചാരണ തീയതിയിൽ കവിയാത്ത ഒരു ദിവസം കോർട്ടിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാകുന്നു. അതിനു വ്യത്യാസം വരുത്തിയാൽ ഈ അപ്പീലിൽ നിങ്ങളുടെ വാദം കേൾക്കാതിരിക്കാൻ ഇടവന്നേക്കാവുന്നതാകുന്നു.

ഈ അപ്പീൽകാര്യത്തിൽ പ്രതിക്കുവേണ്ടി പ്രതിതന്നെയോ വക്കീലോ വ്യവഹാരം നടത്താൻ നിയമപ്രകാരം അധികാരപ്പെടുത്തിയ മററു വല്ലവരുമോ ഈ കോർട്ടിൽ ഹാജരാകാത്തപക്ഷം പ്രതിയെ കൂടാതെ എക്സ്പാർട്ടിയായി ഈ അപ്പീൽ വിചാരണചെയ്തു തീർച്ചപ്പെടുത്തുന്നതാകുന്നു.

൧൧൨൨-ാമാണ്ട് ധനുമാസം ൨൪ ാംനു-യായ ഇന്നേദിവസം ഇതിൽ എന്റെ കൈയൊപ്പും കോർട്ടുമുദ്രയുംവച്ചു കൊടുത്തിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

—൦—

## പ്രതിസമൻസ്

മീനച്ചൽ മുൻസിഫ് കോർട്ടിൽ
൧൨൧-ൽ സിവിൽനമ്പ്ര ൮൩.

വാദികൾ—പുലിയന്നൂർപകുതിയിൽ കിഴവംകുളംകരയിൽ കുടിയിരിപ്പിൽ ദേവസ്വം മാത്തു മുതൽപേർ ൪.

അഡ്വക്കേററ മിസ്റ്റർ സി. ജ്. തൊമ്മൻ.

ക്രു: ൧൧-ാംപ്രതി—കിടങ്ങൂർപകുതിയിൽ ചെമ്പിളാവുകരയിൽ മറാക്കാട്ടുവീട്ടിൽ ശങ്കരപ്പിള്ള ശങ്കരപ്പിള്ള.

ടി ൧൧-ാംപ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർസംഗതിക്കു ടി പ്രതിക്കു ഈ കോടതിയിൽനിന്നും പലപ്രാവശ്യവും സമൻസയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൧൨൨-മകരമാസം ൧൯-ാംതീയതി പകൽ ൧൧ മണിക്കു ടി പ്രതിയോ അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി തക്കാവല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചിരിക്കേണ്ടതും വീഴ്ച വരുത്തിയാൽ ടി പ്രതിയെ കൂടാതെ അന്യായംതീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨-മകരം ൯-ാംതീയതി

—൦—

## പരസ്യനോട്ടീസ്

സിവിൽനടപടിനിയമത്തിൻെറ
ആഡർ ൨൧—റൂൾ ൬൪.
ആററങ്ങൽ മുൻസിഫ് കോർട്ടിൽ.
൧൦൮-ാമാണ്ട് സി ൧൩൧.
൧൧൨൧-ൽ വിധിനടത്തു
ഹർജിനമ്പർ ൪൬൪.

വാദി—വെട്ടൂർ പകുതിയിൽ നെടുങ്ങണ്ടദേശത്തു വിളഭാഗത്തു നാരുപാളത്തു ബംഗ്ലാവിൽ സി. ജെ. കൃസ്ത്യൻ.

പ്രതികൾ— ൨. ചെറന്നിയൂർ ദേശത്തു ചരുകവിളപുരയിടത്തിൽ വെളുത്ത ചക്കി. ൩. ടിയിൽ വെളുത്ത കോത്തില. ൪. ടിയിൽ നിന്നും കടയ്ക്കാവൂർ ദേശത്തു കരിച്ചിറ പണിതിട്ടപുരയിടത്തിൽ പഴക്ക ചക്കി. ൫. ടിയിൽ പഴക്ക അമ്മ. ൬. ടിയിൽ പഴക്ക ഭവാനി. ൭. ടിയിൽ ചെറന്നിയൂർദേശത്തു ചരുവിള പുരയിടത്തിൽ കൃഷ്ണൻ നാരായണൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വിൽപ്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ട് മകരമാസം ൧൯-ാംനു-യ്ക്കു് അവധിനിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ട ധനുമാസം ൨൯-ാംനു

—൦—

## പരസ്യം

നെടുമങ്ങാട്ട മുൻസിഫ് കോർട്ടിൽ
൧൨൧ സിവിൽ ൪൫൩

വാദി—നെടുമങ്ങാട്ടുപകുതിയിൽ തെക്കാംകരമുറയിൽ മണക്കോട്ടുപുത്തൻവീട്ടമുള്ള വാളിയാമുറിയിൽ ഇടവട്ടത്തുപുത്തൻവീട്ടിൽ പൊന്നമ്മ സരോജിനിഅമ്മ മു. പേർ.

൨-ാംപ്രതി-ഇരണിയിൽപകുതിയിൽ ഇരണിയിൽദേശത്തു മേലെതെരുവിൽ ആറുമുഖംഅമ്മാൾ പെരുമാൾ അമ്മാൾ.

ടി രണ്ടാംപ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ വ്യവഹാരസംഗതിയെപ്പററി രണ്ടാംപ്രതിക്കു വല്ല ആക്ഷേപവും ഉണ്ടെങ്കിൽ വിചാരണദിവസമായ ൧൨൨ മകരം ൧൮-ാം തീയതി പകൽ ൧൧ മണിക്കു ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട കോർട്ടുവക്കീലോ ഈ കോടതിമുമ്പാകെ ഹാജരായി തക്കാം ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെ കൂടാതെ കേസ്സ് തീർച്ചചെയ്യുന്നതാണെന്നുമുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)

൧൨൨-ാമാണ്ട ധനു ൨൯

—൦—

## പരസ്യം

—൦—

കുഴിത്തുറ മു. കോർട്ടിൽ
൧൨൨ സിവിൽ നമ്പർ ൧൦൧

വാദി—പൈങ്കുളംപകുതി പട്ടണംദേശത്ത് കണക്കൻ സുൽത്താൻകുടിയിരിപ്പുവീടുംഉള്ള കല്ലുപ്പടി പുത്തൻവീട്ടിൽ ചെയ്യുമുഹമ്മദ് മുഹമ്മദ്കണ്ണഹാജിയാർ.

പ്രതി—പൈംകുളംപകുതി അംശിദേശത്ത് തെതോട്ടത്തുവീട്ടുംഉള്ള പൈംകുളംദേശത്തു കറിക്കാത്തപുത്തൻബംഗ്ലാവിൽ കണക്ക തമ്പി ചെമ്പകരാമൻ ശങ്കരനാരായണൻ ശിവതാണുവൻതമ്പി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ വാദി അന്യായംബോധിപ്പിച്ചിരിക്കയാൽ അതിനുത്തരംപറയാനായി വിചാരണത്തീയതിയായ ൧൨൨ മകരം ൧൯-ാംനു പകൽ ൧൧ മണിക്കു കോർട്ടുമുമ്പാകെ നിങ്ങളോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ മുഖാന്തിരം ഹാജരായി ബോധിപ്പിക്കാത്തപക്ഷം നിങ്ങളെ കൂടാതെ അന്യായം തീർച്ചചെയ്യുന്നതാണെന്നുള്ള വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
122 ധനു 24. ഹെഡ്ഗുമസ്തം (ഒപ്പ്)

—൦—

## വിധിനടത്തുനോട്ടീസ്

—൦—

ഹരിപ്പാട്ടു മുൻസിഫ് കോർട്ടിൽ
൧൦൮ സി ൨൫൬

കൂട്ടതൽവാദി—ഹരിപ്പാട്ടുപകുതിയിൽ തുലാമ്പറമ്പു നടുവത്തുംമുറിയിൽ അരിവന്നൂർമഠത്തിൽ ശങ്കരനാരായണയ്യർ ഹരിഹരയ്യർ.

പ്രതികൾ—കൂട്ടതൽ ൨—കൃഷ്ണപുരംപകുതിയിൽ ചേരാവള്ളിമുറിയിൽ കോമളത്തുവീട്ടിൽ നാരായണപിള്ള കേശവപിള്ള. ൩. ടിയിൽ ചിന്നമ്മ എന്നുകൂടി പേരുള്ള ലക്ഷ്മിയമ്മ ജാനകിഅമ്മ. ൪. ടിയിൽ ലക്ഷ്മിയമ്മ ചെല്ലമ്മ. ൫. ടിയിൽ ലക്ഷ്മിയമ്മ തങ്കമ്മ. ൬. ടിയിൽ മൈനർ ലക്ഷ്മിയമ്മ ഗൌരിക്കുട്ടിയമ്മ. ൭ ടിയിൽ പാർവ്വതിഅമ്മ മീനാക്ഷിഅമ്മ. ൮. ടിയിൽ പാർവ്വതിഅമ്മ കാർത്യായനിഅമ്മ. ൯. ടിയിൽ മൈനർ പാർവ്വതിഅമ്മ അമ്മുക്കുട്ടിഅമ്മ. ൬-ം ൯-ം പ്രതികളുടെ രക്ഷകർത്താവ് ൧൦-ാംപ്രതി. ൧൦. ടിയിൽ കൊച്ചുകുഞ്ഞമ്മ ലക്ഷ്മിഅമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പരിൽ വിധിസംഖ്യ ൨ മുതൽ ൧൦ വരെ പ്രതികളുടെ സ്വത്തുക്കളിലും ടി പ്രതികളിലും സ്ഥാപിച്ച് വിധിനടത്താൻ അനുവദിച്ചു ഉത്തരവുണ്ടാകണമെന്നു കൂട്ടതൽ വാദി ബോധിപ്പിച്ച ഹർജിയെപ്പററി ആക്ഷേപമുണ്ടെങ്കിൽ ൧൧൨൨-ാമാണ്ട് മകരമാസം ൧൯-ാംതീയതി പകൽ ൧൧ മണിക്ക് ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൫-൬-൧൧൨൨

—൦—

ആററങ്ങൽ മുൻസിപ്പുകോർട്ടിൽ
113 സിവിൽ 608

വാദികൾ.—2. അഴൂർപകുതിയിൽ ടി ദേശത്തു മണലഴികത്തുവീട്ടിൽ കാളി കൊച്ചുമ്മിണി—7

പ്രതികൾ.—1. കീഴ്‌വിലംപകുതിയിൽ ടിദേശത്തു തുണ്ടുവിളാകത്തുവീട്ടിൽ പല്ലൻ ശംകരൻ—2

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ വിധിസംഖ്യയ്ക്കുവേണ്ടി കീഴ്‌വിലംപകുതിയിൽ സർവ്വെ 401-ൽ 25 സെൻറുള്ള കല്ലുവിളപുരയിടവും വൃക്ഷങ്ങളും ടിയിൽ സർവ്വെ 457-ൽ 15 സെൻറുള്ള പുരയിടം ഒന്നും വൃക്ഷങ്ങളും ടിയിൽ സർവ്വെ 458-ൽ 29 സെൻറുള്ള പനമൂട്ടുകണ്ടം തടി ഒന്നു നിലം രണ്ടുപറയും നികത്തി തെങ്ങുവച്ച പുരയിടം ഒന്നും വൃക്ഷങ്ങളും ടിയിൽ സർവ്വെ 516-ൽ 6 സെൻറുള്ള 66-ൽ തടി 1 നിലം ഇടങ്ങഴി നാലു ടിയിൽ സർവ്വെ 456-ൽ 22 സെൻറുള്ള തുണ്ടുവിളാകംപുരയിടം 1-ാ വൃക്ഷങ്ങളും ടിയിൽ സർവ്വെ 537-ൽ 36 സെൻറുള്ള തടി 1 നിലം മൂന്നുപറ ടിയിൽ സർവ്വെ 536 ബി. 8 സെൻറുള്ള വിളവുകണ്ടം തടി 1 നിലം ഇടങ്ങഴി 6 ടിയിൽ സർവ്വെ 473 ഏ 33 സെൻറുള്ളതിൽ തെക്കുരുക് നിലം ഇടങ്ങഴി 9-ം-കൂടി 10736½⅛ പണമായി, 1122 മകരം 19-ാംതീയതി പകൽ ഒന്നരമണിക്കു ഈ കോടതിമുമ്പാകെവച്ചു പരസ്യമായി ലേലത്തിൽ വില്പിക്കപ്പെടുമെന്നുള്ള വിവരം ഇതിനാൽ പരസ്യപ്പെടുത്തുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

—൦—

B. II

## പ്രതിസമൻ

—൦—

കൊല്ലംജില്ലാക്കോർട്ടിൽ
൧൧൨൧ സ്മാൾ ൧൫

വാദി—കൊച്ചീസംസ്ഥാനത്തു കണയന്നൂതാലൂക്ക വെള്ളാറപ്പള്ളിപ്രവർത്തിയിൽ തെക്കുംഭാഗം വില്ലേജ് അകവൂരുമനയ്ക്കൽ ഇരവിവാസുദേവൻനമ്പൂതിരിപ്പാട്ട്

പ്രതികൾ—൩ കൃഷ്ണപുരംപകുതിയിൽ പുള്ളിക്കണക്കുമുറിയിൽ കുമാരീരേത്തുവീട്ടിൽ കുഞ്ഞിപ്പിള്ളജാനകി, ൮ തഴപകുതിയിൽ തെക്കുംമുറി പടിറാക്കരമുറിയിൽ കാട്ടിച്ചേരിൽ കൃഷ്ണൻകുഞ്ഞുപണിക്കർ ൧൫ തൃക്കുന്നവൂർപകുതിയിൽ പ്രാക്കുളത്തുചേരിയിൽ ഏറാത്തുവീട്ടിൽ ഡാക്ടർ എൻ. എൻ. പണിക്കർ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പ്ര സംഗതിക്കു ടി പ്രതികൾക്കു ഈ കോടതിയിൽനിന്നും പല തവണ പ്രാസസ്സ(സമന)യച്ചതില്ല, കൈപ്പററാതെ മടക്കിഅയച്ചുവരുന്നതും ടി നമ്പ്രകേസ്സ് ടി പ്രതികൾ ഹാജരാകാനായി ൧൧൨൨ മകരമാസം ൧൯-ാംനു-യ്ക്കു വിചാരണവച്ചിരിക്കുന്നതുമാകയാൽ അന്നേദിവസംപകൽ പതിനൊന്നുമണിക്കു ടി പ്രതികളോ അവർക്കുവേണ്ടി മുറപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള അഡ്വക്കേററോ ഹാജരായി ഉത്തരംബോധിപ്പിക്കാത്തപക്ഷം ടി നമ്പർ ടി പ്രതികളെ കൂടാതെ തീർച്ചചെയ്യുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

൧൧൨൨ മകരം ൯-ാംനു

—൦—

## വസ്തുഒഴിപ്പിക്കുന്ന സംഗതിക്കു് നോട്ടീസ്

സിവിൽ നടപടിനിയമത്തിൻെറ
ആഡർ ൨൧, റൂൾ ൩൫,
൩൪, ൯൨, ൯൩.
മൂവാററുപുഴ മുൻസിഫ് കോർട്ടിൽ
൧൪-ാമാണ്ട സീ ൧൩൧-ാംനമ്പർ
ആദ്യവ്യവഹാരം.

വാദി:—കൊച്ചി സർക്കാരിൽനിന്നും അധികാരപ്പെടുത്തപ്പെട്ട കാര്യസ്ഥനായ കൊച്ചി ഗവമ്മെണ്ട ചീഫ് സിക്രട്ടറി അവർകൾ.

പ്രതികൾ.—൧. രാമങ്ങലം പകുതി ഏഴക്കരനാട്ടുകരയിൽമുറി മാക്കനാംകുന്നം പാണക്കുന്നേൽ തൊമ്മൻ മകൻ ഓനി എന്നു വിളിക്കുന്ന ഉലഹന്നൻ. ൨. ടിയിൽ മാത്തു കുര്യൻ. ൩. ടിയിൽ മാത്തു തൊമ്മൻ. ൪. ടിയിൽ ഓനൻ എന്നു വിളിക്കുന്ന മൈനർ മാത്തു ഉലഹന്നൻ. ൫. ചെല്ലനാട്ടുപകുതി തിരുവാണിയൂരുകരയിൽ തുകലൻ പൌലൊസ് അവിരാ കൂട്ടതൽ ൬. കോട്ടയം പോലീസ്റ്റേഷൻ ൨൫൯-ാംനമ്പ്ര കാൺസ്റ്റബിൾ രാമങ്ങലംപകുതി ഏഴക്കരനാട്ടുകരയിൽ മനയ്ക്കൽതോട്ടത്തിൽ പാക്കംതെക്കേപ്പുറ ഗോപാലപിള്ള നാരായണപിള്ള. (മൈനർ ൪-ാംപ്രതി രക്ഷകർത്താ. ക്ലാക്ക് വി. സുബ്രഹ്മണ്യപിള്ള.)

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പ്രിൽ ഡിക്രിയിൽകൊണ്ട വസ്തു ഒഴിപ്പിച്ചുകൊടുപ്പിക്കണമെന്നു വാദിദാര അപേക്ഷിച്ചതനുസരിച്ചു ൧൧൨൨-ാമാണ്ട മകരമാസം ൧൯-ാംനു സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചുകൊടുക്കുന്നതിനു ആമ്യന ഉത്തരവു കൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨-മകരം ൨

(നാലാംപേജിൽനിന്നും തുടർച്ച)

ക്രുടിയിട്ടുണ്ട്. പല പ്രാവശ്യങ്ങളിലും പാണിനി ചരകത്തെക്കുറിച്ചു പറയുന്നുണ്ട്. ഈ വിശ്രുതഭിഷഗ്വരന്മാരുടെ മുൻഗാമികളായിത്തന്നെ പല വൈദ്യശാസ്ത്രജ്ഞന്മാരും ജീവിച്ചിരുന്നു. പ്രൊഫസർ ഗോൾഡ് സ്റ്റക്കറിൻെറ അഭിപ്രായപ്രകാരം പാണിനി ക്രിസ്തു ജനിക്കുന്നതിന് ഏഴാം ശതാബ്ദത്തിനോ എട്ടാം ശതാബ്ദത്തിനോ മുമ്പു ജീവിച്ചിരുന്ന ആളായതുകൊണ്ട് അദ്ദേഹത്തിനുമുമ്പുതന്നെ ചരകൻ വലിയനിലയിൽ എത്തിയിരുന്നുവെന്ന് ന്യായാനുസരണം അഭിപ്രായപ്പെടാം.

ബുദ്ധൻെറ കാലത്തിനു വളരെ മുമ്പുതന്നെ ചരകൻ, സുശ്രുതൻ, ഈ രണ്ടാളുകളും ഔന്നത്യം പ്രാപിച്ചിരുന്നുവെന്ന് ഡാക്ടർ റായി എന്ന മഹാൻ വളരെ വ്യക്തമായി കാണിച്ചിട്ടുണ്ട്. (ഡാക്ടർ റായിയുടെ 'ഹിന്ദുരസതന്ത്രശാസ്ത്രചരിത്രം' ൧-ാം വാല്യം നോക്കുക) അഥർവ്വവേദത്തിനും ചരകത്തിനും മദ്ധ്യെ പല നൂറ്റാണ്ടുകളും കടന്നുകൂടിയിട്ടുണ്ട്. ചരകൻെറ കാലത്തും ആയുർവ്വേദത്തെസംബന്ധിച്ച് പ്രമാണഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു. അവയിൽനിന്നും അദ്ദേഹത്തിന് വളരെ സഹായവും ലഭിച്ചിട്ടുണ്ട്. ചരകം സവിസ്തരം പ്രതിപാദിക്കുകയും ആദ്ധ്യാത്മികമായ ഒരുഗതി പ്രദർശിപ്പിക്കുകയും ചെയ്യുന്നു. മുഷിപ്പുവരുത്തുന്നതായ അതിൻെറ ദൈർഘ്യം സുശ്രുതത്തിലെ മഹത്വവും സംക്ഷിപ്തവുമായ ചുരുക്കംകൊണ്ടും ശാസ്ത്രീയമായ കൂടുതൽ വിഷയനിരൂപണംകൊണ്ടും വ്യത്യസ്തമായ ഒരു നിലയിൽ സ്ഥിതിചെയ്യുന്നു. വ്യത്യസ്തമായ മറ്റൊരു സംഗതി, ചരകം ഒരു വൈദ്യപ്രബന്ധമാകുന്നു; നേരേമറിച്ച് സുശ്രുതം ശസ്ത്രക്രിയ അവലംബിച്ചുള്ള ഒരു ഗ്രന്ഥമാണ്. പ്രാണപ്രകൃതിശാസ്ത്ര (physiology) സംബന്ധമായ കൂടുതൽ ഗ്രാഹ്യവും ശസ്ത്രക്രിയാസാമഗ്രികൾകൊണ്ടുള്ള ചെയ്തനയിൽ കൂടുതൽ വൈദഗ്ദ്ധ്യവും സുശ്രുതത്തിലെ ഒടുവിലത്തെ ഭാഗം സൂചിപ്പിക്കുന്നു. എത്രയോ പ്രാചീനകാലത്ത്—മനോഹരമായ ഗ്രീസ്സും, പ്രൌഢിഏറിയ റോമും മാനവസംസ്കാരവളച്ചയിൽ ഗർഭാശയിലെ പിണ്ഡാവസ്ഥയിൽ മാത്രം എത്തിച്ചേർന്നിരുന്ന അക്കാലത്തു—ആധുനികവെള്ളക്കാരുടെ മുത്തച്ഛന്മാർ ഉടുവസ്ത്രംപോലുമില്ലാതെ വെറും കാട്ടാളന്മാരായി ഗുഹകളിലും വനാന്തരങ്ങളിലും മററും അലഞ്ഞുനടന്നുവന്നിരുന്ന അക്കാലത്ത്—വൈദ്യകലയിലും ശസ്ത്രവിദ്യയിലും ഹിന്ദുക്കൾ കാണിച്ച വൈദഗ്ദ്ധ്യം നമ്മെ ആശ്ചര്യഭരിതരാക്കിത്തീർക്കുന്നു. ഹിന്ദുക്കളുടെ സർവ്വാഭിവൃദ്ധിക്കും മൂലകാരണം യവനരുടെ നിറഞ്ഞുപ്രവഹിക്കുന്ന പരിഷ്കാരമാണെന്നു അനുമാനിക്കുന്ന ഹാസ് (Haas) മുതലായ പാശ്ചാത്യപണ്ഡിതന്മാരുടെ ശ്രമം എത്രയാനിഷ്ഫലമാണെന്നു നാം കാണുന്നു. യവനപരിഷ്കാരപ്രാചീനതയും, അതിനോടുഹിന്ദുക്കൾക്കുള്ള സംകല്പിതകടമയും തെളിയിക്കുന്നതിനു ഹൈന്ദവപരിഷ്കാരവിദ്വേഷികൾ അവരുടെ ഉദ്ദേശത്തിനായത്തവണ്ണം ഏറിയനാളായി സപക്ഷമായുപയോഗിച്ചുവന്ന സംഗതികളെ സ്പഷ്ടമായി വെളിപ്പെടുത്തി ബുദ്ധിമാന്മാരെന്നു തന്നത്താനേ അഭിമാനിക്കുന്ന ഈ മൂഢാത്മാക്കളുടെ അഭിപ്രായധോരണികളെ ധ്വംസനംചെയ്ത ഡാക്ടർ റായി എന്ന മഹാൻ നമ്മുടെ കൃതജ്ഞതയ്ക്കു അർഹൻ തന്നെയാണ്.

ചരകൻേറയും സുശ്രുതൻേറയും കാലത്തിനു മദ്ധ്യെ വലിയ ആളുകളുടെ പേരൊന്നും നാം കണ്ടുമുട്ടുന്നില്ലാ. വാഗ്ഭടൻ, പ്രൊഫസ്സർ കന്തിപാറയുംപോലെ, ക്രിസ്തുവിനു മുമ്പ് രണ്ടാംശതാബ്ദത്തിലാണ് ജീവിച്ചിരുന്നതു്. എന്നാൽ ആകാലത്തിനിടയിൽ വൈദ്യവിദ്വൽദീപം പൊലിഞ്ഞിരുന്നുവെന്ന് നാം ശങ്കിക്കരുതു്. പരോപകാരപ്രവൎത്തനങ്ങൾ ബുദ്ധിസ്ററ സന്യാസിമാർ നടത്തിവന്നു. രോഗികളെ രക്ഷിക്കുന്നതിൽ അവർ ശ്രദ്ധപതിച്ചിരുന്നു. കഷ്ടതകൾ അനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസം കൊടുത്തുവന്നു. വിശുദ്ധജീവിതം ഉത്തമാദർശമായി കരുതിവന്നു. സാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിലുമെന്നു മാത്രമല്ല, തെക്കെ ഇൻഡ്യയിലുള്ള സ്വാതന്ത്ര്യരാജ്യങ്ങളിൽപോലും മനുഷ്യനേയും മൃഗങ്ങളേയും ചികിത്സിക്കുന്നതിനു ഏർപ്പാടുകൾ വരുത്തുകയും ആതുരപത്രികൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. പച്ചമരുന്നുകളും മൂലികകളും ഇല്ലാത്തതായ സ്ഥലത്ത് അവ വച്ചുപിടിപ്പിക്കുകയോ, കയററുമതി ചെയ്യുകയോ ആവശ്യാനുസരണം സംഭരിച്ചു കൊടുക്കുകയോ ചെയ്തിരുന്നു. Vincent Smith) അങ്ങിനെ, വൈദ്യവൃത്തിക്ക് വിപുലമായ ഒരു ശക്തി ലഭിക്കുകയും സമുദായനന്മയ്ക്ക് അതു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ആവശ്യമായി കരുതുകയും ചെയ്തു.

വാഗ്ഭടൻെറ 'അഷ്ടാംഗഹൃദയം' ചരകത്തിൻെറയും സുശ്രുതത്തിൻെറയും ഒരു ചുരുക്കമാണ്. ശസ്ത്രക്രിയയിൽ ചില്ലറ മാററങ്ങൾ വരുത്തിയിട്ടുള്ളതൊഴികെ കൂടിയ സംകല്പനാവൈഭവമൊന്നും അദ്ദേഹം പ്രദർശിപ്പിച്ചിട്ടില്ലെന്നു വരികിലും, ഡെക്കാണിൽ അദ്ദേഹത്തെ വലിയ ബഹുമാനത്തോടുകൂടി ആദരിക്കുകയും, ദൈവാനുഭൂതി സിദ്ധിച്ച ഒരു ഗ്രന്ഥകാരനായി കരുതുകയും ചെയ്യുന്നു. ബൌദ്ധതത്വജ്ഞാനികളുടെ 'മഹായാനിക' പരമ്പരയിൽ എത്രയും ഔന്നത്യനിലയിൽ പ്രശോഭിക്കുന്ന നാഗാർജ്ജുനൻ, ലാഡൻെറയും (Lessen) കേണിൻെറയും (Kern) അഭിപ്രായപ്രകാരം ക്രിസ്ത്വാബ്ദം ൧-ാംശതകത്തിലാണ് ജീവിച്ചിരുന്നതു്. അദ്ദേഹത്തെ രസവാദിയായ നാഗാർജ്ജുനനുമായി തെററിദ്ധരിക്കരുതു്. ക്രിസ്ത്വാബ്ദം രണ്ടാം ശതകത്തിൻെറ മദ്ധ്യമാണ് നാഗാർജ്ജുനൻെറ കാലമായി ഡാക്ടർ റായി തീരുമാനിച്ചിട്ടുള്ളതു്. 'മഹായാനിക' കാലത്തെ ഒരു മാതൃകാകൃതിയായ "രസരത്നാകരം" അധികപക്ഷവും ക്രിസ്ത്വാബ്ദം ഏഴാംശതവർഷത്തിലോ എട്ടാം ശതവർഷത്തിലോ എഴുതപ്പെട്ടിട്ടുള്ളതാണ്. ചക്രപാണിദത്തൻ ക്രിസ്ത്വാബ്ദം ൧൦൬൦ നിടയ്ക്കു രചിച്ചിട്ടുള്ള തൻെറ കീർത്തികേട്ട ഗ്രന്ഥം വൃന്ദവിനെ അടിസ്ഥാനപ്പെടുത്തി എഴുതിയിട്ടുള്ളതാണ്. വൃന്ദവാകട്ടെ മാധവകരുടെ നിദാനത്തെ വ്യക്തമായി അനുകരിച്ചു കാണുന്നു. മാധവകരുടെ കാലം ക്രിസ്ത്വാബ്ദം ൮-ാംശതകമാണെന്നു് ഡാക്ടർ റായി അഭിപ്രായപ്പെടുന്നു. ചക്രപാണിയുടെയും, വൃന്ദവിൻെറയും പ്രത്യേകമായ ഒരു വിശേഷം, അവരുടെ മുൻഗാമികൾ മുഖ്യമായുപയോഗിച്ചുവന്ന പച്ചമരുന്നുകൾക്കും ഓരാമൂലികൾക്കും പകരമായി ലോഹനിൎമ്മിതമായ ഔഷധങ്ങളിലാണ് അവരുടെ ശ്രദ്ധ പ



THE MAN
*in*
INDUSTRY

**വിളക്കുന്നവൻ (വെൽഡർ)**

തീയ്യേൽക്കാത്ത തലച്ചട്ടയാലും കൈയ്യുറയാലും, പറക്കുന്ന ചുട്ടുപഴുത്ത അണുക്കളിൽനിന്നും രക്ഷിക്കപ്പെട്ട ഇപ്പോഴത്തെ വിളക്കൽകാരൻ, ലോഹവ്യവസായത്തിലെ ഉല്പാദനങ്ങളെ തുലോം ത്വരിതപ്പെടുത്തുകയും, അധികരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കത്തുന്ന വാതകങ്ങളാലും വൈദ്യുത ആർക്കുകളാലും രസതന്ത്രമാററങ്ങളാലും ഉണ്ടാകുന്ന അസഹനീയമായ ചൂടിൽ അവൻ വെവ്വേറെ ലോഹങ്ങളെ ഉരുക്കി ഒന്നുപോലെ ശക്തിമത്താകത്തക്കവണ്ണം വിളക്കുന്നു. അവൻെറ കരകൌശലം വ്യവസായത്തിന്ന് ഒഴിച്ചുകൂടാത്ത ഒന്നാണ്. പ്രത്യേകിച്ചും, ആകാശവിമാനം, മോട്ടോർകാർ, സൈക്കിൾ എന്നിവയുടെ നിൎമ്മാണകൎമ്മാക്ക് ഇതു വളരെ ആവശ്യമാണ്.

ഇന്ത്യമുഴുവനും നല്ല നിരത്തുകൾ ഉണ്ടാക്കികഴിയുമ്പോൾ കാളവണ്ടി, സൈക്കിൾ, പല്ലക്കുകൾ, എന്നിവക്ക് പകരം മോട്ടോർ ലോറികൾ വരുന്നതാണ്. അപ്പോൾ ഇന്ത്യൻ ഗ്രാമീണജീവിതം വ്യവസായിക പുരോഗമനത്തിനോടൊപ്പം അഭിവൃദ്ധിപ്പെടുകയും, ഭക്ഷ്യപദാൎത്ഥങ്ങളുടേയും, സംസ്കൃത പദാൎത്ഥങ്ങളുടേയും ഉല്പാദനം അധികരിക്കപ്പെടുകയും ചെയ്യും

വിളക്കുന്നവനും, അവൻെറ വ്യവസായവും വാഹനങ്ങളെ നിൎമ്മിക്കും. എന്നാൽ അവയെ ഏററവും അധികം ഉപയോഗപ്പെടുത്തുവാൻ ഇന്ത്യക്ക് നല്ല റോഡുകൾ ആവശ്യമാണ്.

വ്യാവസായിക പുരോഗതിക്ക് ഇന്ത്യക്ക് നല്ല റോഡുകൾ വേണമെന്ന വിശ്വാസത്താൽ ബൎമ്മാ—ഷെൽ പ്രസിദ്ധീകരിക്കുന്നതു്.



BURMAH-SHELL OIL STORAGE AND DISTRIBUTING CO. OF INDIA LTD. (INCORPORATED IN ENGLAND) GA/B5/7

# ഇന്ത്യ ഒരു സോഷ്യലിസ്റ്റ് റിപ്പബ്ളിക്ക് ആകണം

## ശ്രീ. അശോകമേത്ത എറണാകുളത്തുവച്ചു ചെയ്ത ഉൽബോധനം

(സ്വന്തം പ്രതിനിധി)

എറണാകുളം മകരം ൪. ശ്രീ അശോകമേത്തയെ സ്വീകരിക്കുവാൻ ഇന്നലെ വൈകുന്നേരം ഹജ്ജൂർജെട്ടി മൈതാനത്തു വൻപിച്ച ജനാവലി തിങ്ങിക്കൂടിയിരുന്നു. യോഗത്തിൽ ശ്രീ. ആർ. എം. മനയ്ക്കലാത്ത് ആദ്ധ്യക്ഷംവഹിച്ചു. ഏകദേശം പതിനഞ്ചു സംഘടനകൾ ശ്രീ. മേത്തയെ ഹാരമണിയിച്ചു.

ശ്രീ മേത്ത തൻെറ സുദീർഘമായ പ്രസംഗത്തിൽ ഏതാണ്ടിപ്രകാരം പ്രസ്താവിച്ചു. ഇന്ത്യൻ രാഷ്ട്രീയ രംഗത്തിൽ ഇന്നു കാണുന്ന പരിവർത്തനങ്ങൾ വരുത്തുന്നതിനുള്ള പ്രധാനഹേതു ഇന്ത്യൻ നാഷനൽ കോൺഗ്രസ്സാണ്. ചില ചില്ലറ വ്യതിയാനങ്ങളും പരിവർത്തനങ്ങളും വരുത്തുന്നതിനു മാത്രമേ കോൺഗ്ര ആഗ്രഹിച്ചിരുന്നുള്ളു. എന്നാൽ കോൺഗ്രസ്സിൽ പുരോഗമനപരമായ ഒരു ശക്തി വളരുവാൻ തുടങ്ങി. കോൺഗ്രസ്സ് പ്രസിഡൻറായിരുന്ന സർ, ഫിറോസ്ഷാ മേത്ത ഒരു പാർട്ടി, ഒരു നേതാവ്, ഒരു ലക്ഷ്യം എന്ന ആദർശക്കാരനായിരുന്നു. എന്നാൽ ബാലഗംഗാധരതിലകിനെപ്പോലെയുള്ള ആളുകൾ കോൺഗ്രസ്സിനുള്ളിൽ വന്നതോടുകൂടി കുറച്ചുകൂടി പുരോഗമനപരമായി പ്രവർത്തിക്കുവാൻ കോൺഗ്രസ്സ് നിർബ്ബന്ധിതമായി. തൽഫലമായി ശ്രീ, ബാലഗംഗാധരതിലകും, മിസ്സസ്സ് ആനിബസൻറും ഹോംറൂൾലീഗു രൂപീകരിച്ചു. അതിനു ശേഷം ഗാന്ധിജിയുടെ കീഴിൽ കോൺഗ്രസ്സ് പുനഃസംഘടിപ്പിക്കപ്പെടുകയും ഉത്തരവാദഭരണത്തിലേക്കു ത്വരിതഗമനം ചെയ്കയും ചെയ്തു. ശ്രീ. മോട്ടിലാൽനെഹറു സ്വരാജ് പാർട്ടി രൂപവൽക്കരിക്കുകയും നിയമസഭാപ്രവർത്തനവും ഡൊമനിൻ പദവികൊണ്ടും തൃപ്തിയടയാമെന്നു വിചാരിക്കുകയുംചെയ്തു. എന്നാൽ ഇന്ത്യയിലെ യുവജനങ്ങൾ അതിനനുവദിച്ചില്ല. അവർ പരിപൂർണ്ണസ്വാതന്ത്ര്യത്തിലേക്കു കുതിച്ചു കയറുകയും മദ്രാസ്സ് കോൺഗ്രസ് അതംഗീകരിക്കുകയും ചെയ്തു.

സ്വാതന്ത്ര്യത്തിൻെറ രാഷ്ട്രീയ ഉള്ളടക്കത്തെപ്പററി ഇവിടെ അഭിപ്രായവ്യത്യാസമില്ല. വിദേശീയ മേധാവിത്വം അവസാനിപ്പിക്കുകയെന്നുള്ളതാണ് സ്വാതന്ത്ര്യത്തിൻെറ രാഷ്ട്രീയവശം. അതിൽ ഇന്ത്യയിലെ സകല ആളുകളും—മുസ്ലിങ്ങളും, ലീഗും, രാജാക്കന്മാരും—യോജിച്ചിട്ടുണ്ട്. എന്നാൽ സ്വാതന്ത്ര്യത്തിൻെറ സാമുദായികഉള്ളടക്കം എന്തായിരിക്കണം. അതാണ് ഇന്നത്തെ ചിന്താവിഷയം. ഇന്ത്യ ആരാൽ ഭരിക്കപ്പെടുവാൻ പോകുന്നു. അതാണ് ഇന്നത്തെപ്രശ്നം. ഇന്ത്യ ഒരു സോഷ്യലിസ്റ്റ് റിപ്പബ്ളിക്കാകാനാണ പോകുന്നതെങ്കിൽ അതിലഭിപ്രായവ്യത്യാസമില്ല. ഇംഗ്ലണ്ടിൽ ഇന്നു രാജാവുണ്ടെങ്കിൽ അതു ബ്രിട്ടീഷു സാമ്രാജ്യത്വം വച്ചു പുലർത്തിക്കൊണ്ടു പോകുവാനാണ്. വ്യവസ്ഥാപിതഭരണകർത്താവ് വെറും ഒരു ഭൂഷണം മാത്രമാണ്; ആവശ്യമില്ല. ഇന്ത്യയിൽ റിപ്പബ്ളിക്ക സ്ഥാപിക്കുമെങ്കിൽ അതു ഇന്ത്യയിൽ എല്ലായിടത്തും ഉണ്ടായിരിക്കണം. ബ്രിട്ടീഷിന്ത്യയിൽമാത്രം പോരാ. കോൺഗ്രസ്സ് ഇന്നു മുതലാളിത്വത്തെ ഇല്ലാതാക്കുന്നതിനുള്ള പരിപാടി ഒന്നും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് കോൺഗ്രസ്സ് സോഷ്യലിസ്ററ പാർട്ടിയുടെ ഉദ്ദേശം കോൺഗ്രസ്സിനെ മുൻപോട്ടു തള്ളിക്കൊണ്ടുപോയി സാമ്പത്തികസമത്വം സ്ഥാപിക്കുവാനുള്ള പരിപാടികൾകൂടി സ്വീകരിപ്പിക്കുകയെന്നുള്ളതാണ്. അധികാരം കൃഷിക്കാരനും, തൊഴിലാളിക്കുമാണുണ്ടായിരിക്കേണ്ടതു്. അല്ലാതെ ജോലിചെയ്യാതെ വെറുതെ ഇരിക്കുന്ന ഉടമസ്ഥന്മാക്കല്ല, കോൺഗ്രസ്സ് ഇന്നു കരയ്ക്കും വെള്ളത്തിനും മദ്ധ്യേയാണ്. അതുകൊണ്ട് ഭാവി ഇന്ത്യയിൽ രാജാക്കന്മാരും ജെമിന്ദാരന്മാരും പാടില്ലെന്ന് സോഷ്യലിസ്ററുകാർ ആവശ്യപ്പെടുന്നു.



നാട്ടുരാജ്യങ്ങളിലെ കഥ വളരെ പരിതാപകരമാണ്. കാഷ്മീർ, തിരുവിതാംകൂർ, ഹൈദ്രബാദ് മുതലായ നാട്ടുരാജ്യങ്ങളിലെ പൌരസ്വാതന്ത്ര്യമർദ്ദനങ്ങളെപ്പററി നാം അറിഞ്ഞുകൊണ്ടിരിക്കുന്നു. കോൺഗ്രസ്സും നാട്ടുരാജ്യങ്ങളുടെ കാര്യത്തിൽ പറയത്തക്ക ഉത്സാഹം കാണിക്കുന്നില്ല. പണ്ഡിററ് നെഹ്റു കാഷ്മീരിൽനിന്നും മടങ്ങിയതു് കോൺഗ്രസ്സ് പ്രസിഡൻറിൻെറ വാഗ്ദാനത്തെ മാനിച്ചാണ്. എന്നാൽ കോൺഗ്രസ്സ് ഇന്നുവരെയും യാതൊന്നും പ്രവർത്തിച്ചു കാണുന്നില്ല. അനന്തരം അദ്ദേഹം തിരുവിതാംകൂറിലെ സ്ഥിതിഗതികളെപ്പററി വിമർശിച്ചു. ഇന്ത്യയിലൊരിടത്തും ബഹളങ്ങളുണ്ടാക്കുവാൻ കോൺഗ്രസ്സ് ഇപ്പോൾ ഇഷ്ടപ്പെടുന്നില്ല. കോൺസംബ്ളി എങ്ങനെയെങ്കിലും നടത്തിപ്പോകണമെന്ന വിചാരമേ കോൺഗ്രസ്സിനുള്ളു. നാട്ടുരാജാക്കന്മാരോടും മി. ജിന്നായോടുംമൈത്രി സമ്പാദിക്കുവാനാണ് കാൺഗ്രസ്സ് ശ്രമിക്കുന്നതു്.

ബ്രിട്ടീഷുഗവമ്മെൻറ ഇന്ത്യയെ വിഭജിച്ചു ഭരിക്കുവാനാണ ശ്രമിക്കുന്നതു്. ആ ഉദ്ദേശത്തിലാണ സാമുദായികനിയോജകമണ്ഡലങ്ങൾ ഉണ്ടാക്കിയിട്ടുള്ളതു്. കാൺസ്ററിററുവൻറ് അസംബ്ളിയിലേക്കുള്ള തിരഞ്ഞെടുപ്പുപോലും സാമുദായികാടിസ്ഥാനത്തിന്മേലാണ നടത്തിയിട്ടുള്ളതു്. സാമുദായികാടിസ്ഥാനത്തിൽ ഇന്ത്യയെ ഗ്രൂപ്പുകളായി തിരിക്കുന്നതും ആപൽക്കരമാണ്. ഈ ഗ്രൂപ്പിംഗിലും മററുമാണ് സോഷ്യലിസ്ററുകളും കാൺഗ്രസ്സുമായി അഭിപ്രായവ്യത്യാസമുള്ളതു്. നാം ബ്രിട്ടൻെറ സമ്മതത്തിനുവേണ്ടി കാത്തുനില്ക്കാതെ നമ്മുടെ കാൺസ്ററിററുവൻറ് അസംബ്ളിയുടെജോലി പൂർത്തിയാക്കിക്കൊണ്ടു മുമ്പോട്ടു പോകണം. പ്രാവിൻസിലെ മന്ത്രിമാർ ഗവർണ്ണർക്കു കീഴ്പെടേണ്ട ആവശ്യമില്ല. കഴിഞ്ഞകൊല്ലം കടൽ, കര, വിമാനം ഈ സേനാവിഭാഗങ്ങൾ നമ്മുടെകൂടാണെന്നും വ്യക്തമാക്കി. പക്ഷെ ഇന്നു അവർ ഏതുനിലയിലാണിരിക്കുന്നതെന്നു കണ്ടറിയേണ്ടിയിരിക്കുന്നു.

### കമ്മ്യൂണിസ്ററുകളും സോഷ്യലിസ്ററുകളും

കമ്മ്യൂണിസ്ററുകളും സോഷ്യലിസ്ററുകളുമായി എന്താണ വ്യത്യാസമെന്നു പലരും ചോദിക്കാറുണ്ടു്. കമ്യൂണിസ്ററുകളുടെ രാഷ്ട്രീയചിന്താഗതികൾ നിയന്ത്രിക്കപ്പെടുന്നതു് വിദേശരാജ്യമാണ്. അവർ റഷ്യയിലേക്കു നോക്കുന്നു. എന്നാൽ സോഷ്യലിസ്ററുകാരുടെ രാഷ്ട്രീയസംഗതികൾ നിർണ്ണയിക്കപ്പെടുന്നതു് നമ്മുടെ രാജ്യത്തെ ആവശ്യങ്ങൾ അനുസരിച്ചാണ്. ൧൯൩൦-ലും ഈ വ്യത്യാസം കണ്ടിട്ടുണ്ടു്. ൧൯൩൦-ൽ ആദ്യമായി സ്വാതന്ത്ര്യദിനം ഘോഷത്തിൽ ബാംബയിൽ പതാക ഉയർത്തിയപ്പോൾ ദേശീയപതാക പിടിച്ചുമാററുന്നതിനും തൽസ്ഥാനത്തു റഷ്യൻകൊടി ഉയർത്തുവാൻ കമ്യൂണിസ്ററുകൾ ശ്രമിക്കുകയും ഉണ്ടായിട്ടുണ്ടു്. ൧൯൪൨-ലെ സംഗതികൾ നമുക്കെല്ലാവക്കും അറിവുള്ളതാണ്. കമ്യൂണിസ്ററുകാർ വിചാരിക്കുന്നതു് സാധാരണജനങ്ങൾക്കു അവരുടെ കാര്യങ്ങൾ അറിയുവാൻ പാടില്ലെന്നും അതുകൊണ്ടു് അറിവുള്ള ഒരു സ്വേച്ഛാധിപതിയുടെ കീഴിൽ കാര്യങ്ങളെല്ലാം നടത്തണമെന്നുമാണ്. എന്നാൽ സോഷ്യലിസ്ററുകാർ ജനാധിപത്യസിദ്ധാന്തത്തിൽ വിശ്വസിക്കുന്നു. ഒരു പാർട്ടിമാത്രമേ ആവശ്യമുള്ളു എന്നു കമ്യൂണിസ്ററുകാർ വാദിക്കുന്നു. എന്നാൽ ലോകത്തിലെവിടെയും ഒന്നിലധികം പാർട്ടികളുണ്ടു്. ജനഹിതത്തിനനുസരിച്ചു് ഏതു പാർട്ടിയിൽ ചേരണമെന്നു നിശ്ചയിക്കേണ്ടതു ജനങ്ങളാണ്. എല്ലാം അധികാരവും ഉല്പാദനക്കാർക്കാണെന്നാണ് സോഷ്യലിസ്ററുകാരുടെ അഭിപ്രായം. എന്നാൽ എല്ലാം അധികാരവും പാർട്ടിക്കായിരിക്കണമെന്നാണ് കമ്യൂണിസ്ററുകാരുടെ അഭിപ്രായം. ഇന്ത്യൻ നാഷണൽകാൺഗ്രസ്സ് കമ്യൂണിസ്ററുകളെ സംബന്ധിച്ചിടത്തോളം ഒരസംസ്കൃതസംഘടനമാണ്. കമ്യൂണിസ്റ്റാദർശം ഇന്ത്യൻസംസ്കാരത്തോടോ, ആദർശത്തോടോ സാമ്യമുള്ളതല്ല. എന്നാൽ ഇന്ത്യൻ സംസ്കാരത്തിനു യോജിച്ചനിലയിൽ പുരോഗമിക്കണമെന്നാണ് സോഷ്യലിസ്ററുകാർ വിചാരിക്കുന്നതു്. ലോകത്തിൽ അനവധി സംസ്കാരവിശേഷങ്ങൾ ഉണ്ടായിട്ടുണ്ടു്. എന്നാൽ ഭാരതീയസംസ്കാരത്തിനു മാത്രമേ അതിജീവിച്ചു നശിച്ചുപോകാതെയിരിക്കുവാൻ സാധിച്ചിട്ടുള്ളു. നമ്മുടെ വ്യക്തിത്വവും സംസ്കാരവും നശിച്ചുപോകുവാൻ നാം ശ്രമിക്കരുതു്. കമ്യൂണിസ്ററുകാർ നമ്മുടെ സംസ്കാരത്തെ നശിപ്പിക്കുവാൻ ശ്രമിക്കുന്നവരാണ്. മലബാർ ഒരു കമ്യൂണിസ്ററുകേന്ദ്രമാണ്. പല വിദേശീയസംസ്കാരത്തോടും കേരളത്തിനു മല്ലിടേണ്ടിവന്നിട്ടുണ്ടു്; ജയിച്ചിട്ടുമുണ്ടു്. ശങ്കരാചാര്യരെ പ്രസവിച്ച കേരളം കമ്യൂണിസ്ററുകളേയും പ്രതിരോധിക്കുമെന്നു വിശ്വസിക്കുന്നു.

അവസാനമായി അദ്ദേഹം ഫെബ്രുവരി ഒന്നാംതീയതി മലബാർ കൊച്ചി, തമിഴ്നാട് ഈ പ്രദേശങ്ങളിൽനിന്നും തിരുവിതാംകൂറിലേക്കു പോകുന്ന ജാഥയിൽ പങ്കുകൊള്ളുവാൻ കൊച്ചിയിലെ യുവജനങ്ങളോടഭ്യർത്ഥിച്ചു.

—o—

---

തിപ്പിച്ചിരുന്നത്. അക്കാലത്ത്, അമൃതോപമമായ ഒരു ഔഷധത്തെ തേടിപ്പിടിക്കുന്നതിനു ശ്രമിച്ചതിൻെറ ഫലമായി അവക്ക് അമരത്വമാകട്ടെ പുനർജ്ജീവിപ്പിക്കുന്നതിനുള്ള ശക്തിയാകട്ടെ, ലഭിച്ചില്ലെന്നു വരികിലും രസം, ഇരിമ്പ്, ചെമ്പ് മുതലായ ലോഹങ്ങൾ കൊണ്ടുള്ള ഔഷധപ്രയോഗങ്ങൾ ചികിത്സയ്ക്ക് ഉപയോഗപ്രദമെന്നു കണ്ടുപിടിക്കുന്നതിനെങ്കിലും സന്ദർഭം ലഭിച്ചു. History of Hindu bhemistry Vol I Chapter V ) സസ്യവർഗ്ഗത്തിൽനിന്നും തയ്യാറചെയ്യപ്പെടുന്ന മരുന്നുകളുടെ സ്ഥാനത്ത് ലോഹം നിർമ്മിതമായ പുതിയ ഭേഷജങ്ങൾ സ്ഥലം പിടിയ്ക്കുവാൻ തുടങ്ങി. ഇപ്രകാരം ക്രിസ്താബ്ദം പതിനൊന്നും പന്ത്രണ്ടും ശതകങ്ങളിൽ ഹിന്ദുക്കളുടെ വൈദ്യവിഷയത്തിലുള്ള ബോധം അതേകാലത്തു യൂറോപ്പിലുണ്ടായിരുന്നതിനേക്കാൾ വളരെ പുരോഗതിയെ പ്രാപിച്ചിരുന്നു. ഹിന്ദുക്കളുടെ മാനസിക വികാസചരിത്രത്തിൽ ഗുപ്തമായിക്കിടന്ന ഒരു കഥ പര്യേഷണവും പാണ്ഡിത്യവുമാകുന്ന വെളിച്ചംകൊണ്ടു വെളിവാക്കുന്നതിനും പാശ്ചാത്യപ്രണിയികളുടെ പല കെട്ടുകഥകളും സംശയഗ്രസ്തങ്ങളായ പല പ്രസ്താവനകളും അടിച്ചുടയ്ക്കുന്നതിനും, പൌരാണിക ഹൈന്ദവ വിജ്ഞാനഭണ്ഡാഗാരം ജ്ഞാനമാകുന്ന സ്വർണ്ണത്താക്കോൽകൊണ്ടു തുറക്കുന്നതിനും ഡാക്ടർ റായിയെന്ന മഹാനെപ്പോലെ ഉതകിയ മററു യാവരൊരുത്തനുമില്ലതന്നെ.

—o—

## GENERAL KNOWLEDGE QUIZ

(Answers on Page 2)

1. Post Office pillar boxes are said to owe their origin to a distinguished novelist.
   a) Antony Trollope; b Victor Hugo; c) W. M. Thackeray.
2. What is meant by "Erskine May"?
   a) A Treatise on Parliamentry Procedure; b) Nickname of a celebrated Arctic Explorer; c) An Eighteenth Century Novel.
3. Who is now known as the "Father of the House of Commons"?
   a) Mr. Arthur Greenwood; b) Sir Harold Webbe; c) Earl of Winterton.
4. Which city has the largest tuned bell in the world?
   a) London; b) Moscow; c) New York.
5. Who wrote "Victory Over Blindness"?
   a) Sir Arthur Pearson; b) Sir Clutha Mackenzie; c) Charles Morgan.
6. Arditron is the name of a —
   a) Televising apparatus; b) Flash lamp; c) A petroleum process.
7. After London which is the biggest city in England?
   a) Birmingham; b) Manchester c) Leeds.
8. At what rate do normal people blink?
   a once in five seconds; b) 25 times in a minute; c) once in seven seconds
9. In the clockroom of the House of Commons, pink ribbons may be seen hanging from pegs. For what are they used?
   a) For Member's swords, though they don't have any now!; b for tying Member's papers; c, for traditional ceremonial occasions.
10. What is Globalingo?
    a) An African town; b) Americanised name for Basic England; c) A ballet-skating revue.
11. What European animals commit mass suicide every few years?
    a) Reindeers; b) Bears; c) Lemmings
12. The earliest known instance of an automatic slot machine — "a sacrificial Vessel which flowed only when money was introduced" — was invented—
    a) in 100 B. C by Hero, the Mathematician; b) in 3,500 B. C. in Mohenjo Darc; c) in 2,000 B. C. in Ninevah.
13. The only animal that can transmit influenza to humans is —
    a) Ferret; b) Chimpanzee; c) Dog.
14. The world's greatest ship-building centre is —
    a) Belfast; b) Newport News; c) The Clyde.

—o—

സ്തോത്രരത്നാകരം

വില രൂ—1· ണ—8·

ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.

(പന്ത്രണ്ടാംപേജിൽനിന്നും തുടർച്ച)
ടിത്തട്ടിൽ തലചരിച്ച് ചിന്തിച്ച് ജീവിതത്തിൻെറ നല്ല പങ്കുചിലവാക്കി. ഈ പ്രകൃതിമനോഹരമായ ഭൂപ്രദേശം അദ്ദേഹം അത്യധികം ഇഷ്ടപ്പെട്ടു. അദ്ദേഹത്തിൻെറ നിർബ്ബന്ധബുദ്ധിയാണ് ആ ജീവിതത്തെ പരാജയത്തിലേക്ക് പിടിച്ചുതള്ളിയതു്. അദ്ദേഹം ഒരൊററശ്രമം നടത്തും. ആ ശ്രമം പരിപൂർണ്ണവിജയമായിരിക്കണം. ആ പരിശ്രമത്തിൽ പരീക്ഷണത്തിനു് സ്ഥാനമില്ലായിരുന്നു. ജീവിതത്തിൽ പരീക്ഷണത്തിനു് സമയമില്ലെന്നദ്ദേഹം പലപ്പോഴും പറയാറുണ്ട്. ഈ ചിന്താഗതിയാണ് അദ്ദേഹത്തെ പരാജിതനാക്കിയതു്.'—ചന്ദ്രൻ പറഞ്ഞുനിറുത്തി. ഞങ്ങൾ പടികൾകയറി കുന്നിൻപരപ്പിലേക്കു് വീണ്ടും നടന്നു.

ഏതാണ്ട് നാലഞ്ചു് ഏക്കർ വിസ്തീർണ്ണതയുള്ള കുന്നിൻപരപ്പാണതു്. കൃഷിയൊന്നും ചെയ്തിട്ടുള്ള പ്രദേശമല്ല. വൃക്ഷങ്ങളും വൻചെടികളും കുററിക്കാടും കൊണ്ട് അവിടം പൊതിഞ്ഞിരിക്കുന്നു.

'ഇതാണ് ആ പഴയക്ഷേത്രം നിന്നിരുന്ന സ്ഥലം.'' മുമ്പോട്ടു കൈചൂണ്ടിക്കൊണ്ട് ചന്ദ്രൻ പറഞ്ഞു. ഇടിഞ്ഞുപൊളിഞ്ഞുനില്ക്കുന്ന മതിൽക്കെട്ടുകൾ. ഇടിഞ്ഞുനിരന്ന കൽത്തറ. തലപോയപ്രതിമകൾ. മുഖത്തിൻെറ ആകൃതി തേഞ്ഞുമാഞ്ഞ ബിംബങ്ങൾ. വീണുകിടക്കുന്ന കൽവിളക്കുകൾ. കൽത്തറകളുടെ വിടവുകളിൽ പിണഞ്ഞുപിരിഞ്ഞു വേരുകളൂന്നിനില്ക്കുന്ന പാഴ്ചെടികൾ—എന്തിനധികം അവിടം കഴിഞ്ഞുപോയപ്രതാപകാലങ്ങളുടെ ഒരു ശ്മശാനംപോലെ എനിക്കു തോന്നി. എവിടെ നോക്കിയാലും അവശിഷ്ടങ്ങൾ കഴിഞ്ഞകാലങ്ങളുടെ മാഞ്ഞുതീരാത്ത അവശിഷ്ടങ്ങൾ; മൺമറഞ്ഞ സംസ്കാരസങ്കേതത്തിൻെറ ശവകുടീരം!

പൂത്തു തളിർത്തു നിൽക്കുന്ന വേലിപ്പരുത്തിച്ചെടികൾതള്ളിമാററി ഞങ്ങൾ പൊളിഞ്ഞുപോയ ആ ക്ഷേത്രമണ്ഡപത്തറയിൽ കയറിനിന്നു. അതിൻെറ മദ്ധ്യത്തിലായി ഉയർത്തിക്കെട്ടിയ ഒരു തറയുണ്ട്. അതിൽ പകുതിപൊട്ടിയ ഒരു ബിംബം ഒരു കല്ലിൽ ചാരിവച്ചിരിക്കുന്നു. അതിൻെറ അടുത്തു് ഒരു കൽവിളക്കു്, അതിൽ പകുതിയെരിഞ്ഞുകെട്ട ഒരു കരിംതിരി.

'ഇവിടെ വിളക്കുവയ്ക്കാറുണ്ടോ?'—ഞാൻ ആശ്ചര്യത്തോടെ ചന്ദ്രനോടു ചോദിച്ചു.

'ചിലപ്പോഴൊക്കെ!'—ചന്ദ്രൻ മറുപടി പറഞ്ഞു.

'ഇന്നാട്ടുകാർ അത്രയുമെങ്കിലും മറക്കാത്തതു നല്ലതുതന്നെ.'

ഒരുകാര്യം അവർ പറയാറുണ്ട്. തിരി നിന്നു കത്തുകയില്ലെന്നു്. അതിനുമുമ്പ് അതു അണഞ്ഞുപോകും. അതേ അണച്ചുകളയുംപോലും!'

'അണച്ചുകളയുമോ?'

'അതേ!'

ഞങ്ങൾ മണ്ഡപത്തറയിൽ നിന്നിറങ്ങി പടിഞ്ഞാറോട്ടു നടന്നു. അവിടെ ഒരു ആൽത്തറയുണ്ട്. ആൽത്തറയിൽ അധികം പാഴ്ചെടികൾ പടർന്നുകയറിയിട്ടില്ല.

'അദ്ദേഹം ഇവിടെ ഇരുന്നാണ് ചിന്തിക്കാറുണ്ടായിരുന്നതു്. അദ്ദേഹം സ്വന്തം ഗ്രന്ഥം ഇവിടെവച്ചാണ് രചിച്ചുതീർത്തതു്. അന്നു ഒരു സായാഹ്നത്തിൽ അദ്ദേഹം എന്നോടു പറഞ്ഞു. 'അനിയാ! ഞാൻ പരാജിതനായി. എൻെറ ജീവിതലക്ഷ്യം തകർന്നു. ഇനി എനിക്കു് അധികദിവസങ്ങളില്ല ഒരു പുതിയ ശ്രമത്തിനു്. എൻെറ തെററു് എനിക്കു ബോദ്ധ്യമായി. അതു തിരുത്തിത്തീർക്കുവാൻ എനിക്കിനി സമയമില്ല. പരീക്ഷണമില്ലാതെ പരിപൂർണ്ണതയിലേക്ക് കുതിച്ചുപൊങ്ങാൻ ആർക്കും ആവില്ല. നിങ്ങൾക്കെങ്കിലും ഇതു് ഒരു പാഠമായിത്തീരട്ടെ!—' അന്നു് അദ്ദേഹത്തിൻെറ മുഖം—പരാജയത്തിൻെറ കരിനിഴൽ തട്ടുത്തുകൂടി നിന്നിരുന്ന ആ മുഖം...അതൊന്നു ഓർത്തുനോക്കു. അദ്ദേഹം ഒരു കടലാസുകെട്ട് എൻെറ കയ്യിൽ തന്നു. 'സ്നേഹിതാ! ഇതാ എൻെറ പരാജയപ്രബന്ധം. എനിക്കിനി അധികദിവസങ്ങളില്ല. ഇന്നല്ലെങ്കിൽ നാളെ ഞാൻ തകർന്നുപോകും. ഈ അവശിഷ്ടങ്ങളുടെ ഇടയിൽ ആ ആലയിൽ എന്നെ മറവുചെയ്യേക്കണെ. ആ പരാജയപ്രബന്ധവും അതിൽ നിക്ഷേപിച്ചേക്കണെ. എൻെറ ശ്രമങ്ങൾ—അതു് ആരും അറിയണ്ട.—' അദ്ദേഹം കുനിഞ്ഞിരുന്നു കരഞ്ഞു. ആത്മാർത്ഥതയുടെ കണ്ണുനീരായിരുന്നു അന്നു് ഈ വെളിമണ്ണിൽ പതിച്ചതു്. വിജയത്തിൻെറ ചെങ്കൊടി പ്രതീക്ഷിച്ചിരുന്നിടത്തു പരാജയത്തിൻെറ കരിങ്കൊടിയാണ് കാണപ്പെട്ടതു്. ആരുടെ ഹൃദയമാണ് അതിൽ തകരാത്തതു്.

'അഞ്ചാംദിവസം അദ്ദേഹം മരിച്ചു; ഈ ആൽത്തറയിൽകിടന്നു്. അപ്പോഴും ഈ മന്ദമാരുതൻ വീശിക്കാണും. ഇവിട്ടത്തെ കാട്ടുപക്ഷികൾ ദയനീയമായി നിലവിളിച്ചിരിക്കും. ഈ ആലിലത്തുമ്പിൽനിന്നുവീണ ജലബിന്ദുക്കളായിരുന്നിരിക്കും അദ്ദേഹത്തിൻെറ അധരങ്ങൾ അവസാനമായിനനച്ചതു്—' ചന്ദ്രൻെറ കണ്ഠം ഇടറി. അദ്ദേഹം ആശിച്ചിരുന്ന സ്ഥലത്തു് ഞങ്ങൾ ആ മൃതദേഹം മറവുചെയ്തു. വരു! അവിടം ഒന്നു കാണാം.'

ഞങ്ങൾ എഴുന്നേററു. വിറയ്ക്കുന്ന കാലുകളോടെ തുടിക്കുന്ന ഹൃദയത്തോടെ ഞാൻ ചന്ദ്രനെ പിൻതുടർന്നു.

'അതാ! അതാണു ആ സ്ഥലം!—' ചന്ദ്രൻ ഇളകിക്കിടന്നിരുന്ന കുറെ ചുവന്ന മണ്ണു ചൂണ്ടിക്കൊണ്ടു പറഞ്ഞു.

നേരം സന്ധ്യയായിക്കഴിഞ്ഞിരുന്നു. ഞങ്ങൾ ആ സ്ഥലംവിട്ടു മടക്കയാത്രയ്ക്കൊരുങ്ങി. 'അദ്ദേഹം ഇവിടെ കിടന്നു മരിച്ചശേഷം ഇന്നാട്ടുകാർ ഇവിടെ വരാറില്ല. അവർക്കു ചില അന്ധവിശ്വാസങ്ങളുണ്ട്. വഴിപാടിനു് ഇവിടെ തിരിവയ്ക്കാൻ വരുന്നവർ സന്ധ്യയ്ക്കുമുമ്പു തിരിച്ചുപോകും. തിരിവച്ചാൽ അതു നിന്നു കത്തുകയില്ല. അദ്ദേഹം ഇവിടെക്കിടന്നു മരിച്ചതിനുശേഷം മാത്രമാണിതു്. ഞാൻ ഒരു തിരികൊണ്ടുവന്നിട്ടുണ്ട്. അതൊന്നുകൊളുത്തിയിട്ടുപോകാം. ചന്ദ്രൻ മണ്ഡപത്തറയിൽക്കയറി തിരികൊളുത്തി. ഞങ്ങൾ അവിടെനിന്നു ഇറങ്ങി കുന്നിൻചരുവിലേക്കു നടന്നു. 'ആ തിരി ഇപ്പോൾ കെട്ടും. അതു് നിന്നുകത്തുകയില്ല. 'അദ്ദേഹം ഇപ്പോഴും ഇവിടെ നടക്കാറുണ്ട്. അദ്ദേഹത്തിൻെറ കാലൊച്ച പലരും കേട്ടിട്ടുണ്ട്. പരാജയത്തിൻെറസങ്കേതമാണിവിടമെന്നാണ് ജനങ്ങളുടെ വിശ്വാസം. രാത്രിയിൽ ഇവിടെ ആരും വരാറില്ല.'

ഞങ്ങൾ കുന്നിൻചരുവിലേക്കു് ഇറങ്ങിത്തുടങ്ങി. ഞാൻ അറിയാതെ പുറകോട്ടുനോക്കി. ആ എരിഞ്ഞുകൊണ്ടിരുന്ന തിരി ആരോ കെടുത്തിയതുപോലെ അണഞ്ഞതു ഞാൻ കണ്ടു്.

(സർവ്വാവകാശവും കാഥികനു്.)

## നിങ്ങളുടെ വിശ്വസ്തഭൃത്യൻ



അതിരാവിലെ ചായകുടി ശീലിച്ചവർക്കു് ഒരു വലിയ അനുഗ്രഹംതന്നെയായിരിക്കും ലണ്ടനിൽ റീജൻറ്സ്ട്രീററിൽ ''എംപയർ ററീ ബ്യൂറോ''യുടെ ആഭിമുഖ്യത്തിൽ നടന്ന പ്രദർശനത്തിലെ ഒരു പ്രദർശനവസ്തുവായ മേൽ കാണിച്ചിരിക്കുന്ന കണ്ടുപിടുത്തം. നിശ്ചിതസമയത്തു ചായ തയാറാക്കുകയും, ദീപം കൊളുത്തുകയും, സ്നേഹപൂർവ്വം നിങ്ങളെ ഉണർത്തുന്നതിനു അലാറം അടിക്കുകയും ചെയ്യുന്ന ഒരു അത്ഭുതയന്ത്രമാണ് അതു്.

## അടിമകൾ

കുടമാളൂർ, കെ. സി. കേശവൻനായർ. ബി. ഏ.

(കൊയ്ത്തുപാട്ട്)

അടിമക,ളടിമക,ളന്യദിനമപരൻെറ
യടിയിണ പണിയുന്നോരടിമകൾ നാം!
കടൽതാണ്ടിക്കരയേറി, കപടത്തിൽവലവീശി,
നെട്ടനീളം വാണിജ്യ സുഷമപൂശി;
അതിഥിയ്ക്കുങ്ങഖിലവു മകമഴിഞ്ഞരുളീട്ടു,
മൂഷിനാടിൻ സുകൃതപ്പൂന്തണലു പൂകി;
കുരുമുളകിൻമരതകവും കുലവിരിയും തെങ്ങുകളും,
വരിവരിയായ് കണ്ടു കൊതിപെരുകി;
കതിർചൊരിയും കാഞ്ചനവും, കരാകവരും ചന്ദനവും,
മതിതെളിയെക്കണ്ടു കൊതിപെരുകി;
ഒരുവീട്ടിലെ വരുപോലെ യൊരുമിച്ചുകഴിയുന്നോ-
രൊരുധന്യജനനിതൻ തനയർപോലെ,
അപശബ്ദം കലരാതെ, യപമാനം പിണയാതെ,
യപരൻെറ തിരുമുൻപിൽ തലതാഴ്ത്താതെ,
അനഘസാഹോദര്യ മധുരിമയാസ്വാദി-
ച്ചനുദിനംമരുവിന നമ്മെയെല്ലാം,
അവ,രയ്യോ—മറുനാടൻ മനുജന്മാരിതുമട്ടി-
ലവസരംനോക്കി ച്ചതിച്ചുവല്ലോ!
ജനനിയാമാർഷഭൂ വടിമത്തഗർത്തത്തി-
ലടിപെട്ടുപോയല്ലോ കൂട്ടുകാരെ!
അതിദിവ്യം നമ്മൾതൻ പ്രാചീനസംസ്കാരം
ഗതിയററുവീണല്ലോ, കൂട്ടുകാരെ!
സഹജനു സഹജൻെറ തലകൊയ്യാനവരന്നു
ച്ചുണയോടെ തുണയായി നിന്നുവെങ്കിൽ,
അതിനെന്തേ; യടിമത്ത മടിമത്തം നമ്മൾക്കി,
ന്നതിരാരുജയകും ഭാരമായി!
അനുവാദ,മവകാശ, മധികാര മീമട്ടിൽ
അനുനിമിഷം ഭരണത്തിൻ കോട്ടപൊങ്ങി!


## തൂലിക

തെരുവത്ത് രാമൻ

പൂവിൻെറ സൌന്ദര്യവും, പാലൊളിനിലാവിൻെറ
പാവനലാവണ്യവും കീർത്തിച്ചുപാടിപ്പാടി
മന്നിടമേതൊന്നവ്യ വിണ്ടല മാണെന്നോതി
വർണ്ണിയ്ക്കും മഹാകവേ, നീയൊന്നു ചുററുംനോക്കു:
ഉണ്ണാനുമുടുക്കാനും മില്ലാതെ നരകിയ്ക്കു-
മെണ്ണിയാലൊടുങ്ങാത്ത ശവങ്ങളല്ലേകാൺമൂ!
ദാരിദ്ര്യച്ചുളിവീണ നെററിയു, മൊരുതുള്ളി,
ച്ചോരയില്ലാത്തോരധരങ്ങളും, നേത്രങ്ങളും,
കേവലമെല്ലുന്തിയ മാത്തട്ടു,—മയ്യോ കഷ്ട-
മാവെറും വൈരൂപ്യമല്ലാതെ യെന്തുള്ളു വേറെ
—നീ മിഴി തുറന്നൊന്നു നോക്കുക,കവേ,—നിൻെറ
തൂചരാക്ഷിയ്ക്കും ചന്ദ്രമുഖിയ്ക്കും—ദയനീയം!...
ഊണിനുവേണ്ടിക്കേഴ മനുജത്തിയെപ്പൂന്തേൻ-
വാണിയെന്നോതും നിൻെറ വിഡ്ഢിത്തം പൊറുക്കാമോ?
നിന്നിലിന്നോളും ധന്യതൂലിക പാടാനുള്ള
പെൺപോടക്കുഴലല്ല, മേലിലതനുവേലം
ഉലകിൽക്കാണും നാനാഘോരമാമധർമ്മത്തിൻ
തലകൊയ്യുവാനുള്ള വാളാണ മഹാകവേ!

—:*:—

രണപടഹം രണപടഹം, സ്വാതന്ത്ര്യലക്ഷ്മിക്കു
മണിസദനം നിർമ്മിക്കാൻ കാലമായി!
കുലമെന്നും മതമെന്നും നിറമെന്നും പേർചൊല്ലി
ക്കലഹിപ്പാൻതുനിയൊല്ലേ, സഹജന്മാരെ.
അടിമത്തമടിമത്തം, ചുട്ടരക്താംചിന്താതെ
പടപൊരുതിനീക്കുകി യടിമത്തം നാം







മുകളിൽ—മി: ഫ്രാങ്ക് ആൻറണി എം. എൽ. ഏ. (കേന്ദ്രം) ആംഗ്ലോ ഇൻഡ്യന്മാരുടെ പ്രതിനിധിയായി മി. ആൻറണി കോൺസ്റ്റിററ്യുവൻറ് അസംബ്ലിയിലേയ്ക്കു കോൺഗ്രസ്സ് ടിക്കററിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതാണ്.

താഴെ—ലാഹൂറിൽ ഒരു ഉജ്ജ്വലസ്വീകരണം നൽകപ്പെട്ട കോൺഗ്രസ്സ് സോഷ്യലിസ്റ്റ് നേതാവായ മി. ജയപ്രകാശനാരായൻ തൻെറ ആരാധകന്മാൎക്ക് 'കയ്യൊപ്പുകൾ' നൽകുന്നതാണ് ചിത്രം.

മുകളിൽ—രാഷ്ട്രപതി ആചാര്യകൃപലാനിയുടെ പത്നി ശ്രീമതി സുചേതാകൃപലാനി. കിഴക്കേബംഗാളിൽ ഇവർ ഈയിടെ ഗാന്ധിജിയെ സന്ദർശിച്ച് സൃഷ്ടിപരപ്രവർത്തനങ്ങളെപ്പററി സംഭാഷണം നടത്തിയിരുന്നു.

താഴെ യു. എൻ. ഒ.-യിൽ ഇന്ത്യൻവാദം വിജയകരമായി പൂർത്തിയാക്കിയശേഷം കൽക്കട്ടയിൽ വിമാനമാർഗ്ഗം തിരിച്ചെത്തിയ ശ്രീമതി വിജയലക്ഷ്മിപണ്ഡിററിനെ സഹോദരനായ പണ്ഡിതജവഹരിലാൽനെഹ്റു വിമാനത്താവളത്തിൽവച്ച് ആശ്ലേഷിക്കുന്നതാണ് ചിത്രം.


## ഇൻഡ്യയുടെയും ബർമ്മായുടെയും പ്രധാനമന്ത്രിമാർ



ബർമ്മാമന്ത്രിസഭാവൈസ്പ്രസിഡൻറ് ജനറൽ ആങ്ങ്സാൻ ഇംഗ്ലണ്ടിലേക്കുള്ളയാത്രാമദ്ധ്യേ ഇൻഡ്യ സന്ദർശിച്ച അവസരത്തിൽ ഇൻഡ്യൻമന്ത്രിസഭാ വൈസ്പ്രസിഡൻറ് പണ്ഡിതജവഹരിലാൽനെഹ്റുവുമായി സംഭാഷണങ്ങൾ നടക്കുകയുണ്ടായി.



കോൺഗ്രസ്സ്പ്രവർത്തകസമിതിഅംഗമായ ഫക്രുദീൻഅഹമ്മദ്.



(രണ്ടാംപേജിൽ നിന്നും തുടർച്ച)

മരങ്ങളുടെ വേരും മലവെള്ളത്തിൻെറ പതനവുംമൂലം കല്പടികൾ മാറി മറിഞ്ഞ് വികൃതമായിത്തീർന്നിരിക്കുന്നു. കഴിഞ്ഞുപോയ പ്രതാപകാലത്തിൻെറ മായാത്ത ചിഹ്നങ്ങളായി അവ ഇന്ന് നിലനില്ക്കുന്നു.

തഴച്ചുവളൎന്ന പാഴ്ച്ചെടികളുടെ ശിഖരങ്ങൾ തള്ളിമാറി, ഞങ്ങൾ ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന പടികൾ ഇറങ്ങിത്തുടങ്ങി. ഒലിച്ചു വീഴുന്ന വെള്ളത്തിൻെറ ശബ്ദം കൂടുതൽ കൂടുതൽ വ്യക്തമായിത്തുടങ്ങി. പടിയെല്ലാം ഇറങ്ങിയപ്പോൾ ആ കുളത്തിൻെറ കരയിൽ ഞങ്ങൾ ചെന്നെത്തി.

“ഇതാണ് ആ കുളം!”—ചന്ദ്രൻ തിരിഞ്ഞുനിന്ന് എന്നോടു പറഞ്ഞു. “ഒരിക്കലും വററാത്ത ഉറവയാണ്. അദ്ദേഹം പ്രഭാതത്തിലും പ്രദോഷത്തിലും ഇവിടെയാണ് കുളിക്കാറ് പതിവ്.’

ഇടുങ്ങിയിരിക്കുന്ന രണ്ടുമൂന്നു ഉരുളൻ പാറകളുടെ ഇടയിൽനിന്ന് തെളിഞ്ഞു സ്ഫടികനിർമ്മലമായ വെള്ളം ഊറി ആ കുളത്തിലേക്കു വീഴുന്നു. കുളത്തിൻെറ പടികളും ഭിത്തികളും എല്ലാം ഇടിഞ്ഞു പൊളിഞ്ഞു കിടക്കുകയാണ്. പായൽ പിടിച്ചു പച്ചിച്ച ഭിത്തികളുടെ വിടവുകളിൽ അരയാൽത്തൈകളും മരവാഴത്തൈകളും വേരുറപ്പിച്ചു തുടങ്ങിയിട്ടുണ്ട്. നീർച്ചെടികളുടെ ഇലകൾകൊണ്ട് പൊതിഞ്ഞ വെള്ളപ്പരപ്പ്.

“ഇന്ന് അദ്ദേഹം ഇവിടെ താമസിക്കുമ്പോൾ ഈ കുളം എങ്ങിനെ കിടന്നതാണ്. ഇന്ന് ഇവിടം കുന്നാലിപ്പിള്ളേരുടെ കളിക്കളം ആണ് ഇതു.”—ചന്ദ്രൻ എന്നോടു പറഞ്ഞു.

വിജനതയിൽ വിലയം കൊള്ളുന്ന ആ കുളം വാനരന്മാരുടെ പരിചാരത്വമൊത്ത് കഴിഞ്ഞകാലങ്ങളെപ്പററി മൗനസംഭാഷണം നടത്തുന്നതുപോലെ എനിക്കു തോന്നി. നീണ്ടു നിവർന്നു നില്ക്കുന്ന വൃക്ഷങ്ങളും അവയിൽ കെട്ടിപ്പിരിഞ്ഞു പടൎന്നു കിടക്കുന്ന വമ്പിച്ച വള്ളിച്ചെടികളും കാററത്തട്ടി ശാന്തഗംഭീരമായി മൂളുന്നുണ്ട്. എന്തിനധികം; അവിടെ വിജനതയുടെ വിളയാട്ടം വ്യക്തമാണ്.

‘അദ്ദേഹം ഒരു മഹാപണ്ഡിതനായിരുന്നു. വിശേഷാത്തരമായ ഒരു മഹാഗ്രന്ഥം—ഒരു കലാസൃഷ്ടി—സൃഷ്ടിച്ചെടുക്കുവാൻവേണ്ടി ഗ്രന്ഥതല്ലജങ്ങൾ അദ്ദേഹം വായിച്ചുതീർത്തു. ഏകാന്തതയിൽ പ്രകൃതിയുടെ മ

(ശേഷം പതിനൊന്നാംപേജിൽ)

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.